# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജൂലൈ 2015 വാല്യം 42 ലക്കം 4 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


# അരുവിക്കര തെരഞ്ഞെടുപ്പുഫലം നൽകുന്ന അപായ സൂചനയെന്ത്?

**ഇക്കഴിഞ്ഞ ജൂൺ 27ന് നടന്ന അരുവിക്കര ഉപതെരഞ്ഞെടുപ്പിന്റെ ഫലം 30ന് പ്രഖ്യാപിച്ചു. പതിനായിരത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിൽ യുഡിഎഫ് സ്ഥാനാർത്ഥി ജയിക്കുകയും എൽഡിഎഫ് രണ്ടാം സ്ഥാനത്ത് വരികയും ബിജെപി മുപ്പത്തിനാലായിരത്തിലധികം വോട്ടുപിടിക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും അവജ്ഞാപാത്രമായ സർക്കാരിനെ നയിക്കുന്ന യുഡിഎഫ് മുന്നണി ജയിച്ചുവരാൻ ഒരു സാധ്യതയുമില്ല എന്ന് പൊതുവെ വിലയിരുത്തപ്പെട്ടിരുന്നു. ഫലം നേർവിപരീതമായിരുന്നു. എങ്കിലും ഉമ്മൻചാണ്ടി സർക്കാർ തുടരുന്ന അഴിമതിക്കും ജനദ്രോഹനയങ്ങൾക്കുമുള്ള അംഗീകാരമായി തെരഞ്ഞെടുപ്പ് ഫലത്തെ ഒരു തരത്തിലും വിലയിരുത്തേണ്ടതില്ല. യുഡിഎഫ് സർക്കാരിന്റെ അധാർമ്മികതക്കും ജനവിരുദ്ധതക്കുമെതിരെയുള്ള തത്വാധിഷ്ഠിതവും വിശ്വസനീയവുമായ രാഷ്ട്രീയനേതൃത്വമായി ജനങ്ങൾ എൽഡിഎഫിനെ കാണുന്നില്ല എന്നതിന്റെ പ്രഖ്യാപനമാണ് ഈ തെരഞ്ഞെടുപ്പ് ഫലം. എന്നാൽ ഇടതുനേതൃത്വത്തിന് അത് തിരിച്ചറയാനും കഴിയുന്നില്ല. യുഡിഎഫ് എന്തുകൊണ്ട് ജയിച്ചു എന്നത് വസ്തുനിഷ്ഠമായി പരിശോധിക്കാൻ പ്രതിപക്ഷസ്ഥാനം അലങ്കരിക്കുന്ന ഇടതുമുന്നണിക്ക് കഴിയുന്നില്ല എന്നതാണ് തെരഞ്ഞെടുപ്പ് ഫലത്തെക്കാൾ ആശങ്കയുണർത്തുന്ന സാഹചര്യം.**

**അ**ഴിമതിയും ജനദ്രോഹനയങ്ങളും വഴി സർവ്വാർത്ഥത്തിലും ജനങ്ങളുടെ കുമിഞ്ഞുകൂടിയ വെറുപ്പിനും രോഷത്തിനും ഇരയായിട്ടുള്ള യുഡിഎഫ് സർക്കാർ അവതരിപ്പിക്കുന്ന പ്രതിനിധി ജയിച്ചുവരാൻ പ്രതികൂലമായ ഘടകങ്ങൾ നിരവധിയായിരുന്നു. സർക്കാരിന്റെ കാർമ്മികത്വത്തിൽ നടക്കുന്ന അഴിമതിയെ സംബന്ധിക്കുന്ന പുതിയ വെളിപ്പെടുത്തലുകൾ തെരഞ്ഞെടുപ്പ് പ്രചാരണവേളയിലും പുറത്തുവന്നുകൊണ്ടേയിരുന്നു. വിലക്കയറ്റവും ചാർജ്ജ് വർദ്ധനവുകളും ജനങ്ങളെ അക്ഷരാർത്ഥത്തിൽ ശ്വാസം മുട്ടിക്കുകയാണ്. സ്കൂൾ തുറന്നിട്ട് മാസം ഒന്ന് പിന്നിട്ടിട്ടും പാഠപുസ്തകം ലഭിച്ചിരുന്നില്ല. (ഇപ്പോഴും ലഭിച്ചിട്ടില്ല) തെരഞ്ഞെടുപ്പിന് ഏതാനും ആഴ്ചകൾക്ക് മുമ്പ് പ്രഖ്യാപിക്കപ്പെട്ട എസ്.എസ്.എൽ.സി ഫലം കൂട്ടക്കുഴപ്പങ്ങൾക്ക് ഇടവരുത്തിയതിലൂടെ സർക്കാർ പിടിപ്പുകേടിന്റെയും ഉത്തരവാദിത്വരാഹിത്യത്തിന്റെയും പ്രതീകമായി ഒന്നുകൂടി ഉറപ്പിക്കപ്പെട്ടിരുന്നു. കെ.എസ്.ആർ.ടി.സി തൊഴിലാളികൾക്ക് പെൻഷൻ മുടങ്ങിയിട്ട് മാസങ്ങളായി. റബർ മേഖലയിലെ പ്രതിസന്ധിയെത്തുടർന്ന് കർഷകർക്കും തൊഴിലാളികൾക്കും ഉണ്ടായ ജീവിതക്ലേശങ്ങൾ പരിഹരിക്കാൻ വെറും പ്രഖ്യാപനങ്ങളല്ലാതെ സർക്കാരിന്റെ ഭാഗത്തുനിന്ന് യാതൊരു നടപടിയും ഉണ്ടായില്ല. റബർ ഉൽപ്പാദന മേഖല അരുവിക്കര മണ്ഡലത്തിൽ

*(ശേഷം 8–ാം പേജിൽ)*

## എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന

**വ്യാപം(വ്യാവസായിക് പരീക്ഷാ മണ്ഡൽ അഥവ മദ്ധ്യപ്രദേശ് പ്രൊഫഷണൽ എക്സാമിനേഷൻ ബോർഡ്) അഴിമതിയിൽ എസ്‌യുസിഐ(സി) കടുത്ത ഉത്കണ്ഠ രേഖപ്പെടുത്തുകയും സുപ്രീംകോടതിയുടെ മേൽനോട്ടത്തിലുള്ള സിബിഐ അന്വേഷണം ആവശ്യപ്പെടുകയും ചെയ്യുന്നു.**

മെഡിക്കൽ എൻട്രൻസ്, പോലീസ് കോൺസ്റ്റബിൾ, അദ്ധ്യാപകർ, ബാങ്ക് ഉദ്യോഗസ്ഥർ എന്നിവരെ തെരഞ്ഞെടുക്കുവാനുള്ള യോഗ്യതാപരീക്ഷകൾക്കായി, 2007–ൽ മദ്ധ്യപ്രദേശിൽ നടന്ന വ്യാപം അഴിമതിക്കേസുമായി ബന്ധപ്പെട്ട 46 ഓളം പേർ ഒന്നിനുപുറകെ ഒന്നായി ദുരുഹസാഹചര്യത്തിൽ മരിക്കാനിടയായത് ദേശീയതലത്തിൽതന്നെ കോളിളക്കമുണ്ടാക്കിയിരിക്കുകയാണ്. മദ്ധ്യപ്രദേശിലെ ബിജെപി മുഖ്യമന്ത്രി, ഭരണകക്ഷി നേതാക്കൾ, ആർഎസ്എസ് നേതാക്കൾ, പരീക്ഷാബോർഡിലെ ഉദ്യോഗസ്ഥ പ്രമാണിമാർ, ഗവർണറുടെ ഓഫീസ് എന്നിവർ ശുപാർശ ചെയ്തവരോ അവരുടെ ബന്ധുക്കളോ ആണ് മരിച്ചത്. മുതലാളിത്ത ഇന്ത്യയിലെ സമാനതകളില്ലാത്ത കുറ്റകൃത്യമാണ് നടന്നിരിക്കുന്നത്. ലക്ഷക്കണക്കിന് കോടി

*(ശേഷം 2–ാം പേജിൽ)*

# മോദിയുടെ കോർപ്പറേറ്റ്–അനുകൂല, വർഗ്ഗീയ നയങ്ങൾക്കും സംസ്ഥാനത്തെ ജനദ്രോഹ–അഴിമതി ഭരണത്തിനുമെതിരെ ഇടതുപക്ഷ ഐക്യമുന്നണി സമരപ്രഖ്യാപന കൺവൻഷൻ

**ഇടതുപക്ഷ ഐക്യമുന്നണി(എൽയുഎഫ്) ജൂൺ 21ന് കോഴിക്കോട് ടൗൺ ഹാളിൽ സംസ്ഥാന സമരപ്രഖ്യാപന കൺവൻഷൻ സംഘടിപ്പിച്ചു. കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നും മുതിർന്ന സംഘാടകർ പങ്കെടുത്ത കൺവൻഷന്റെ അദ്ധ്യക്ഷൻ മുന്നണി ചെയർമാൻ സഖാവ് കെ.എസ്. ഹരിഹരനായിരുന്നു. കേരളത്തിലെ ഇടതുപക്ഷ വിശ്വാസികളിലാകെ പ്രതീക്ഷയുണർത്താൻ ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൂടെ മുന്നണിക്കുകഴിഞ്ഞെന്ന് അഭിമാനപൂർവ്വം ചെയർമാൻ പ്രഖ്യാപിച്ചു. പല വിഷയങ്ങളിലും വ്യത്യസ്ത അഭിപ്രായങ്ങൾ വച്ചുപുലർത്തുമ്പോഴും ഒരു പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ സുദൃഢമായ ഐക്യം ഊട്ടിയുറപ്പിച്ചുകൊണ്ട് പ്രവർത്തിക്കാൻ മുന്നണിയിലെ ഘടകകക്ഷികളായ ആർഎംപി, എസ്‌യുസിഐ(സി), എംസിപിഐ(യു) എന്നീ പാർട്ടികൾക്കായി. യഥാർത്ഥ ഇടതുപക്ഷ കാഴ്ചപ്പാടോടെ സമരോത്സുകമായ ജനമുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകാൻ മുന്നണിയെ സജ്ജമാക്കുന്ന പ്രവർത്തനങ്ങളിൽ വ്യാപൃതരാകാൻ ചെയർമാൻ പ്രതിനിധികളോടഭ്യർത്ഥിച്ചു.**

**ക**ൺവൻഷൻ ഉദ്ഘാടനം ചെയ്തത് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ. ലൂക്കോസാണ്. ഇടതുപക്ഷ ഐക്യമുന്നണി തെരഞ്ഞെടുപ്പ് നേട്ടങ്ങൾ മുൻനിർത്തി തട്ടിക്കൂട്ടിയ മുന്നണിയല്ലെന്ന് ആമുഖമായിത്തന്നെ അദ്ദേഹം ചൂണ്ടിക്കാണിച്ചു. കേന്ദ്രത്തിലെ നരേന്ദ്രമോദി ഗവൺമെന്റ് കൈക്കൊള്ളുന്ന നയങ്ങൾ സമ്പൂർണ്ണമായും കുത്തകകളുടെ താല്പര്യം മുറുകെപ്പിടിച്ചുകൊണ്ടുള്ളതാണ്. ജനജീവിതത്തിന്റെ നാനാതുറകളിൽ ഇത് ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. അതോടൊപ്പം വർഗ്ഗീയ സ്പർദ്ധ വളർത്തി ജനങ്ങളുടെ ഐക്യം തകർക്കാനുള്ള പദ്ധതികളും ചിട്ടയായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ജനങ്ങളുടെ യോജിച്ച ചെറുത്തുനില്പ് ഒഴിവാക്കിയെടുത്ത് മുതലാളിത്ത




എൽയുഎഫ് സംസ്ഥാന കൺവൻഷൻ എസ്‌യുസിഐ(സി) കേന്ദ്രക്കമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു

വാഴ്ച സുഗമമാക്കാനുള്ള ഹീനതന്ത്രമാണിത്. ഇടതു–ജനാധിപത്യ–മതേതര ശക്തികളുടെ യോജിച്ച മുന്നേറ്റമാണ് കാലഘട്ടം ആവശ്യപ്പെടുന്നത്.

കേരളത്തിൽ നടക്കുന്നത് ജനദ്രോഹവും അഴിമതിയും സമന്വയിപ്പിച്ച ദുർഭരണമാണ്. ഇതിന് അറുതിവരുത്താൻപോന്ന വമ്പിച്ച പ്രക്ഷോഭങ്ങൾക്കാണ് സംസ്ഥാനം സാക്ഷ്യം വഹിക്കേണ്ടത്. എന്നാൽ, സിപിഐ(എം) നേതൃത്വം നൽകുന്ന കേരളത്തിലെ പ്രതിപക്ഷം ഭരണവർഗ്ഗ നയങ്ങളോട് ആഭിമുഖ്യം പുലർത്തുന്നതിനാൽ ഈ നയങ്ങൾക്കെതിരായ സമരങ്ങൾ വളർത്തിയെടുക്കാൻ തയ്യാറല്ല. അഴിമതിയുൾപ്പെടെ എല്ലാ തിന്മകളിലും പങ്കാളികളായിക്കഴിഞ്ഞിരിക്കുന്ന ഇക്കൂട്ടരുടെ ധാർമിക നട്ടെല്ല് തകർന്നുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ ഭരണപക്ഷത്തോട് ജനങ്ങളിൽ വളർന്നുവരുന്ന രോഷത്തെ വോട്ടാക്കിമാറ്റി ഭരണംപിടിക്കാനുള്ള ചെപ്പടിവിദ്യകളിൽ അഭിരമിക്കുക എന്ന ഗതികേടിലേയ്ക്ക് അവർ കൂപ്പുകുത്തിയിരിക്കുന്നു. ഇടതുപക്ഷ വിശ്വാസികളിൽ ഇത് നിരാശ പടർത്തുകയാണ്. വമ്പിച്ച സമരങ്ങളുടെ ചരിത്രം പേറുന്ന, ഇടതുപക്ഷീയതയ്ക്ക് ശക്തമായ വേരോട്ടമുള്ള ഒരു നാടിന്റെ ഈ ദുസ്ഥിതിയാണ് ഇടതുപക്ഷ ഐക്യമുന്നണിയുടെ രൂപീകരണം അനിവാര്യമാക്കിയതെന്ന് സഖാവ് ലൂക്കോസ് ചൂണ്ടിക്കാണിച്ചു. യഥാർത്ഥ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ പതാകയേന്തി വൻപിച്ച ജനപങ്കാളിത്തത്തോടെയുള്ള സമരങ്ങൾ വളർത്തിയെടുത്തുകൊണ്ട് ഈ ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. നാടിന്റെ ഭാവി ഈ സമരങ്ങളെ ആശ്രയിച്ചിരിക്കുന്നു. രാജ്യത്തിനാകെ മാതൃകയാകാൻപോന്ന ഒരു രാഷ്ട്രീയ–സാംസ്കാരിക മുന്നേറ്റത്തിന്റെ സംഘാടനമെന്ന ഭാരിച്ച ഉത്തരവാദിത്വമാണ് ഇടതുപക്ഷ ഐക്യമുന്നണിയിൽ അർപ്പിതമായിരിക്കുന്നത് എന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് സഖാവ് ലൂക്കോസ് കൺവൻഷൻ ഉദ്ഘാടനം ചെയ്തത്.

2014 മാർച്ച് 14ന് രൂപംകൊണ്ട മുന്നണിയുടെ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ ഹ്രസ്വമായ റിപ്പോർട്ട് മുന്നണി കൺവീനർ സഖാവ് വി.വേണുഗോപാൽ അവതരിപ്പിച്ചു.

*(ശേഷം 2–ാം പേജിൽ)*

# ഇടതുപക്ഷ ഐക്യമുന്നണി സംസ്ഥാന കൺവൻഷൻ

(1-ാം പേജിൽ നിന്ന്)

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 17 മണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളെ അണിനിരത്തി ശ്രദ്ധേയമായ മൽസരം കാഴ്ചവച്ചുകൊണ്ടാണ് മുന്നണി കേരളത്തിൽ പ്രവർത്തനം ആരംഭിച്ചത്. പിറന്നുവീണയുടനെ മുന്നണിക്ക് ഏറ്റെടുക്കേണ്ടിവന്നത് ഈ വലിയ വെല്ലുവിളിയാണ്. ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ കരുത്ത് വിളിച്ചോതുംവിധം ആ ഉത്തരവാദിത്വം നിറവേറ്റാൻ നമുക്കായി. തുടർന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധ നയങ്ങൾക്കും നടപടികൾക്കും എതിരെ മുന്നണി നടത്തിയ സമരങ്ങളുടെയും പ്രചാരണപ്രവർത്തനങ്ങളുടെയും ഒരു ഏകദേശ ചിത്രം അവതരിപ്പിക്കപ്പെട്ടു. ഒന്നു രണ്ട് ജില്ലകളൊഴികെ മറ്റെല്ലാ ജില്ലകളിലും മുന്നണിയുടെ കൺവൻഷനുകൾ വിളിച്ചുചേർക്കാനും ജില്ലാതല സംഘടന രൂപപ്പെടുത്താനും കഴിഞ്ഞത് നിസ്സാര നേട്ടമല്ല. പരസ്പര ബഹുമാനത്തിന്റെയും കർത്തവ്യബോധത്തിന്റെയും അടിത്തറയിൽ ഹൃദയംഗമമായ ബന്ധം വളർത്തിയെടുത്തുകൊണ്ട് മുന്നേറാൻ കഴിയുന്നു എന്നത് കേരളത്തിന്റെ രാഷ്ട്രീയ ഭാവിയെ സംബന്ധിച്ചിടത്തോളം ഏറെ ആശാവഹമാണ് എന്ന വസ്തുതയും റിപ്പോർട്ട് അടിവരയിട്ടു. ശക്തമായ സമരങ്ങൾക്ക് നേതൃത്വം നൽകാനുള്ള സംഘടനാബലവും ആന്തരികമായ കരുത്തും ഇത് പ്രദാനം ചെയ്യും. വൻതോതിൽ ബഹുജനങ്ങളെ ആകർഷിക്കാനും അവരെ സമരപാതയിൽ അണിനിരത്താനും ആഹ്വാനം ചെയ്തുകൊണ്ടാണ് റിപ്പോർട്ട് ഉപസംഹരിച്ചത്.

തുടർന്ന് എംസിപിഐ(യു) കേന്ദ്രകമ്മിറ്റി അംഗവും സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ സഖാവ് കെ.ആർ.സദാനന്ദൻ സമരപ്രഖ്യാപന പ്രമേയം അവതരിപ്പിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വ്യത്യസ്ത ജീവിത മേഖലകളിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ ഹ്രസ്വമായി പ്രമേയത്തിൽ അവതരിപ്പിച്ചു. അഴിമതിയും ജനദ്രോഹവും മുഖമുദ്രയാക്കിയ കോൺഗ്രസ് ഭരണത്തിനെതിരായ ജനവികാരം മുതലാക്കി നിലവിൽവന്ന മോദിവാഴ്ച അടിമുടി കോർപ്പറേറ്റുകൾക്കുവേണ്ടിയുള്ളതാണെന്ന് മോദിയെ വാഴ്ത്തിയ മാദ്ധ്യമങ്ങൾ തന്നെ സമ്മതിച്ചിരിക്കുന്നു. ഒരു വർഷംകൊണ്ട് ഗൗതം അദാനിയുടെ ആസ്തി 19000 കോടി രൂപ വർദ്ധിച്ചു. ലോകമാകെ പര്യടനം നടത്തി കുത്തകകൾക്കുവേണ്ടി കരാർ ഉറപ്പിക്കുന്ന ദല്ലാളാണിന്ന് മോദി. ഭൂമി പിടിച്ചെടുക്കൽ ഓർഡിനൻസ്, ദിനംപ്രതി കുത്തകകൾക്ക് നൽകുന്ന 170 കോടിയോളം വരുന്ന നികുതിയിളവുകൾ, ബഹുരാഷ്ട്ര മരുന്നുകമ്പനികൾക്കുവേണ്ടി 617 മരുന്നുകളുടെ വില ഭീമമായി വർദ്ധിപ്പിച്ചത്, ഔഷധങ്ങൾക്കുമേലുള്ള സർക്കാർ നിയന്ത്രണം പിൻവലിച്ചത് തുടങ്ങി അനേകം നടപടികളാണ് കുത്തകകൾക്കുവേണ്ടി കൈക്കൊള്ളുന്നത്. പ്രീമിയം ട്രെയിനുകളുടെ എണ്ണം വർദ്ധപ്പിച്ചും തത്ക്കാൽ ടിക്കറ്റുമാത്രം അനുവദിക്കുന്ന സുവിധ ട്രെയിനുകൾ നടപ്പിലാക്കിയും യാത്രക്കൂലി പത്തുമടങ്ങുവരെ വർദ്ധിപ്പിച്ചും റെയിൽവെ കുത്തിക്കവർച്ച തുടരുകയാണ്. മറുവശത്ത്, തൊഴിൽനിയമ ഭേദഗതിയിലൂടെ തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരുന്ന അടിസ്ഥാന അവകാശങ്ങൾപോലും കവർന്നെടുക്കുകയും ചെയ്യുന്നു. സംസ്ഥാനത്താകട്ടെ, പൊതുവിതരണ സംവിധാനം താറുമാറായി. വൈദ്യുതിചാർജ്ജ്-ബസ് ചാർജ്ജ്-നികുതി വർദ്ധനവുകൾ ജനങ്ങളെ പിഴിഞ്ഞൂറ്റുന്നു. വിദ്യാഭ്യാസരംഗം കുത്തഴിഞ്ഞ് കിടക്കുന്നു.സർക്കാരാശുപത്രികൾ അനാഥമാണ്. ഭൂമി തട്ടിപ്പും സോളാർ ഇടപാടും നഴ്സിംഗ് റിക്രൂട്ട്മെന്റും ബാർ കോഴയും മാത്രമല്ല പാഠപുസ്തക അച്ചടിവരെ അഴിമതിയുടെ കൂത്തരങ്ങാണ്.

നരേന്ദ്രമോദിയുടെ കോർപ്പറേറ്റ് അനുകൂല നയങ്ങൾക്കും വർഗ്ഗീയ പ്രീണനത്തിനും സംസ്ഥാനത്തെ ജനദ്രോഹവും അഴിമതിയും നിറഞ്ഞ ദുർഭരണത്തിനുമെതിരെ ശക്തമായ പ്രക്ഷോഭത്തിന് ആഹ്വാനം ചെയ്യുന്നതായിരുന്നു സമര പഖ്യാപന പ്രമേയം. സെപ്തംബർ 16ന് ആയിരക്കണക്കിന് ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് സെക്രട്ടേറിയറ്റ് മാർച്ച് നടത്താനും അതിന്റെ പ്രചരണാർത്ഥം എല്ലാ ജില്ലകളിലും വ്യാപകമായ പ്രചാരണപ്രവർത്തനങ്ങൾ നടത്താനുമുള്ള നിർദ്ദേശം പ്രമേയം മുന്നോട്ടുവച്ചു. പ്രമേയം വിശദമായ ചർച്ചയ്ക്ക് വിധേയമായി. ഘടകകക്ഷി നേതാക്കളായ സഖാക്കൾ എൻ.വേണു, ടി.എൽ.സന്തോഷ്, മുരളീധരൻ, ജി.എസ്.പത്മകുമാർ, ജയ്സൺ ജോസഫ്, ഷൈല കെ.ജോൺ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ജനങ്ങൾ അനുഭവിക്കുന്ന ജീവിതപ്രശ്നങ്ങൾ അടിവരയിട്ടു പറയുന്ന ഡിമാന്റുകൾക്ക് കൺവൻഷൻ രൂപം നൽകി.

1. കേന്ദ്ര സർക്കാരിന്റെ ഭൂമി പിടിച്ചെടുക്കൽ ഓർഡിനൻസ് പിൻവലിക്കുക.
2. കാർഷിക മേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുക. കാർഷിക സബ്സിഡികൾ പുനഃസ്ഥാപിക്കുക.
3. തൊഴിലവകാശങ്ങൾ കവർന്നെടുക്കുന്ന തൊഴിൽ നിയമ ഭേദഗതികൾ പിൻവലിക്കുക. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും തൊഴിലവകാശങ്ങളും പ്രതിമാസം 15,000 രൂപ മിനിമം കൂലിയും ഉറപ്പാക്കുക.
4. പ്രതിരോധം, ഇൻഷൂറൻസ് തുടങ്ങിയ മേഖലകളിൽ 100% വിദേശ നിക്ഷേപം അനുവദിക്കാനുള്ള തീരുമാനം പിൻവലിക്കുക.
5. റെയിൽവെ സ്വകാര്യവൽക്കരണവും അതിഭീമമായ ചാർജ്ജ് വർദ്ധനവുകളും പിൻവലിക്കുക.
6. മത്സ്യബന്ധന മേഖലയെ തകർക്കുന്ന മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായും പിൻവലിക്കുക. ആഴക്കടൽ മത്സ്യബന്ധനത്തിൽ വിദേശ കപ്പലുകളെ നിയന്ത്രിക്കുക.
7. അഴിമതി തടയാൻ സമഗ്ര നിയമം ആവിഷ്കരിക്കുക. പൊതുമുതൽ കൊള്ളയടിക്കുന്ന അധോലോക-മാഫിയ സംഘങ്ങളെ തുറുങ്കിലടക്കുക.
8. സർക്കാർ ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയമിക്കുക. അടിസ്ഥാന ചികിത്സ-പരിശോധന സംവിധാനങ്ങൾ ഏർപ്പെടുത്തുക.
9. പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കുന്ന നടപടികളിൽനിന്ന് സർക്കാർ പിൻതിരിയുക.
10. പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുക.
11. റോഡ് സ്വകാര്യവൽക്കരണ നടപടികൾ അവസാനിപ്പിക്കുക.

കേന്ദ്രത്തിലും സംസ്ഥാനത്തും ഭരണത്തിലേറുന്ന മുന്നണികൾ ഒരേ മുതലാളിത്ത നയങ്ങൾ തന്നെ നടപ്പിലാക്കുകയും ജനങ്ങളുടെ വെറുപ്പിന് പാത്രമാകുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ ഈ ജനരോഷത്തിന് ശക്തമായ പ്രക്ഷോഭത്തിന്റെ രൂപം നൽകാൻ പ്രതിപക്ഷം തയ്യാറാകാതിരിക്കുകയും ജനവികാരം മുതലെടുത്ത് അധികാരത്തിലേക്കുള്ള പാത സുഗമമാക്കുകയും ചെയ്യുന്നതിനാൽ ജനങ്ങളുടെ ജീവിതദുരിതങ്ങൾക്ക് ഒരു പരിഹാരമുണ്ടാകുന്നില്ല. ജനവിരുദ്ധരായ മുന്നണികൾ മാറിമാറി അധികാരം കയ്യാളി മുതലാളിവർഗ്ഗത്തിന് യാതൊരു കോട്ടവും തട്ടാത്തവിധം ഭരണം മുന്നോട്ടുകൊണ്ടുപോകുകയും ജനങ്ങൾ കബളിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഈ വഞ്ചന തുറന്നുകാണിച്ച് ജനങ്ങളെ രാഷ്ട്രീയ പ്രബുദ്ധരാക്കേണ്ടത് ജനങ്ങളോട് കൂറുപുലർത്തുന്ന ഏതൊരു പ്രസ്ഥാനത്തിന്റെയും ഉത്തരവാദിത്വമാണ്. മുന്നണി ഭരണങ്ങൾക്കിടയിൽപ്പെട്ട് ഞെരുങ്ങി നിരാശരായി, നിഷ്ക്രിയരായിരിക്കാതെ രാഷ്ട്രീയ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടുവരാനും സ്വന്തം ഭാഗധേയം നിർണ്ണയിക്കാൻ കഴിയുംവിധം ജനങ്ങളുടെ ബദൽ അധികാരശക്തി പടുത്തുയർത്താൻ ഉതകുന്നതരത്തിൽ രാഷ്ട്രീയമായും സംഘടനാപരമായും കരുത്താർജ്ജിക്കാനുംകഴിയേണ്ടതാണ്.ഇതിന് ജനങ്ങളെ തയ്യാറെടുപ്പിക്കുന്നതാകണം യഥാർത്ഥ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പ്രവർത്തനപദ്ധതി. ഇടതുപക്ഷ ഐക്യമുന്നണി ഈ ദിശയിലുള്ള മുന്നേറ്റമാണ് വിഭാവന ചെയ്യുന്നത്, സെപ്തംബർ 16ന് നടക്കുന്ന സെക്രട്ടേറിയറ്റ് മാർച്ചും അനുബന്ധ സമരപരിപാടികളും ഈ ദിശയിലുള്ള ചുവടുവയ്പുകളാണ്. ഇത് വൻവിജയമാക്കാനും മുന്നണിയുടെ സമര-പ്രചാരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും ഏവരോടും അഭ്യർത്ഥിക്കുന്നു. ●

## ഇടതുപക്ഷ ഐക്യമുന്നണി തൃശൂർ ജില്ലാകൺവൻഷൻ

രാഷ്ട്രീയത്തിൽ പുതിയ മൂല്യബോധങ്ങൾ ഉയർന്ന് വരണമെന്നും നരേന്ദ്രമോദിയുടെ ഒരു വർഷത്തെ ഭരണം കോർപ്പറേറ്റ് ദാസ്യത്തിന്റേതാണെന്നും യുപിഎ യെ കടത്തിവെട്ടുന്ന ജനവിരുദ്ധ നിലപാടുകളാണ് മോദിയും പിൻതുടരുന്നതെന്നും അതിനാൽ തൊഴിലാളികളുടെ അവകാശങ്ങൾക്കായി ശക്തമായ പ്രക്ഷോഭണം ഉയർന്നുവരണമെന്നും ഇടതുപക്ഷ ഐക്യമുന്നണി തൃശൂർ ജില്ലാ കൺവൻഷൻ ജൂൺ 22 ന് സാഹിത്യ അക്കാദമി ഹാളിൽ ഉൽഘാടനം ചെയ്തുകൊണ്ട് ആർഎംപി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് കെ.കെ.രമ അഭിപ്രായപ്പെട്ടു.

അഴിമതിക്കെതിരെ ശക്തമായ നിയമനിർമ്മാണം വേണമെന്നും ജനദ്രോഹ നയങ്ങൾക്ക് അറുതിവരുത്തണമെന്നും ആവശ്യപ്പെട്ട് എൽയുഎഫ് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള സെക്രട്ടറിയേറ്റ് മാർച്ച് വിജയിപ്പിക്കുവാൻ കൺവെഷൻ തീരുമാനിച്ചു. സുവിധ, പ്രീമിയം ട്രെയിനുകളും തൽക്കാൽ നിരക്കുകളും വഴി യാത്രക്കാരെ കൊള്ളയടിക്കുന്ന റെയിൽവേയുടെ നടപടി അവസാനിപ്പിക്കണമെന്ന് കൺവൻഷൻ ആവശ്യപ്പെട്ടു.

ആർഎംപി സംസ്ഥാന ചെയർമാൻ സഖാവ് ടി.എൽ സന്തോഷ് അദ്ധ്യക്ഷനായിരുന്ന കൺവൻഷനിൽ എൽയുഎഫ് സംസ്ഥാന ചെയർമാൻ സഖാവ് കെ.എസ്. ഹരിഹരൻ, കൺവീനർ ഡോ.വി.വേണുഗോപാൽ, വൈസ്പ്രസിഡന്റ് സഖാവ് കെ.ആർ. സദാനന്ദൻ എന്നിവരും, ആർഎംപി ജില്ലാ സെക്രട്ടറി സഖാവ് പി.ജെ.മോൻസി, എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ടി.കെ.സുധീർകുമാർ, എംസിപിഐ(യു) ജില്ലാ സെക്രട്ടറി സഖാവ് പി.ആർ.സിദ്ധാർത്ഥൻ, എസ്യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാസെക്രട്ടറി ഡോ.പി.എസ്. ബാബു എന്നിവർ പ്രസംഗിച്ചു. സഖാക്കൾ പി.ജെ.മോൻസി (പ്രസിഡന്റ്), ഡോ.പി.എസ്. ബാബു (സെക്രട്ടറി), പി.ആർ.സിദ്ധാർത്ഥൻ (വൈസ് പ്രസിഡന്റ്) എന്നിവരടങ്ങുന്ന 12 അംഗ എൽയുഎഫ് ജില്ലാക്കമ്മിറ്റിയെ യോഗം തെരഞ്ഞെടുത്തു. ●




ഇടതുപക്ഷ ഐക്യമുന്നണി തൃശൂർ ജില്ലാ കൺവൻഷൻ ആർഎംപി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് കെ.കെ.രമ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ സഖാക്കൾ കെ.ആർ. സദാനന്ദൻ, ടി.എൽ.സന്തോഷ്, വി.വേണുഗോപാൽ, കെ.എസ്.ഹരിഹരൻ തുടങ്ങിയവർ.

## വ്യാപം അഴിമതിയും ദുരൂഹമരണങ്ങളും

(1-ാം പേജിൽ നിന്ന്)

രൂപയുടെ 2 ജി സ്പെക്ട്രം, കൽക്കരി കുംഭകോണങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ 2000 കോടി രൂപയുടെ തിരിമറി നടന്നിട്ടുള്ളതായി കരുതുന്ന ഈ അഴിമതി നിസ്സാരമാണ്. എന്നാൽ, മേൽപ്പറഞ്ഞ വമ്പൻ അഴിമതികളിലൊന്നും കാണാത്ത തരത്തിൽ കേസ്സുമായി ബന്ധപ്പെട്ടവരുടെ ദുരൂഹമരണം ഈ കുറ്റകൃത്യത്തിന്റെ ആഴവും ഗുരുതരാവസ്ഥയും വ്യക്തമാക്കുന്നു. കുറ്റാരോപിതരുടെയും സാക്ഷികളുടെയും അന്വേഷണ ഉദ്യോഗസ്ഥരുടെയും ദുരൂഹസാഹചര്യത്തിലുള്ള തുടർമരണങ്ങൾ, കുറ്റകൃത്യം തെളിയിക്കുവാനും കുറ്റവാളികളെ തുറന്നുകാട്ടുവാനും ശ്രമിക്കുന്നവരെ ഉന്മൂലനം ചെയ്യുവാനായി സ്വാധീന ശക്തിയുള്ള വ്യക്തികളും മാഫിയ സംഘങ്ങളും കൂടി നടത്തിയ ഗൂഢാലോചന വെളിച്ചത്തുകൊണ്ടുവരുന്നു. കേന്ദ്ര-ആഭ്യന്തര മന്ത്രി ഇതിനെ “നിസ്സാരകാര്യം” എന്നുപറഞ്ഞ് തള്ളിക്കളയുന്നത് ഏറെ ഉത്കണ്ഠയുണ്ടാക്കുന്നതാണ്. മദ്ധ്യപ്രദേശ് മുഖ്യമന്ത്രിയും മറ്റ് ഉന്നതരായ ബിജെപി നേതാക്കളും “ജനിച്ചവരെല്ലാം ഒരിക്കൽ മരിക്കും” എന്നുപറഞ്ഞ് ഇതിനെ നിസ്സാരവൽക്കരിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ഈ ഭീകരമായ കുറ്റകൃത്യത്തിൽ നമ്മൾ ഏറെ ഉത്ക്കണ്ഠാകുലരാണ്. അതോടൊപ്പംതന്നെ, മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ, പോലീസ് മേധാവികൾ തുടങ്ങിയവരുടെ മൗനാനുവാദമില്ലാതെ ഇത്തരം സംഭവങ്ങൾ നടക്കില്ല എന്നാണ് നമ്മുടെ ഉറച്ച അഭിപ്രായം.

ഈ സംഭവം മൂടിവയ്ക്കാൻ ഭരണത്തിലുള്ള ബിജെപി നേതാക്കൾ നടത്തുന്ന ശ്രമങ്ങളും പ്രധാനമന്ത്രിയുടെ കുറ്റകരമായ മൗനവും കുറ്റവാളികളെ രക്ഷിക്കുവാനുള്ള ശ്രമങ്ങളായേ കരുതാനാവൂ. ജീർണ്ണിച്ചതും പിന്തിരിപ്പനും അഴിമതി നിറഞ്ഞതുമായ മുതലാളിത്ത വ്യവസ്ഥയെ സംരക്ഷിക്കുവാനോ, സേവിക്കുവാനോ ശ്രമിക്കുന്ന ഏതൊരാളും അഴിമതിയിലും കുറ്റകൃത്യങ്ങളിലും അകപ്പെട്ടുപോകുമെന്ന നമ്മുടെ പാർട്ടിയുടെ വിശകലനം ഈ സംഭവം ഒന്നുകൂടി സ്ഥിതീകരിക്കുന്നു. അതിനാൽ, താഴെപ്പറയുന്ന കാര്യങ്ങൾ നമ്മൾ ആവശ്യപ്പെടുന്നു:

*സുപ്രീംകോടതിയുടെ മേൽനോട്ടത്തിൽ അടിയന്തരമായി സിബിഐ അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തുകയും മാതൃകാപരമായ ശിക്ഷ നൽകുകയും വേണം. കേസ്സ് അന്വേഷണത്തിനായി നിയോഗിച്ചിട്ടുള്ള സംസ്ഥാന അന്വേഷണസംഘം തെളിവുകൾ നശിപ്പിക്കുവാനും കുറ്റവാളികളെ രക്ഷിക്കുവാനുമാണ് ശ്രമിക്കുന്നതെന്ന് ആരോപണമുള്ളതിനാൽ ഉന്നതാധികാരങ്ങളുള്ള, നിഷ്പക്ഷമായ ഒരു കമ്മിറ്റി അവിടെ രൂപീകരിക്കണം. മദ്ധ്യപ്രദേശ് മുഖ്യമന്ത്രിസ്ഥാനത്തുനിന്ന് ശിവരാജ് ചൗഹാൻ ഉടനടി രാജിവയ്ക്കുകയും വേണം.* ●

# പാഠപുസ്തക പ്രതിസന്ധി അടിയന്തരമായി പരിഹരിക്കുക

## പൊതുവിദ്യാഭ്യാസം സംരക്ഷിക്കാൻ ജനങ്ങൾ ഒന്നിക്കുക

എല്ലാ വർഷവും മദ്ധ്യവേനലവധി കഴിഞ്ഞ് ജൂൺ ആദ്യആഴ്ച, സാധാരണയായി 1-ാം തീയതി തന്നെ കേരളത്തിലെ സ്കൂളുകൾ തുറക്കാറുണ്ട്. സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാലയങ്ങളിലും, വിദ്യാഭ്യാസ ഓഫീസുകളിലും, കുട്ടികളുടെ വീടുകളിലും വലിയ തിരക്കും ഉത്സാഹവുമാണ്. ഏപ്രിൽ അവസാനം റിസൽട്ട് പ്രസിദ്ധീകരിക്കുകയും തുടർന്ന് ടിസി ആവശ്യമുള്ളവർ അത് വാങ്ങുകയും, അഡ്മിഷൻ നടത്തുകയും, കെട്ടിടങ്ങൾക്കും കോമ്പൗണ്ടിലും ആവശ്യമായ മരാമത്ത് പണികൾ നടത്തുകയും ചെയ്യും. ഈ പ്രവർത്തനങ്ങളോടൊപ്പം ഏറ്റവും പ്രധാനപ്പെട്ട നടപടിയാണ് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് പാഠപുസ്തകങ്ങൾ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിയന്ത്രണത്തിലുള്ള ജില്ലാ പാഠപുസ്തക ഡിപ്പോയിൽ നിന്നും ശേഖരിച്ച് സ്കൂൾ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുകയെന്നത്. വർഷങ്ങളായി ഈ പ്രക്രിയ ജൂൺ 1ന് മുൻപ് പൂർത്തീകരിക്കാറുണ്ട്.

കേരളത്തിലുടനീളം എല്ലാ വിദ്യാഭ്യാസ ജില്ലകളിലും താരതമ്യേന നല്ല സംവിധാനങ്ങളുള്ള ഡിപ്പോകൾ ഉണ്ട്. എല്ലാ വർഷവും നവംബർ ഡിസംബറോടു കൂടി പ്രസ്സുകളിൽ നിന്നും പുസ്തകങ്ങൾ ഡിപ്പോകളിൽ എത്തിതുടങ്ങും. ഇപ്രകാരം ഫലപ്രദമായ ഒരു പുസ്തക വിതരണം നടക്കണമെങ്കിൽ മുൻവർഷം ആദ്യം തന്നെ അച്ചടിക്കുവേണ്ട വിഭവങ്ങളെല്ലാം പ്രസ്സുകളിൽ സജ്ജീകരിച്ചിരിക്കണം. എങ്കിൽ മാത്രമേ പുസ്തകങ്ങൾ നവംബറോടുകൂടി പുസ്തക ഡിപ്പോകളിൽ എത്തിക്കാൻ കഴിയുകയുള്ളൂ.

ഈവർഷം ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായതായി കാണാം. സ്കൂളുകളിലേക്ക് പുസ്തകവിതരണം തുടങ്ങേണ്ട മദ്ധ്യവേനലവധിക്കാലത്ത് പോലും അച്ചടിക്കുവേണ്ട വിഭവങ്ങൾ പ്രസ്സുകളിൽ എത്തിയിരുന്നില്ലത്രെ! ഇക്കാര്യത്തിലുണ്ടായ വീഴ്ച ബോധപൂർവ്വമായിരുന്നു എന്നേ കരുതാനാവൂ. സർക്കാർ ഉടമസ്ഥതയിൽ പ്രിന്റിംഗ് നടത്താൻ കഴിയില്ലെന്ന് വരുത്തിത്തീർത്തുകൊണ്ട് പ്രിന്റിംഗ് ചുമതല സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ചു. അതിൽ അഴിമതി ആരോപണമുണ്ടായപ്പോൾ ഗവൺമെന്റ് പ്രസ്സിലേക്കുതന്നെ തിരിച്ചുവന്നു. അപ്പോഴേയ്ക്കും സ്കൂൾ തുറന്ന് ഒരു മാസത്തോളമായിരുന്നു. സർക്കാർ പ്രസ്സിൽ അഹോരാത്രം പണിയെടുത്താലും ഈ മാസം പുസ്തകങ്ങൾ കുട്ടികളുടെ കയ്യിലെത്തില്ലായെന്ന് ഏതാണ്ടുറപ്പാണ്. അപ്പോൾപ്പിന്നെ ഓണപ്പരീക്ഷ എങ്ങനെ നടത്തും? അത് മാറ്റിവയ്ക്കുക തന്നെ! അക്കാര്യത്തിൽ വിമർശനമുണ്ടായപ്പോൾ മുടന്തൻ ന്യായങ്ങൾ പറയേണ്ടിവന്നു മന്ത്രിക്ക്. എന്തായാലും ഓണപ്പരീക്ഷയുടെ കാര്യവും ത്രിശങ്കുവിലാണ്.

എന്തുകൊണ്ടാണീ കുറ്റകരമായ അനാസ്ഥ. സാമാന്യം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചിരുന്ന സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സംവിധാനം ഏതാനും വർഷങ്ങളായി താറുമാറായിരിക്കുന്നത് എന്തുകൊണ്ട്? പരീക്ഷ എഴുതാത്തവർപോലും പാസ്സാകുന്ന വിധത്തിലായിരിക്കുന്നു പത്താംക്ലാസ്സ് പരീക്ഷ. പൊതുവിദ്യാഭ്യാസത്തെ തകർത്ത് മറ്റെല്ലാ രംഗങ്ങളുമെന്ന പോലെ വിദ്യാഭ്യാസ രംഗവും സ്വകാര്യമൂലധന ശക്തികൾക്ക് ഏൽപ്പിച്ചുകൊടുക്കാനുള്ള വ്യഗ്രതതന്നെയാണ് ഈ ഹീന നീക്കങ്ങൾക്കെല്ലാം പിന്നിൽ.

തൊണ്ണൂറുകളുടെ തുടക്കത്തിൽ ലോക ബാങ്കിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നമ്മുടെ സംസ്ഥാനത്ത് തുടക്കം കുറിച്ച പാഠ്യപദ്ധതിയുടെ പൊളിച്ചെഴുത്തിന്റെ പ്രഖ്യാപനങ്ങളിലൊന്ന് പാഠപുസ്തകങ്ങൾ വേണ്ട എന്നതായിരുന്നു. പാഠപുസ്തകങ്ങളെ നിഷേധിച്ചുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വിജ്ഞാനാർജ്ജനമെന്നതിനുപകരം കേവലം തൊഴിൽ പരിശീലനമാക്കി വിദ്യാഭ്യാസപ്രക്രിയയെ അട്ടിമറിച്ചുകൊണ്ടിരിക്കുകയാണിന്ന്.

എന്നാൽ പ്രതിപക്ഷം ഇക്കാര്യത്തിൽ പുലർത്തുന്ന നിസ്സംഗത സർക്കാരിന്റെ അനാസ്ഥ പോലെതന്നെ ഭീകരമാണ്. ചിട്ടയായ ഒരു പ്രതിഷേധവും കാണാനില്ല. മുതലെടുപ്പിനുവേണ്ടി നടത്തുന്ന ചടങ്ങുസമരങ്ങളും അക്രമങ്ങളും പ്രശ്നപരിഹാരം ലക്ഷ്യംവച്ചുള്ളതല്ലെന്നും മുതലെടുപ്പ് തന്ത്രമാണെന്നും ജനങ്ങൾ എന്നേ മനസ്സിലാക്കിയിട്ടുള്ളതാണ്. ഇതും യാദൃച്ഛികമല്ല. സംസ്ഥാനതലത്തിൽ ഒരേ തരത്തിലുള്ള പാഠപുസ്തകങ്ങൾ വേണ്ടെന്നും അവ പ്രാദേശികാടിസ്ഥാനത്തിൽ തയ്യാറാക്കിയാൽ മതിയെന്നും അഭിപ്രായപ്പെട്ടവരാണ് പ്രതിപക്ഷത്തിരിക്കുന്നത്. പാഠപുസ്തകങ്ങൾ ഇല്ലാത്തതിന്റെ പേരിൽ ഓണപ്പരീക്ഷ മുടങ്ങിയാലും അവർക്ക് അലോസരമുണ്ടാകേണ്ട കാര്യമില്ല. ഓണപ്പരീക്ഷയും ക്രിസ്തുമസ്സ് പരീക്ഷയും വെണ്ടെന്നുവച്ചവരാണല്ലോ അവർ. ചുരുക്കത്തിൽ ഭരണപക്ഷത്തിന്റെ സ്വകാര്യവൽക്കരണ നീക്കങ്ങൾക്ക് പ്രതിപക്ഷത്തിന്റെ സൈദ്ധാന്തിക പരിവേഷമുള്ള ഓത്താശയുണ്ടെന്നതാണ് സൂക്ഷ്മമായി വിലയിരുത്തിയാൽ കാണാൻ കഴിയുക.

ഇത്തരമൊരു സാഹചര്യത്തിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷിതാക്കളും വിദ്യാഭ്യാസ സ്നേഹികളും ഒറ്റക്കെട്ടായി തെരുവിലിറങ്ങുകയേ പോംവഴിയുള്ളൂ. കേരളത്തിൽ വമ്പൻ വിദ്യാഭ്യാസ പ്രസ്ഥാനത്തിന് നേതൃത്വംകൊടുത്ത ജനകീയ പ്രതിരോധ സമിതിയും പൊതുവിദ്യാഭ്യാസ സംരക്ഷണം മുൻനിർത്തി സാരവത്തായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന സേവ് എജ്യുക്കേഷൻ കമ്മിറ്റിയും വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണത്തിനും വർഗ്ഗീയവൽക്കരണത്തിനുമെതിരെ പൊരുതുന്ന എഐഡിഎസ്ഒയും ഈ വിഷയത്തിൽ ഗൗരവപൂർവ്വം ഇടപെട്ടിട്ടുണ്ടെന്നത് പ്രതീക്ഷയ്ക്ക് വക നൽകുന്നുണ്ട്. ●



എറണാകുളം മേനക ജംഗ്ഷനിൽ ജനകീയപ്രതിരോധ സമിതി സംഘടിപ്പിച്ച ജനകീയ കൂട്ടായ്മ കെ.കെ.ഗോപിനായർ ഉദ്ഘാടനം ചെയ്യുന്നു

സ്കൂൾ തുറന്ന് ഒരു മാസം കഴിഞ്ഞിട്ടും പാഠപുസ്തകങ്ങൾ എന്ന് വിതരണം നടത്തുമെന്നുപോലും ഉറപ്പുപറയാതെ, സർക്കാർ എയ്ഡഡ് സ്കൂളുകളിലെ പഠനം തകരാറിലാക്കുന്ന സർക്കാർ നടപടിക്കെതിരെ എറണാകുളത്ത് ജനകീയ പ്രതിരോധ സമിതി പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. സ്കൂളുകൾ കേന്ദ്രീകരിച്ച് രക്ഷാകർതൃ-അദ്ധ്യാപക-ബഹുജന സമരകമ്മിറ്റികൾ സംഘടിപ്പിച്ചുകൊണ്ട് സർക്കാരിനുമേൽ ശക്തമായ സമ്മർദ്ദം ചെലുത്തുവാൻ വിദ്യാഭ്യാസ സ്നേഹികൾ മുൻകൈയെടുക്കണമെന്ന് പ്രതിഷേധ കൂട്ടായ്മയിൽ നേതാക്കൾ അഭ്യർത്ഥിച്ചു.

മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ പ്രസിഡന്റ് കെ.കെ. ഗോപിനായർ ഉദ്ഘാടനം ചെയ്ത കൂട്ടായ്മയിൽ ജനകീയ പ്രതിരോധ സമിതി ജില്ലാ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറിമാരിലൊരാളായ ജ്യോതികൃഷ്ണൻ മുഖ്യപ്രസംഗം നടത്തി. വി.പി.വിൽസൺ(മൂലമ്പിള്ളി കോ-ഓർഡിനേഷൻ കമ്മിറ്റി), കെ.ഒ.സുധീർ(കെയുഎസ്ടിഒ), കെ.രജികുമാർ, രശ്മിരവി(എഐഡിഎസ്ഒ), ടി.കെ.സുധീർകുമാർ, കെ.എസ്.ഹരികുമാർ(സേവ് എജ്യുക്കേഷൻ കമ്മിറ്റി), എൻ.ആർ.മോഹൻകുമാർ, പഞ്ഞിമല ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. സി.ബി. അശോകൻ സ്വാഗതവും പി.എം.ദിനേശൻ നന്ദിയും പറഞ്ഞു. ●

# എഐഡിവൈഒ സ്ഥാപനദിനവും ലഹരിവിരുദ്ധദിനവും ആചരിച്ചു



സമ്മേളനം സഖാവ് പി.പി.അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു

അന്തർദ്ദേശീയ ലഹരിവിരുദ്ധദിനവും എഐഡിവൈഒയുടെ 49-ാം സ്ഥാപനദിനവും ആചരിച്ചു. ജൂൺ 26 ന് എഐഡിവൈഒ അങ്കമാലി മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അങ്കമാലി കെഎസ്ആർടിസി സ്റ്റാൻഡിൽ സംഘടിപ്പിച്ച ആചരണ സമ്മേളനം എറണാകുളം ജില്ലാ പ്രസിഡന്റ് പി.പി.അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. യുവജനങ്ങൾ സാംസ്കാരികമായി ഉയരാതെ സാമൂഹ്യതിന്മകളെ ചെറുക്കാനാവില്ല എല്ലാത്തരം തിന്മകളിലേക്കും യുവാക്കളെ എടുത്തെറിയുന്ന സാമൂഹ്യവ്യവസ്ഥിതിയാണ് നിലവിലുള്ളത്. മദ്യവും മയക്കുമരുന്നും ലൈംഗീക അരാജകതയും പടർത്തുന്ന കമ്പോള സമ്പദ്ക്രമം സത്യത്തിൽ സാമൂഹ്യവികാസ പ്രക്രിയയ്ക്ക് തുരങ്കം വയ്ക്കുകയാണ്. ക്രൂരമായ മുതലാളിത്ത ചൂഷണത്തിന്റെ പിടിയിൽപ്പെട്ട ജനങ്ങൾ മോചനത്തിനുവേണ്ടി കേഴുന്നു. പക്ഷേ ഉണർന്നു പ്രവർത്തിക്കാൻ ചരിത്രപരമായി ചുമതലപ്പെട്ട ഈ രാജ്യത്തെ യുവാക്കളും വിദ്യാർത്ഥികളും ജനാധിപത്യ-ശാസ്ത്രീയ-സദാചാര ധാരണകളുടെ അഭാവത്തിൽ അജ്ഞതയിലേക്കും അന്ധകാരത്തിലേക്കും നയിക്കപ്പെടുകയാണെന്നും അതിനെ തടയാൻ മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ കമ്മിറ്റിയംഗം സഖാവ് എൻ.ആർ. ബിനു അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ജില്ലാ സെക്രട്ടറി കെ.ഒ.സുധീർ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അങ്കമാലി ലോക്കൽ സെക്രട്ടറി കെ.സി.ജയൻ, എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് കെ.പി.സാൽവിൻ, എഐഡിവൈഒ നേതാക്കളായ എം.വി.വിജയകുമാർ, പി.വി.രജീഷ്, കെ.സി.ജ്യോതിലക്ഷ്മി, കെ.ജി.പുഷ്പജൻ, നിഖിൽ സജി തോമസ് എന്നിവർ പ്രസംഗിച്ചു. ●

## 'പ്രചോദന'യുടെ ആഭിമുഖ്യത്തിൽ മാഡം മേരിക്യൂറിയെ അനുസ്മരിച്ചു

കപ്പക്കട: കുട്ടികളുടെ പ്രസ്ഥാനം പ്രചോദനയുടെ ആഭിമുഖ്യത്തിൽ ജൂലൈ 4ന് വിഖ്യാത ശാസ്ത്രജ്ഞ മാഡം ക്യൂറിയുടെ 81-ാം ചരമദിനമാചരിച്ചു. കപ്പക്കടയിൽ നടന്ന ആചരണ സമ്മേളനത്തിൽ ബ്രേക്ക് ത്രൂ സയൻസ് സൊസൈറ്റി ആലപ്പുഴ ജില്ലാ കോ-ഓർഡിനേറ്റർ ശ്രീ. ശിവൻകുട്ടി പ്രഭാഷണം നടത്തി. ശാസ്ത്രത്തിന്റെ പേരിൽ കെട്ടുകഥകളും പുരാണങ്ങളും പ്രചരിപ്പിക്കപ്പെടുന്ന ഇക്കാലത്ത് ശാസ്ത്രീയമായി തെളിയിക്കപ്പെടുന്ന സത്യങ്ങളെ മാത്രം വിശ്വസിക്കുവാനുള്ള അവബോധം ചെറുപ്പംമുതൽ തന്നെ വളർത്തിയെടുക്കേണ്ടതാണെന്ന് അദ്ദേഹം പറഞ്ഞു. മാഡം ക്യൂറിയുടെ ജീവിതവും അവർ ഉയർത്തിപ്പിടിച്ച ശാസ്ത്ര നൈതികതയും എക്കാലവും വറ്റാത്ത ഊർജ്ജത്തിന്റെ ഉറവിടമാണെന്നും ഏവർക്കും മാതൃകാ യോഗ്യയാണവർ എന്നും അദ്ദേഹം തുടർന്നു പറഞ്ഞു. പ്രഭാഷണത്തെ തുടർന്ന് മാഡം ക്യൂറിയുടെ ജീവിതം അവതരിപ്പിക്കുന്ന ഡോക്യുമെന്ററി പ്രദർശനവും വാനനിരീക്ഷണവും നടന്നു. വാനനിരീക്ഷണത്തിന് മുട്ടം നേതാജി സ്റ്റഡി സെന്ററിലെ 'ജിയോർഡാണോ ബ്രൂണോ ഒബ്സർവേറ്ററി'യുടെ കോ-ഓർഡിനേറ്റർ ശ്രീ.എം.മുരളി നേതൃത്വം നൽകി. റിട്ട.വനിതാ സി.ഐ ശ്രീമതി ജൂഡിത, ആലപ്പി ശ്രീവിജയ, പ്രചോദന ജില്ലാകമ്മിറ്റിയംഗം ആർ. അപർണ, അപർണ അനിൽ, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ നേതാക്കളായ അഡ്വ.എം.എ ബിന്ദു, ടി.ആർ രാജിമോൾ, സുധ അനിൽ തുടങ്ങിയവർ പങ്കെടുത്തു. ●

# മഹാനായ നേതാജി സുഭാഷ് ചന്ദ്രബോസിനെ ജനമനസ്സിൽനിന്ന് തുടച്ചുനീക്കാനുള്ള ഗൂഢാലോചനയെ പരാജയപ്പെടുത്തുക



## എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയുടെ ആഹ്വാനം

**എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിക്കുവേണ്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് തയ്യാറാക്കിയ ഒരു അഭ്യർത്ഥനയാണിത്. ഇന്ത്യയിലെ വിവിധ ദേശീയ ഭാഷകളിൽ ഇത് പ്രസിദ്ധീകരിച്ചു. ഇതിനകം ലക്ഷക്കണക്കിന് കോപ്പികൾ വിറ്റഴിഞ്ഞു. അഭ്യർത്ഥനയുടെ പൂർണ്ണരൂപം ഇവിടെ കൊടുക്കുന്നു.**

ഒരിക്കൽ നേതാജി പറഞ്ഞു, "ഞാൻ ലക്ഷക്കണക്കിന് ഭാരതീയരോടൊപ്പം നിലകൊള്ളുകയും അവരുടെ വിമോചനത്തിനുവേണ്ടി ജീവൻ നൽകുകയും ചെയ്യും. സത്യത്തിന് എന്തെങ്കിലും വിലയുണ്ടെങ്കിൽ ഒരിക്കൽ ഈ രാജ്യത്തെ ജനങ്ങൾ എന്റെയീ ഹൃദയവികാരം മനസ്സിലാക്കും" (അഗ്നിയുഗ്). ഈ വർഷവും ജനുവരി 23 നിശബ്ദമായി കടന്നുപോയി. ഇന്ത്യയിലെ ജനങ്ങൾക്ക് നേതാജിയുടെ മനോവികാരം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ? സത്യത്തിന് അവർ വിലകല്പിക്കുന്നുണ്ടോ? ബ്രിട്ടീഷ് വാഴ്ചക്കാലത്ത് ജനുവരി 23 സ്നേഹാദരങ്ങളും വികാരവായ്പും സൃഷ്ടിച്ചിരുന്നു. അനേകം യുവാക്കൾ നേതാജിയെപ്പോലെയാകാൻ അഭിലഷിച്ചു. എന്നാൽ സ്വതന്ത്ര ഇന്ത്യയിൽ എത്രപേർ അദ്ദേഹത്തെ ഓർക്കുന്നുണ്ട്? നാടിനുണ്ടായ 'അഭിവൃദ്ധി' ഇത്തരത്തിലുള്ളതാണ്. "നമ്മുടെ സമരം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ മാത്രമല്ല, ലോകസാമ്രാജ്യത്വത്തിനുതന്നെ എതിരായിട്ടുള്ളതാണ്" എന്നാണ് നേതാജി പറഞ്ഞത് (ക്രോസ് റോഡ്സ്). ഇന്ന് മാനവരാശിയുടെ മുഖ്യശത്രുവും രക്തദാഹിയുമായ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ തലവനെ ഇന്ത്യൻ മുതലാളിവർഗ്ഗം ആഘോഷപൂർവ്വം എതിരേൽക്കുന്നു. നേതാജിയെക്കുറിച്ചും സ്വാതന്ത്ര്യസമരത്തിലെ മറ്റു വിപ്ലവകാരികളെക്കുറിച്ചുമുള്ള സ്മരണ അന്ന് ബ്രിട്ടീഷ് ഭരണാധികാരികൾക്ക് എത്രത്തോളം അപകടകരമായിരുന്നോ അത്രതന്നെ അപകടകരമാണ് ഇന്നത്തെ ഭരണാധികാരികൾക്കും. അതുകൊണ്ടുതന്നെയാണ് നേതാജിയെക്കുറിച്ചുള്ള ഓർമ്മകൾപോലും തുടച്ചുനീക്കാൻ അവർ ശ്രമിക്കുന്നത്. അദ്ദേഹത്തിന്റെ ജന്മദിനത്തിന്, ഒരു വിരോധാഭാസമെന്നുപറയട്ടെ, ചടങ്ങെന്നോണം ചില പരിപാടികൾ അവർ സംഘടിപ്പിക്കും. വമ്പൻ മാദ്ധ്യമങ്ങൾക്കാകട്ടെ, ആ ദിവസത്തെക്കുറിച്ച് പറയാനായി ഒട്ടും സ്ഥലം നീക്കിവയ്ക്കാനില്ലതാനും.

സ്വാതന്ത്ര്യസമരത്തിലെ തിളക്കമാർന്ന വ്യക്തിത്വങ്ങളെയും വിപ്ലവപ്പോരാളികളെയും കുറിച്ചുള്ള ദീപ്തസ്മരണകൾ വിസ്മൃതിയിലാണ്ടു എന്നത് ദയനീയമെങ്കിലും ഒരു വസ്തുതയാണ്. ഭരണമുതലാളി വർഗ്ഗത്തിന്റെയും അധികാരം കയ്യാളുന്ന പാർട്ടികളുടെയും ഗൂഢാലോചനയുടെ ഫലമാണിത്. നമ്മുടെ പാർട്ടി മാത്രം അവരെ മറക്കില്ല. നമ്മുടെ മഹാനായ നേതാവും ഗുരുവും ഈ രാജ്യത്തെ വിപ്ലവപ്രസ്ഥാനത്തിന്റെ വഴികാട്ടിയുമായ സഖാവ് ശിബ്ദാസ് ഘോഷ് അതിന് നമ്മെ അനുവദിച്ചിരുന്നില്ല. ഈ ഹീനമായ ഗൂഢാലോചന തിരിച്ചറിഞ്ഞ അദ്ദേഹം കഠിനവ്യഥയോടെ പറഞ്ഞു: "നമ്മൾ വേരറ്റവരായിരിക്കുന്നു...നമ്മുടെ നാട് ഒരിക്കൽ രൂപംകൊടുത്ത ഉന്നതമായ സാംസ്കാരിക ധാരയുമായുള്ള നമ്മുടെ ബന്ധം അറ്റുപോയിരിക്കുന്നു...എല്ലാ ബന്ധങ്ങളും അറ്റുപോയിരിക്കുന്നു...പിന്നെങ്ങനെയാണ് നമുക്ക് വിപ്ലവത്തിന്റെ മുന്നണിപ്പടയാകാൻ കഴിയുക?... നമുക്ക് ആ ബന്ധം പുനഃസ്ഥാപിക്കേണ്ടതുണ്ട്"(ഇവാലുവേഷൻ ഓഫ് ശരത്ചന്ദ്ര). ഇത്തരമൊരു ബന്ധം സ്ഥാപിച്ചെടുക്കുക എന്ന ഉദ്ദേശത്തോടെയാണ്, സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളാൽ പ്രചോദിതരായി, എല്ലാ വർഷവും ഏറെ ആദരപൂർവ്വം, നേതാജിയടക്കമുള്ള മഹാന്മാരായ വിപ്ലവകാരികളുടെയും അനശ്വരരായ രക്തസാക്ഷികളുടെയും അതികായന്മാരായ നവോത്ഥാന നായകരുടെയുമൊക്കെ അനുസ്മരണ ദിനങ്ങൾ നമ്മൾ ആചരിക്കുന്നത്. ഈ ആചരണത്തിലൂടെ, അവരുടെ ജീവിതത്തിൽനിന്നും ഉയർന്ന സ്വഭാവഗുണം ആർജ്ജിക്കുന്നതിനുവേണ്ടി അവർ നടത്തിയ സമരത്തിൽനിന്നും പാഠമുൾക്കൊള്ളാനും കാലഘട്ടം ആവശ്യപ്പെടുന്നതരത്തിൽ ഉന്നതമായ നിലവാരം ആർജ്ജിക്കാനും നമുക്ക് കഴിയും. ഈ വർഷവും രാജ്യമെമ്പാടുമായി ആയിരക്കണക്കിന് ആചരണപരിപാടികൾ നമ്മൾ സംഘടിപ്പിച്ചു. പതിവുപോലെ ബൂർഷ്വാ മാദ്ധ്യമങ്ങൾ അതെല്ലാം അവഗണിക്കുകയും ചെയ്തു.

സ്വാതന്ത്ര്യസമരത്തിൽ നേതാജിയുടെ പങ്ക് എന്തായിരുന്നുവെന്നും കോൺഗ്രസിലെ വലതുപക്ഷ-അനുരഞ്ജക നേതൃത്വവുമായി അദ്ദേഹത്തിനുണ്ടായിരുന്ന അഭിപ്രായവ്യത്യാസം എന്തായിരുന്നുവെന്നും ഒരു ഗൂഢാലോചനയിലൂടെ നേതൃത്വത്തിൽനിന്നും ഒടുവിൽ കോൺഗ്രസ്സിൽ നിന്നുതന്നെയും അദ്ദേഹത്തെ പുറത്താക്കിയതെങ്ങനെയെന്നും മറ്റും ഇന്നെത്രപേർക്കറിയാം? ചരിത്രത്തിന്റെ എഴുതപ്പെടാത്ത ഈ അദ്ധ്യായങ്ങൾ വളരെ കുറച്ചുപേർക്കുമാത്രമേ അറിയൂ. വളരെ പ്രായംചെന്നവരും ശയ്യാവലംബികളുമൊക്കെയായ സ്വാതന്ത്ര്യസമര സേനാനികൾ ഏറെ വേദനയോടെയാണ് ഇക്കാര്യങ്ങളൊക്കെ അയവിറക്കുന്നത്. പ്രതിസന്ധിഗ്രസ്തമായ ഈ നാളുകളിൽ ചരിത്രത്തിന്റെ വിസ്മരിക്കപ്പെട്ട ഈ ഏടുകൾ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടത് ആവശ്യകതയാണ്.

### ഇന്ത്യൻ-ബ്രിട്ടീഷ് മുതലാളിവർഗ്ഗവും കോൺഗ്രസ്സിലെ വലതുപക്ഷ നേതൃത്വവും നടത്തിയ ഗൂഢാലോചന

നേതാജിയുടെ പങ്ക് ശരിയായി വിലയിരുത്തിക്കൊണ്ട് പ്രമുഖ മാർക്സിസ്റ്റ് ചിന്തകനായ സഖാവ് ശിബ്ദാസ് ഘോഷ് പറഞ്ഞു. "സ്വാതന്ത്ര്യസമരത്തിൽ പരസ്പരവിരുദ്ധമായ രണ്ട് പ്രവണതകളും രണ്ട് വീക്ഷണകോണുകളുമുണ്ടായിരുന്നു....ഒന്ന് സാമ്രാജ്യത്വവുമായും ജന്മിത്തവുമായും സന്ധിചെയ്യുന്നതായിരുന്നു. യഥാർത്ഥത്തിൽ ഈ പ്രവണതയാണ് സ്വാതന്ത്ര്യസമരത്തിൽ മേധാവിത്വം ചെലുത്തിയത്. മറ്റൊന്ന് സാമ്രാജ്യത്വവുമായും ജന്മിത്തവുമായും സന്ധിചെയ്യാത്ത ധാരയായിരുന്നു. ഗാന്ധിജിയുടെ ചിന്താഗതിയിലും ആശയങ്ങളിലും ദേശീയ ബൂർഷ്വാസിയുടെ ഉദാരവും പരിഷ്കരണവാദപരവും അനുരഞ്ജകവുമായ വീക്ഷണമാണ് സ്വാധീനം ചെലുത്തിയത്. എന്നാൽ സുഭാഷ്ചന്ദ്രബോസിന്റെ ചിന്തയിലും പ്രവർത്തനങ്ങളിലും ആശയങ്ങളിലും പെറ്റിബൂർഷ്വാ വിപ്ലവസ്വഭാവമാണ് പ്രതിഫലിച്ചത്"(ഇന്ത്യയിലെ സാംസ്കാരിക പ്രസ്ഥാനവും നമ്മുടെ കർത്തവ്യങ്ങളും). സന്ധിരഹിതമായ വിപ്ലവനിലപാടുമൂലം അദ്ദേഹം ഇന്ത്യയിലെ ജനങ്ങളുടെ, വിശേഷിച്ച് വിദ്യാർത്ഥികളുടെയും യുവാക്കളുടെയും മനംകവർന്നു. ഈ യുവശക്തിയുടെ പ്രതിനിധിയായി, കോൺഗ്രസ് പ്രസിഡന്റ് എന്നനിലയിൽ ഹരിപുര കോൺഗ്രസിൽ അദ്ദേഹം ഇങ്ങനെ പ്രഖ്യപിച്ചു. "(1) കോൺഗ്രസ്സിന്റെ ഒന്നാമത്തെ ലക്ഷ്യം രാജ്യത്തിന്റെ സമ്പൂർണ്ണ സ്വാതന്ത്ര്യം നേടുക എന്നതാണ്. അടുത്ത ലക്ഷ്യം സോഷ്യലിസം സ്ഥാപിക്കുക എന്നതും.(2)തൊഴിലാളികളെയും കർഷകരെയും സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളാക്കണം.(3) ജന്മിത്ത വ്യവസ്ഥയ്ക്ക് അന്ത്യം കുറിക്കണം. ലോകമെങ്ങും ഉപജാപങ്ങൾ നടത്തുന്ന സാമ്രാജ്യത്വത്തിനെതിരെ സോവിയറ്റ് യൂണിയൻ നിലകൊള്ളുന്നുണ്ട്. അതിന്റെ നിലനിൽപ്പുതന്നെ ലോകത്തെ എല്ലാ സാമ്രാജ്യത്വ രാജ്യങ്ങളിലെയും ഭരണവർഗ്ഗങ്ങളെ ഭയചകിതരാക്കുന്നു"(ക്രോസ് റോഡ്സ്). ഇങ്ങനെയൊരു പ്രഖ്യാപനം ഇതിനുമുമ്പൊരിക്കലും കോൺഗ്രസ് സമ്മേളന വേദിയിൽനിന്ന് ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ ബ്രിട്ടീഷ് സാമ്രാജ്യത്വവും ഇന്ത്യൻ മുതലാളിവർഗ്ഗവും ഗാന്ധിയൻ നേതൃത്വവും അപകടം മണത്തു. നേതാജി വീണ്ടും കോൺഗ്രസ് പ്രസിഡന്റ് ആകാതിരിക്കാൻ അവർ ഗൂഢാലോചന നടത്തി. നേതാജിക്കെതിരെ ഗാന്ധിജിതന്നെ പട്ടാഭിസീതാരാമയ്യയെ സ്ഥാനാർത്ഥിയാക്കി. നെഹ്രുവും പട്ടേലും മറ്റും നേതാജിക്കെതിരെ പ്രചാരണം നടത്തി. മുതലാളിമാർ പണം വാരിക്കോരി ചെലവഴിച്ചു. അവരുടെ പത്രങ്ങളും പട്ടാഭിയുടെ സ്ഥാനാർത്ഥിത്വത്തെ പിന്തുണച്ചു. ഇത്രയൊക്കെയായിട്ടും നേതാജി വീണ്ടും കോൺഗ്രസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ദയനീയ പരാജയം ഏറ്റുവാങ്ങേണ്ടി വന്നതോടെ, നേതാജിയെ നിരായുധനാക്കാനുള്ള ഒരു ഹീനതന്ത്രത്തിന് ഗാന്ധിയൻമാർ രൂപംനൽകി. നേതാജിയാകട്ടെ കടുത്ത പനിപിടിച്ച് കിടപ്പിലായിരുന്നു. ആ സമയത്തുതന്നെ ത്രിപുരി കോൺഗ്രസ് വിളിച്ചുകൂട്ടണമെന്ന് ഗാന്ധിയൻമാർ നിർബ്ബന്ധംപിടിച്ചു. സമ്മേളനം ഏതാനും ദിവസത്തേക്ക് നീട്ടിവയ്ക്കണമെന്ന് നേതാജി അഭ്യർത്ഥിച്ചു. അവരത് ചെവിക്കൊണ്ടില്ല. തങ്ങളുടെ ഗൂഢനീക്കം വിജയിപ്പിക്കാൻ അവർ എല്ലാ അടവും പയറ്റി. അങ്ങനെ ആദ്യമായി കോൺഗ്രസ് പ്രസിഡന്റ് രോഗശയ്യയിൽ കിടന്നുകൊണ്ട് സമ്മേളനത്തിൽ പങ്കെടുത്തു. സമ്മേളനത്തിൽ ഉത്കണ്ഠാകുലനായി നേതാജി പറഞ്ഞു: "ജനാധിപത്യ ശക്തികളെന്നവകാശപ്പെടുന്ന ഫ്രാൻസും ബ്രിട്ടനും സോവിയറ്റ് യൂണിയനെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി ഇറ്റലിയോടും ജർമ്മനിയോടും ചേർന്നിരിക്കുകയാണ്" (ക്രോസ്‌റോഡ്സ്). രണ്ടാം ലോകയുദ്ധത്തിലെ രോഗാതുരമായ കാലമാണിത് എന്നും നേതാജി ചൂണ്ടിക്കാണിച്ചു. ഈ പ്രസ്താവനയിലൂടെ സോവിയറ്റ് സോഷ്യലിസത്തിൽ ആഴത്തിൽ വിശ്വാസമർപ്പിക്കുക മാത്രമല്ല, പാർലമെന്ററി ജനാ

*(ശേഷം 5-ാം പേജിൽ)*

## പരിയാരം മെഡിക്കൽ കോളേജ്: കണ്ണൂർ ജില്ലയിൽ സമരം ശക്തമാവുന്നു

**പ**രിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രണ്ടു മാസത്തിലധികമായി കണ്ണൂർ കലക്ട്രേറ്റിനു മുൻപിൽ പ്രക്ഷോഭ സമിതിയുടെ നേതൃത്വത്തിൽ അനിശ്ചിതകാല സത്യാഗ്രഹം നടന്നുവരികയാണ്. ദിവസം കഴിയുന്തോറും കൂടുതൽ സംഘടനകളും വ്യക്തികളും സമരത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് രംഗത്തെത്തിക്കൊണ്ടിരിക്കുകയാണ്.




കണ്ണൂർ കലക്ട്രേറ്റിനു മുന്നിലെ സത്യാഗ്രഹ പന്തലിൽ ഡോ.ഡി.സുരേന്ദ്രനാഥ് പ്രസംഗിക്കുന്നു

സമരം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ പ്രക്ഷോഭ സമിതി കോർണർ യോഗങ്ങൾ നടത്തി. തുടർന്ന് ജൂൺ 24ന് കണ്ണൂർ യോഗശാലാ ഹാളിൽ വെച്ച് ജനകീയ കൺവെൻഷൻ സംഘടിപ്പിച്ചു. മദ്യനിരോധന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

പരിയാരം ഏറ്റെടുക്കുമെന്ന് മുഖ്യമന്ത്രി കണ്ണൂരിൽ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ചിട്ട് ജൂലായ് 2ന് ഒരു മാസം തികഞ്ഞു. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ പലതവണ പ്രഖ്യാപനങ്ങൾ വന്നിട്ടും സർക്കാർ ഇതുവരെയും ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാതെ ഓരോ കാരണങ്ങൾ പറഞ്ഞുകൊണ്ട് നീട്ടിക്കൊണ്ടു പോവുന്നതിൽ പ്രക്ഷോഭസമിതി നേതാക്കൾ ശക്തമായി പ്രതിഷേധിച്ചു. പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോഭസമിതി കണ്ണൂരിൽ നടത്തിവരുന്ന സത്യാഗ്രഹം ജൂലൈ 2ന് 74 ദിവസം പിന്നിടുന്നതിന്റെ ഭാഗമായി പരിയാരത്ത് നടന്ന ജനകീയ ഉപവാസം ഫാ.ജേക്കബ് ജോസ് ഉദ്ഘാടനം ചെയ്തു. പ്രക്ഷോഭ സമിതി ജന. കൺവീനർ ഡോ.ഡി.സുരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. അഡ്വ. വിനോദ് പയ്യട (സമാജ്‌വാദി ജനപരിഷത്ത്), സണ്ണി അമ്പാട്ട് (ജില്ലാ സെക്രട്ടറി, സിപിഐ-എംഎൽ റെഡ്സ്റ്റാർ), രാജൻ കോരമ്പേത്ത് (സംസ്ഥാന വൈസ് പ്രസിഡണ്ട്, മദ്യനിരോധന സമിതി), പി.പി.മോഹനൻ (ജില്ലാ സെക്രട്ടറി, ആർഎംപി), പോൾ.ടി.സാമുവൽ (ജില്ലാ കമ്മിറ്റിയംഗം, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്), ഷുഹൈബ് മുഹമ്മദ് (സോളിഡാരിറ്റി), എടക്കാട് പ്രേമരാജൻ, ടി.ചന്ദ്രൻ, ടി.സി.ബാലകൃഷ്ണൻ, മേരി എബ്രഹാം, കെ.ചന്ദ്രബാബു (ഹ്യൂമനിസ്റ്റ് മൂവ്മെന്റ്), കെ.പി.ചന്ദ്രാംഗദൻ, പി.ബാലൻ, പി.ഷർഫുദ്ദീൻ, മേധ സുരേന്ദ്രനാഥ് എന്നിവർ പ്രസംഗിച്ചു. ●

# നേതാജിക്കെതിരെ ബ്രിട്ടീഷ്-ഇന്ത്യൻ മുതലാളിവർഗ്ഗവും കോൺഗ്രസ്സിലെ വലതുപക്ഷ നേതൃത്വവും ഗൂഢാലോചന നടത്തി



(4-ാം പേജിൽ നിന്ന്)

ധിപത്യത്തിന്റെ കൊടിക്കൂറയുമേന്തി 'ജനാധിപത്യ' ഭരണകൂടങ്ങളെന്ന് അഭിമാനിക്കുന്ന ഫ്രാൻസും ബ്രിട്ടനും സോവിയറ്റ് യൂണിയനെ തകർക്കാൻ ഗൂഢാലോചന നടത്തുന്ന ദുഷ്ട ശക്തികളാണെന്ന് വ്യക്തമാക്കുക കൂടി ചെയ്തു നേതാജി.

ഗാന്ധിജിയുടെ അനുമതിയില്ലാതെ പ്രസിഡന്റ് എന്ന നിലയിൽ നേതാജി ഒരു തീരുമാനവും എടുക്കരുതെന്നും വർക്കിംഗ് കമ്മിറ്റി രൂപീകരിക്കരുതെന്നും (അതായിരുന്നു കീഴ്‌വഴക്കം) ത്രിപുരി കോൺഗ്രസ്സിൽ ഗാന്ധിയനായ ഗോവിന്ദ് വല്ലഭ് പാന്ത് ഒരു നിർദ്ദേശം മുന്നോട്ടുവച്ചു. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയും (സിപിഐ(എം) അതിന്റെ ഒരു ഘടകമാണ്) കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയും ഈ നിർദ്ദേശത്തെ എതിർക്കാതിരുന്നതുമൂലം ഈ ബൂർഷ്വാ ഗൂഢാലോചന വിജയിച്ചു. നേതാജി ഹൃദയവ്യഥയോടെ പറഞ്ഞു: "ത്രിപുരി അക്ഷരാർത്ഥത്തിൽ നമുക്കൊരു പരാജയമായിരുന്നു. രോഗശയ്യയിൽ കിടന്നുകൊണ്ട് ഒരു മനുഷ്യന് പന്ത്രണ്ട് പഴയ പടത്തലവൻമാരോടും....മഹാത്മാഗാന്ധിയുടെ പേരും പെരുമയോടും ഒരേസമയം പടവെട്ടേണ്ടിവന്നു. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി നേതൃത്വത്തിന്റെ ചതിയാണ് നമ്മളെ തോൽപ്പിച്ചത്....കമ്മ്യൂണിസ്റ്റ് പാർട്ടിയും അവരോടൊപ്പമായിരുന്നു" (ക്രോസ് റോഡ്സ്).

ഇതിനുശേഷം കോൺഗ്രസിലെ വലതുപക്ഷം നേതാജിയെ പ്രവർത്തിക്കാൻ അനുവദിച്ചില്ല. ഗാന്ധിജി ഇടപെടണമെന്ന് നേതാജി അഭ്യർത്ഥിച്ചു. വർക്കിംഗ് കമ്മിറ്റി രൂപീകരിക്കാതെ നേതാജിക്ക് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. പാന്ത് നിർദ്ദേശപ്രകാരമുള്ള ഗാന്ധിജിയുടെ ഇടപെടലിനുവേണ്ടി നേതാജി വീണ്ടും അഭ്യർത്ഥിച്ചു. അദ്ദേഹം ഒരു ബദൽ നിർദ്ദേശവും മുന്നോട്ടുവച്ചു. എന്നാൽ ഗാന്ധിജി ഒന്നും അറിയില്ലെന്ന ഭാവം നടിച്ച് നിശബ്ദത പാലിക്കുകയാണ് ചെയ്തത്. നെഹ്റു, പട്ടേൽ തുടങ്ങിയവരാകട്ടെ, പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട നേതാജി ഒന്നും ചെയ്യുന്നില്ല എന്നുപറഞ്ഞ് ബഹളം കൂട്ടുകയും ചെയ്തു. എത്ര അസ്വസ്ഥമായ അവസ്ഥയിലാണ് അന്ന് നേതാജി അകപ്പെട്ടതെന്ന് നോക്കൂ. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത് ഒരു കുറ്റമാണ് എന്നപോലെയാണ് എല്ലാവരും പെരുമാറിയത്. ഇത്തരമൊരു സാഹചര്യത്തിലാണ് 1939ൽ കൽക്കത്തയിൽ ഒരു സമ്മേളനം വിളിച്ചുകൂട്ടി നേതാജി രാജി സമർപ്പിച്ചത്. ഇന്ത്യൻ മുതലാളിവർഗ്ഗത്തിനും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും ഗാന്ധിയൻ നേതൃത്വത്തിനും അതായിരുന്നു വേണ്ടിയിരുന്നത്. ഏതാനും ദിവസങ്ങൾക്കുശേഷം, ബ്രിട്ടീഷ് വാഴ്ചയ്ക്കെതിരെ നേതാജി സമരത്തിന് ആഹ്വാനം ചെയ്തപ്പോൾ, അച്ചടക്കം ലംഘിക്കുന്നു എന്നുപറഞ്ഞ് അദ്ദേഹത്തെ കോൺഗ്രസ് ഹൈക്കമാൻഡ് സസ്പെൻഡ് ചെയ്തു. ഈ സസ്പെൻഷൻ ഒരു പുറത്താക്കലാണ് എന്നാണ് നേതാജി വിശേഷിപ്പിച്ചത്. രവീന്ദ്രനാഥ് ടാഗോർ ഗാന്ധിജി ഇടപെടണമെന്ന് ആവശ്യപ്പെട്ടപ്പോൾ നേതാജി 'അച്ചടക്കമില്ലാത്തയാളാ'ണെന്നാണ് ഗാന്ധിജി പറഞ്ഞത്. അങ്ങനെ,സാമ്രാജ്യത്വത്തിന്റെ ഒത്താശയോടെ കോൺഗ്രസ്സിന്റെ നേതൃത്വം പൂർണ്ണമായും ദേശീയ ബൂർഷ്വാസിയുടെ നിയന്ത്രണത്തിലായി.

**സിപിഐയുടെ മാർക്സിസ്റ്റ് വിരുദ്ധ നിലപാട്**

സിപിഐ നേതാജിയുടെ പിന്നിൽ ഉറച്ചുനിന്നിരുന്നെങ്കിൽ ഇത് സാദ്ധ്യമാകുമായിരുന്നില്ല. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകളുടെ കടമകൾ നിർവ്വചിച്ചുകൊണ്ട് മഹാനായ സ്റ്റാലിൻ 1925-ൽ പറഞ്ഞു:"ദേശീയ ബൂർഷ്വാസി വിപ്ലവകാരികളെന്നും സന്ധിമനോഭാവക്കാരെന്നും രണ്ടു ധാരകളായി പിരിഞ്ഞിരിക്കുന്നു എന്നുമാത്രമല്ല, സന്ധിമനോഭാവക്കാർ ഇതിനകംതന്നെ പൊതുവിൽ സാമ്രാജ്യത്വവുമായി ഒരു ധാരണയിലെത്തിയിരിക്കുന്നു. ഇന്ത്യപോലുള്ള കോളനികളിലെ ജീവിത സാഹചര്യങ്ങളിൽവന്ന നൂതനവും അടിസ്ഥാനപരവുമായ സവിശേഷത, സാമ്രാജ്യത്വത്തെക്കാൾ വിപ്ലവത്തെ ഭയപ്പെടുന്നതുകൊണ്ടും നാടിന്റെ താല്പര്യത്തെക്കാൾ സ്വന്തം പണസഞ്ചിയെക്കുറിച്ച് ആശങ്കാകുലരായിരിക്കുന്നതുകൊണ്ടും ബൂർഷ്വാസിയിലെ ഏറ്റവും സമ്പന്നരും സ്വാധീനമുള്ളവരുമായ വിഭാഗം പൂർണ്ണമായും വിപ്ലവത്തിന്റെ നിതാന്ത ശത്രുക്കളായ സാമ്രാജ്യത്വത്തിന്റെ ചേരിയിലേക്ക് മാറിയിരിക്കുന്നു എന്നതാണ്. അങ്ങനെ അവർ രാജ്യത്തെ തൊഴിലാളികൾക്കും കർഷകർക്കുമെതിരെ സാമ്രാജ്യത്വവുമായി ചേർന്ന് ഒരു സഖ്യം സ്ഥാപിച്ചിരിക്കുന്നു. ഈ സഖ്യം തകർക്കാതെ വിപ്ലവം സാദ്ധ്യമല്ല. അതിന്, കമ്മ്യൂണിസ്റ്റുകൾ ബൂർഷ്വാസിയിലെ സന്ധിമനോഭാവക്കാരെ ഒറ്റപ്പെടുത്തിക്കൊണ്ട് അതിലെ വിപ്ലവധാരയുമായി പരസ്യമായ സഖ്യം രൂപപ്പെടുത്തേണ്ടതുണ്ട്. എങ്കിൽ മാത്രമേ സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിൽ പട്ടണങ്ങളിലും ഗ്രാമങ്ങളിലുമുള്ള ഇടത്തരക്കാരുടെ വിശാലവിഭാഗങ്ങളെ അണിനിരത്താൻ കഴിയൂ" (തെരഞ്ഞെടുത്ത കൃതികൾ, വാല്യം 7). എന്നാൽ അവിഭക്ത കമ്മ്യൂണിസ്റ്റ്പാർട്ടി ഇതിന് നേർവിപരീതമായ കാര്യമാണ് ചെയ്തത്. അതുകൊണ്ടുതന്നെ അത് സന്ധിമനോഭാവക്കാരായ വിഭാഗത്തിന് സഹായകമായി. കോൺഗ്രസ്സിൽനിന്ന് പുറത്താക്കപ്പെട്ട നേതാജി, രാജ്യത്തെ ഇടതുപക്ഷപാർട്ടികളെയെല്ലാം ഒന്നിപ്പിക്കുന്നതിനുവേണ്ടി അന്നത്തെ അവിഭക്ത ബീഹാറിലെ രാംഗറിൽ ഒരു സമ്മേളനം വിളിച്ചുചേർത്തിരുന്നു. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയെയും അതിലേയ്ക്ക് ക്ഷണിച്ചിരുന്നു. അന്ന് നേതാജി പറഞ്ഞത്, "ഇപ്രകാരം മാത്രമേ വലതുപക്ഷ ശക്തികളെ തുരത്താനും രാജ്യത്ത് ഒരു യഥാർത്ഥ മാർക്സിസ്റ്റ് പാർട്ടി ഉയർന്നുവരുന്നതിന് കളമൊരുക്കാനും കഴിയൂ"എന്നാണ് (ക്രോസ് റോഡ്സ്). എന്നിട്ടും അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി അതിനോട് സഹകരിക്കാൻ തയ്യാറായില്ല.

**മാർക്സിസത്തോടും സോവിയറ്റ് സോഷ്യലിസത്തോടും നേതാജിക്ക് ആദരവുണ്ടായിരുന്നു.**

ശക്തനായ ഒരു ദേശീയ വിപ്ലവനേതാവായിരുന്ന നേതാജി എത്ര വിശ്വാസത്തോടെയും ആദരവോടെയുമാണ് മാർക്സിസത്തെയും സോവിയറ്റ് സോഷ്യലിസത്തെയും വീക്ഷിച്ചതെന്ന കാര്യം അദ്ദേഹത്തിന്റെ ചില നിരീക്ഷണങ്ങളിൽ നിന്ന് വ്യക്തമാണ്. അദ്ദേഹമൊരിക്കൽ പറഞ്ഞു, "പത്തൊമ്പതാം നൂറ്റാണ്ടിൽ മാർക്സിയൻ തത്വചിന്തയിലൂടെ ജർമ്മനി ലോകത്തിന് സുപ്രധാനമായ സംഭാവന നൽകി. ഇരുപതാം നൂറ്റാണ്ടിൽ റഷ്യ, തൊഴിലാളിവർഗ്ഗ വിപ്ലവത്തിലൂടെയും തൊഴിലാളിവർഗ്ഗ ഭരണത്തിലൂടെയും, തൊഴിലാളിവർഗ്ഗ സംസ്കാരത്തിലൂടെയും നാഗരികതയെയും സംസ്കാരത്തെയും സമ്പുഷ്ടമാക്കി" (ഇന്ത്യൻ പൊളിറ്റിക്കൽ കോൺഫ്രൻസിലെ അദ്ധ്യക്ഷപ്രസംഗം, ലണ്ടൻ, ജൂൺ 10, 1933). അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വിജയകരമായ മുന്നേറ്റത്തിൽ ഏറെ പ്രതീക്ഷയർപ്പിച്ച അദ്ദേഹത്തിന്റെ നിരീക്ഷണം ഇപ്രകാരമായിരുന്നു: "ഇന്നത്തെ ലോകസാഹചര്യത്തിൽ വ്യത്യസ്ത ധാരകളെയും എതിർധാരകളെയും വിശാലാടിസ്ഥാനത്തിൽ രണ്ടായി തരംതിരിക്കാം. ഒന്ന് സാമ്രാജ്യത്വവും മറ്റൊന്ന് അതിനെതിരായ കമ്മ്യൂണിസ്റ്റ് മുന്നേറ്റവും. അതുകൊണ്ടുതന്നെ, ഹിറ്റ്ലറിസത്തിന്റെ അന്ത്യമെന്നാൽ കമ്മ്യൂണിസത്തിന്റെ സ്ഥാപനം എന്നാണർത്ഥം" (പുരുലിയയിലെ സ്വീകരണ സമ്മേളനത്തിലെ പ്രസംഗം 1939). മറ്റൊരു വിപ്ലവകാരിയായ ബാരിൻ ഘോഷിന് 1930ൽ അദ്ദേഹം ഇപ്രകാരമെഴുതി: "ഇന്നുവരെ സ്വാതന്ത്ര്യമെന്നാൽ രാഷ്ട്രീയ സ്വാതന്ത്ര്യം എന്നാണ് നമ്മൾ അർത്ഥമാക്കിയത്. എന്നാൽ, ജനങ്ങളെ രാഷ്ട്രീയ ബന്ധനത്തിൽനിന്നു മാത്രമല്ല, എല്ലാ കെട്ടുപാടുകളിൽ നിന്നും സ്വതന്ത്രമാക്കുമെന്ന് നമ്മൾ പ്രഖ്യാപിക്കണം. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ അടിച്ചമർത്തലുകളിൽ നിന്നുള്ള മോചനമായിരിക്കും സ്വാതന്ത്ര്യസമരത്തിന്റെ ലക്ഷ്യം. എല്ലാ കെട്ടുപാടുകളും പൊട്ടിച്ചെറിയുമ്പോൾ കമ്മ്യൂണിസത്തെ അടിസ്ഥാനമാക്കിയ ഒരു പുതിയ സമൂഹം സ്ഥാപിതമാകും. വർഗ്ഗരഹിതവും സ്വതന്ത്രവുമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്നതായിരിക്കും സ്വാതന്ത്ര്യസമരത്തിന്റെ മുഖ്യലക്ഷ്യം." (ലോക്മത് പത്രിക). ഇറ്റലിയെക്കുറിച്ച് പരാമർശിക്കുമ്പോൾ അദ്ദേഹം ഇങ്ങനെ വിലപിച്ചു: "1922-ൽ ഇറ്റലി എല്ലാ അർത്ഥത്തിലും സോഷ്യലിസത്തിന് പാകമായിരുന്നു. ഒരു ഇറ്റാലിയൻ ലെനിനെ മാത്രമാണവർക്ക് വേണ്ടിയിരുന്നത്. അത് സംഭവിച്ചില്ല, സോഷ്യലിസ്റ്റുകൾക്ക് അവസരം നഷ്ടപ്പെടുകയും ചെയ്തു...സോഷ്യലിസത്തിനു പകരം ഇറ്റലി ഒടുവിൽ ഫാസിസത്തിന് കീഴിലായി" (ക്രോസ് റോഡ്സ്). യുദ്ധം പരാജയപ്പെട്ടതിനു ശേഷം സിങ്കപ്പൂർ റേഡിയോയിൽ നടത്തിയ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: " യൂറോപ്യൻ നാടുകളുടെ ഭാഗധേയം ഇന്ന് ഒരാളുടെ കൈകളിലാണ്, അത് മറ്റാരുമല്ല, മാർഷൽ സ്റ്റാലിൻ തന്നെ. ലോകം മുഴുവൻ, വിശേഷിച്ച് യൂറോപ്പ്, അതിനാൽ ശ്വാസമടക്കിപ്പിടിച്ച് വരും നാളുകളിലെ സോവിയറ്റ് യൂണിയന്റെ നീക്കങ്ങൾ ആകാംക്ഷയോടെ പിന്തുടരും" (സുഭാഷ്ചന്ദ്ര, ബംഗാളിയിലുള്ള സമാഹൃത കൃതികൾ, വാല്യം 6).

**അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭാഗമായ സിപിഐ(എം)-ഉം തുല്യനിലയിൽ തെറ്റുകാരാണ്.**

നേതാജിയെപ്പോലെ വ്യക്തമായ നിലപാടുള്ള, തലയെടുപ്പുള്ള ഒരു വ്യക്തിത്വത്തെ പിന്തുണയ്ക്കാതിരിക്കുകവഴി അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി, കോൺഗ്രസ്സിലെ ബൂർഷ്വാ നേതൃത്വത്തെ സഹായിക്കുകയായിരുന്നു. ഒരു ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നെങ്കിൽ ഒരിക്കലും അങ്ങനെ ചെയ്യാൻ കഴിയുമായിരുന്നില്ല. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭാഗമായിരുന്ന സിപിഐ(എം)ഉം ഇക്കാര്യത്തിൽ തുല്യ നിലയിൽ കുറ്റക്കാരാണ്. സിപിഐ(എം), സിപിഐ പാർട്ടികളുടെ ഇന്നത്തെ അവസ്ഥ കാണുമ്പോൾ, അന്ന് അവർ ഇങ്ങനെയൊരു നിലപാട് എടുത്തത് സ്വാഭാവികമെന്നേ പറയാൻ കഴിയൂ. അവർ ഗാന്ധിപക്ഷക്കാരനായ നെഹ്റുവിനോടൊപ്പം ചേർന്ന് നേതാജിയെപ്പോലൊരു ദേശസ്നേഹിയെ,"ദേശദ്രോഹി"യെന്നും "ജപ്പാൻ ചാരൻ" എന്നും മറ്റും വിളിച്ചു. രണ്ടാം ലോകയുദ്ധ സാഹചര്യം ഉപയോഗപ്പെടുത്തി, വിദേശശക്തികളുടെ സഹായത്താൽ സ്വാതന്ത്ര്യസമരം ശക്തിപ്പെടുത്താനായി നേതാജി രാജ്യത്തുനിന്ന് പലായനം ചെയ്തു. ആദ്യം അദ്ദേഹം സോവിയറ്റ് യൂണിയനിലേയ്ക്ക് പോയി. ഫാസിസ്റ്റ് ജർമ്മനിയും ഇറ്റലിയും ജപ്പാനും ചേർന്ന സാമ്രാജ്യത്വ അച്ചുതണ്ട് ശക്തികൾ സോവിയറ്റ് യൂണിയനെ ആക്രമിക്കാൻ കോപ്പുകൂട്ടുകയാണെന്നും അതിനാൽ ഇംഗ്ലണ്ട്, ഫ്രാൻസ്, അമേരിക്ക

(ശേഷം 6-ാം പേജിൽ)

# മുൻസിഫ് – മജിസ്ട്രേറ്റ് നിയമന രീതി: ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറം സെമിനാർ സംഘടിപ്പിച്ചു

*മുൻസിഫ് - മജിസ്ട്രേറ്റ് നിയമന രീതി: പൊളിച്ചെഴുത്ത് ആവശ്യമോ?* എന്ന വിഷയത്തിൽ ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ജൂൺ 25ന് കണ്ണൂർ ജവഹർ ലൈബ്രറി ഓഡിറ്റോറിയത്തിൽ വച്ച് സെമിനാർ സംഘടിപ്പിച്ചു. പ്രമുഖ അഭിഭാഷകനായ അഡ്വ. മഞ്ചേരി സുന്ദർരാജ് സെമിനാർ ഉദ്ഘാടനം ചെയ്തു. "നിയമന രീതി എന്തായാലും നിയമിക്കപ്പെട്ട ശേഷം ജഡ്ജിമാരായി വരുന്നവരുടെ തെറ്റായ പ്രവൃത്തികളെ കൈകാര്യം ചെയ്യേണ്ടത് അഭിഭാഷക സമൂഹമാണെന്നും നീതിബോധവും സത്യസന്ധതയും ഇല്ലാത്തവർ ജഡ്ജിമാരായി നിയമിക്കപ്പെടുന്നതിനാൽ ജുഡീഷ്യറി ദുർബലമായിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഓൾ ഇൻഡ്യാ ലോയേഴ്സ് യൂണിയൻ കണ്ണൂർ ജില്ലാ സെക്രട്ടറി അഡ്വ. ബി.പി.ശശീന്ദ്രൻ, ഭാരതീയ അഭിഭാഷക പരിഷത്ത് ജില്ലാ സെക്രട്ടറി അഡ്വ. പി.പി.സതീഷ്കുമാർ, അഡ്വ. കസ്തൂരി ദേവൻ എന്നിവർ സെമിനാറിൽ പങ്കെടുത്തു സംസാരിച്ചു. മുൻസിഫ് - മജിസ്ട്രേറ്റ് നിയമന രീതിയെക്കുറിച്ചും ജുഡീഷ്യറിയുടെ അപചയത്തെ സംബന്ധിച്ചും പൊതുസമൂഹം കൂടി ചർച്ച ചെയ്യുന്ന സാഹചര്യം ഉണ്ടാകണമെന്ന് ഡെമോക്രാറ്റിക് ലോയേഴ്സ് ഫോറം സംസ്ഥാന കൺവീനർ അഡ്വ. ഇ.എൻ. ശാന്തിരാജ് അഭിപ്രായപ്പെട്ടു. അഡ്വ.ടി.ജെ. ഡിക്സൺ അദ്ധ്യക്ഷത വഹിച്ചു. അഡ്വ.ഇ. സനൂപ്, അഡ്വ.പി.സി.വിവേക്, അഡ്വ. ടി.ധനേഷ് കുമാർ എന്നിവരും പ്രസംഗിച്ചു. ●




സെമിനാർ അഡ്വ.മഞ്ചേരി സുന്ദർരാജ് ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ അഡ്വ. ബി.പി. ശശീന്ദ്രൻ, അഡ്വ. പി.പി.സതീഷ്കുമാർ, അഡ്വ. കസ്തൂരി ദേവൻ തുടങ്ങിയവർ

# മാർക്സിസത്തോടും സോഷ്യലിസത്തോടും നേതാജി ആദരവുപുലർത്തി



(5-ാം പേജിൽ നിന്ന്)

എന്നിവയുമായി ഐക്യമുണ്ടാക്കാൻ സോവിയറ്റ് യൂണിയൻ നിർബ്ബന്ധിതമായിരിക്കുകയാണെന്നും സോവിയറ്റ് നേതൃത്വം അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി. അതിനാൽ സോവിയറ്റ് യൂണിയന് നേതാജിയെ സഹായിക്കാൻ കഴിയുമായിരുന്നില്ല. ഈ നിലപാടിലെ ന്യായയുക്തത നേതാജിക്ക് ബോദ്ധ്യപ്പെട്ടതുകൊണ്ടുതന്നെ ഒരിക്കൽപ്പോലും ഇതിലദ്ദേഹം പരിഭവിച്ചില്ല. നേതാജി ജർമ്മനിവഴി ജപ്പാനിലേയ്ക്കുപോയി. ജപ്പാൻ തടവുകാരാക്കിയ ഇന്ത്യൻ പട്ടാളക്കാരെയും ബർമ്മയിലും മറ്റുമുണ്ടായിരുന്ന ഇന്ത്യക്കാരെയും സംഘടിപ്പിച്ചുകൊണ്ട്, ഇന്ത്യൻ നാഷണൽ ആർമിക്ക് (ഐഎൻഎ) രൂപം നൽകി, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ആക്രമണമഴിച്ചുവിട്ടു. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ തുടങ്ങിവച്ചത് വിപ്ലവകാരിയായ റാഷ് ബിഹാരി ബോസ് ആയിരുന്നു. ജപ്പാനിൽനിന്നും സഹായം സ്വീകരിക്കുക എന്നത് നേതാജിയുടെ തന്ത്രപരമായ നിലപാടായിരുന്നു. ഇത് ശരിയായിരുന്നോ എന്ന കാര്യം ചർച്ച ചെയ്യാവുന്നതാണ്. എന്നാൽ ഇത് ഇന്ത്യയുടെമേൽ ജപ്പാന്റെ ആധിപത്യം സ്ഥാപിക്കാനായിരുന്നു എന്ന് നേതാജിയെപ്പോലൊരു ദേശസ്നേഹിയെക്കുറിച്ച് ഒരിക്കലും പറയാനാവില്ല. എന്നാൽ ഇത്തരമൊരാരോപണമാണ് ബ്രിട്ടീഷ് സാമ്രാജ്യത്വവും കോൺഗ്രസ് എന്ന ബൂർഷ്വാ പ്രസ്ഥാനവും അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയും ഉന്നയിച്ചത്.

**നേതാജിയുടെ നിലപാട് ജനങ്ങൾ എന്തുകൊണ്ട് മനസ്സിലാക്കിയില്ല.**

ചരിത്രത്തിൽനിന്ന് ശരിയായ പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിയാതെ ഇന്ന് വിലപിച്ചിട്ട് യാതൊരു കാര്യവുമില്ല. മാദ്ധ്യമപ്രചാരണത്താൽ വഴിതെറ്റിപ്പോകാതെ, ഇന്ത്യൻ മുതലാളിവർഗ്ഗവും ബ്രിട്ടീഷ് സാമ്രാജ്യത്വ ശക്തികളും ഗാന്ധിയൻ നേതൃത്വവും നേതാജിക്കെതിരെ നടത്തിയ ഹീനമായ ഗൂഢാലോചന തിരിച്ചറിയാനും അദ്ദേഹത്തിന്റെ പിന്നിൽ ഉറച്ചുനിൽക്കാനും രാജ്യത്തെ ജനങ്ങൾക്ക് കഴിഞ്ഞിരുന്നെങ്കിൽ ഇങ്ങനെയൊരു ദുരന്തം ഒരിക്കലും സംഭവിക്കുമായിരുന്നില്ല. മാദ്ധ്യമങ്ങൾ രക്ഷകരായി അവതരിപ്പിക്കുന്നവരും പണവും ആൾസ്വാധീനവുമുള്ളവരുമായ ആളുകളുടെ പിന്നാലെ പോകുകയും യുക്തിക്കും സത്യത്തിനും പ്രത്യയശാസ്ത്രത്തിനുമൊന്നും വില കൽപ്പിക്കാതിരിക്കുകയും ചെയ്യുന്ന ഒരു പ്രവണത അന്നു മുതൽ നമുക്ക് കാണാനാകും. എന്തുകൊണ്ടാണ് വലിയ ബിസ്സിനസുകാർ ചിലയാളുകൾക്ക് വൻതോതിൽ പണവും മാദ്ധ്യമ പിന്തുണയും നൽകുന്നതെന്ന് ആരും ചിന്തിച്ചില്ല. ജനങ്ങളുടെ താല്പര്യമാണോ അതോ സ്വന്തം താല്പര്യമാണോ ഇതിനു പിന്നിൽ? ഇത് രാജ്യത്തിന് നാശമാണ് വരുത്തിവയ്ക്കുന്നത്. തങ്ങൾ പറയുന്നത് ചോദ്യം ചെയ്യാതെ അനുസരിക്കാൻ, ജനങ്ങളെ അജ്ഞതയിലും അന്ധതയിലും തളച്ചിടുകയാണീ നേതാക്കൾ. എന്തിന് വെറുതെ രാഷ്ട്രീയ വയ്യാവേലികൾ എടുത്ത് തലയിൽ വയ്ക്കുന്നു എന്നതാണ് ജനങ്ങളുടെ ഇടയിൽ സ്വാധീനം നേടുന്ന ചിന്താഗതി. നേതാക്കൻമാർക്ക് ശരിയെന്നു തോന്നുന്നത് അവർ ചെയ്യട്ടെ. ഇത് ഇന്നും ആവർത്തിക്കുന്നു. പ്രവാചകനായി അവതരിപ്പിക്കപ്പെടുന്ന ഗാന്ധിജിയുടെ പിന്നിൽ, മുതലാളിത്തവിരുദ്ധ വിപ്ലവത്തെ ഭീതിയോടെ കാണുന്ന ഇന്ത്യൻ മുതലാളിവർഗ്ഗവും ബ്രിട്ടീഷ് സാമ്രാജ്യത്വവുമാണെന്നും, സ്വാതന്ത്ര്യ സമ്പാദനത്തിനായി സായുധസമരത്തിന്റെ മാർഗ്ഗം അവലംബിക്കുന്നതിനോടും നേതാജി നേതൃത്വത്തിൽ വരുന്നതിനോടും ഇക്കൂട്ടർക്ക് കടുത്ത എതിർപ്പാണുള്ളതെന്നും തിരിച്ചറിയാൻ കഴിഞ്ഞിരുന്നെങ്കിൽ കൂടുതൽ ശക്തവും ഫലപ്രദവുമായ ഒരു പങ്ക് നിർവ്വഹിക്കുവാൻ ജനങ്ങൾക്ക് കഴിയുമായിരുന്നു. ഗാന്ധിജിയുടെ ഈ സ്ഥാനം കൃത്യമായി നിർണ്ണയിക്കാൻ മഹാനായ സാഹിത്യകാരൻ ശരത്ചന്ദ്ര ചാറ്റർജിക്ക് കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ കഴമ്പുറ്റ അഭിപ്രായം ഇപ്രകാരമായിരുന്നു, "ഗാന്ധിജി ബിസ്സിനസ്സുകാരാൽ വലയം ചെയ്യപ്പെട്ടിരിക്കുകയാണ്. സോഷ്യലിസത്തെയും വിപ്ലവത്തെയുമാണ് അദ്ദേഹം ഏറെ ഭയക്കുന്നത്. ഇന്ന് രാജാവില്ല. പക്ഷേ രാജകീയമായ അധികാരശക്തി നിലനിൽക്കുന്നുണ്ട്. രാഷ്ട്രീ യത്തെ ഇന്ന് പ്രധാനമായും നിയന്ത്രിക്കുന്നത് വ്യാപാരവും വാണിജ്യവുമൊക്കെയാണ്. ചൂഷണം ഉറപ്പാക്കുന്നതാണ് അവരുടെ ഭരണം." അന്നു സംഭവിച്ച ദുരന്തത്തിൽനിന്ന് ശരിയായ പാഠങ്ങൾ ഉൾക്കൊള്ളുന്നതിനുവേണ്ടിയാണ്, രാജ്യത്തിന്റെ ഇന്നത്തെ ദുസ്ഥിതിയിൽ ഈ വാക്കുകൾ ഞാൻ ഓർമ്മിപ്പിക്കുന്നത്.

**സ്വാതന്ത്ര്യസമരത്തിനും നേതാജിക്കും എതിരായ ആർഎസ്എസ്-ന്റെ നിലപാട്.**

ആർഎസ്എസ്-ന്റെ നേതൃത്വവും (അന്ന് ജനസംഘവും ബിജെപിയും ഇല്ല) നേതാജിയെ എതിർത്തു. ആൻഡമാനിൽ 12 വർഷം തടവിൽ ചങ്ങലക്കിട്ടിരുന്ന, പിന്നീട് ഇന്ത്യയിലും കിഴക്കൻ പാകിസ്ഥാനിലുമായി മുപ്പതുവർഷം ബ്രിട്ടീഷ് ഇന്ത്യയിൽ തടവിൽക്കഴിഞ്ഞ ആദരണീയനായ വിപ്ലവപ്പോരാളി ത്രൈലോകനാഥ് ചക്രവർത്തി, അദ്ദേഹത്തിന്റെ ആത്മകഥയിൽ, നേതാജിക്ക് പിന്തുണ അഭ്യർത്ഥിച്ച് ആർഎസ്എസ് നേതൃത്വത്തെ സമീപിച്ചതും അവർ അത് നിരസിച്ചതുമായ കാര്യങ്ങൾ വേദനയോടെ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടു കാരണങ്ങളാണ് ഇതിനുണ്ടായിരുന്നത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ ഇന്ത്യൻ സ്വാതന്ത്ര്യസമരം ഹിന്ദുക്കളും മുസ്‌ളീങ്ങളുമെല്ലാം ഐക്യത്തോടെ കഴിയുന്ന ഏകീകൃതമായൊരു രാഷ്ട്രത്തിനുവേണ്ടിയാണ് ആഹ്വാനം ചെയ്തിരുന്നത്. ഇത് ദേശദ്രോഹപരവും പിന്തിരിപ്പനുമാണെന്ന് വിലയിരുത്തുകയും അതിനെ ആർഎസ്എസ് എതിർക്കുകയും ചെയ്തു. ആർഎസ്എസ് ഒരു ഹിന്ദു രാഷ്ട്രത്തിനുവേണ്ടിയാണ് നിലകൊണ്ടിരുന്നത്. അതുകൊണ്ടവർ സ്വാതന്ത്ര്യസമരത്തെ എതിർത്തു. ഈ ആശയം വെളിവാക്കിക്കൊണ്ട് ഗോൾവാൾക്കർ ഇങ്ങനെ രേഖപ്പെടുത്തുന്നു. "ഉപദേശീയതയെയും പൊതുവിപത്തിനെയും അടിസ്ഥാനമാക്കിയുള്ള രാഷ്ട്രസങ്കല്പത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ, യഥാർത്ഥഹിന്ദുരാഷ്ട്രത്തെ സംബന്ധിച്ച അസന്നിഗ്ദ്ധവും പ്രചോദനാത്മകവുമായ ഉള്ളടക്കം നമുക്ക് നിഷേധിക്കുകയും 'സ്വാതന്ത്ര്യസമരങ്ങളെ' ഫലത്തിൽ ബ്രിട്ടീഷ്‌വിരുദ്ധ സമരങ്ങളാക്കി മാറ്റുകയും ചെയ്യുന്നു. ബ്രിട്ടീഷ് വിരുദ്ധതയെ ദേശസ്നേഹത്തോടും ദേശീയബോധത്തോടും തുലനം ചെയ്യുന്നു. ഈ പിന്തിരിപ്പൻ വീക്ഷണം സ്വാതന്ത്ര്യസമരത്തിന്റെ ഗതിവിഗതികളിലാകെത്തന്നെയും അതിന്റെ നേതാക്കളിലും സാധാരണ ജനങ്ങളിലുമെല്ലാം ദുരന്തഫലം ഉളവാക്കിയിട്ടുണ്ട്."(വിചാരധാര-ഗോൾവാൾക്കർ). അതായത്, ആർഎസ്എസി നെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് സാമ്രാജ്യത്വത്തോടുള്ള ശത്രുതയല്ല, മുസ്ലീം വിരുദ്ധനിലപാടും ഹിന്ദുരാഷ്ട്ര സ്ഥാപനവുമാണ് ദേശസ്നേഹവും ദേശീയബോധവുമൊക്കെ എന്നർത്ഥം. ഈ കാഴ്ചപ്പാടിൽ നോക്കുമ്പോൾ നേതാജി മാത്രമല്ല, സി.ആർ.ദാസും ലാലാജിയും തിലകനും തുടങ്ങി ധീരരക്തസാക്ഷികളായ ഖുദിറാമും ഭഗത്സിംഗും സൂര്യസെന്നും അസഫാഖുള്ളയും ചന്ദ്രശേഖർ ആസാദുമൊന്നും ദേശസ്നേഹികളല്ല. രണ്ടാമതായി, വർഗ്ഗീയതയെ രൂക്ഷമായി വിമർശിച്ചുകൊണ്ട് നേതാജി പറഞ്ഞു, "ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ നിതാന്ത ശത്രുത പുലർത്താനുള്ള ഒരു കാരണവും നമ്മുടെ രാജ്യത്തില്ല. സ്ഥാപിത താല്പര്യക്കാരായ ഒരുവിഭാഗം അവരുടെ സങ്കുചിതമായ വീക്ഷണം വച്ചുകൊണ്ട് ഈ വിഭാഗങ്ങൾക്കിടയിൽ തെറ്റിദ്ധാരണയും ശത്രുതയും സൃഷ്ടിച്ചെടുക്കുകയാണ്...സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ ഇവരെയും നാം ശത്രുക്കളായിത്തന്നെ കാണേണ്ടതുണ്ട്...."(രാജ്സാഹിയിലെ പൊതുയോഗത്തിൽ നടത്തിയ പ്രസംഗം,1928). "....ഇന്ത്യയിൽ ഹിന്ദുക്കൾ ഭൂരിപക്ഷമായതുകൊണ്ട് 'ഹിന്ദുരാഷ്ട്ര'മെന്നും ഹിന്ദുക്കളുടെ ഭരണമെന്നുമൊക്കെയുള്ള വാദഗതികൾ അവതരിപ്പിക്കപ്പെടുന്നുണ്ട്. ഇതെല്ലാം വെറും ഭോഷ്ക്കാണ്"(സുഭാഷ്ചന്ദ്ര ബോസ്-സമാഹൃത കൃതികൾ)....."ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും താല്പര്യങ്ങൾ ഭിന്നമാണ് എന്നതിനെക്കാൾ വലിയ കള്ളമില്ല.....ഇങ്ങനെ പറയുന്നവർ അസത്യ പ്രചാരണമാണ് നടത്തുന്നത്. പട്ടിണിയും തൊഴിലില്ലായ്മയും നിരക്ഷരതയുമാണ് അടിസ്ഥാന പ്രശ്നങ്ങൾ. ഇക്കാര്യങ്ങളിലെല്ലാം രണ്ടുകൂട്ടർക്കും ഒരേ താല്പര്യമാണുള്ളത്"(കുസ്തിയയിലെ പ്രസംഗം 1928). "ഹിന്ദുമഹാസഭ ശൂലംപിടിച്ച സന്യാസികളെയും സന്യാസിനിമാരെയും വോട്ടുപിടിക്കാൻ നിയോഗിക്കുന്നു. ശൂലവും കാവിയുമൊക്കെ കാണുമ്പോൾ ഹിന്ദുക്കൾ വണങ്ങും. ഇങ്ങനെ രാഷ്ട്രീയരംഗം മതത്തെ ഉപയോഗപ്പെടുത്തി മലിനമാക്കിക്കൊണ്ടാണ് ഹിന്ദുമഹാസഭ രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നത്.....ഏതൊരു ഹിന്ദുവും ഇതിനെ അപലപിക്കേണ്ടതാണ്.....സ്വാതന്ത്ര്യപ്രേമികളായ മുഴുവൻ സ്ത്രീ-പുരുഷൻമാരും ഒറ്റക്കെട്ടായി, ആത്മാർത്ഥമായി രാജ്യത്തെ സേവിക്കുകയാണ് വേണ്ടത്" (ജാർഗ്രാം പ്രസംഗം, ആനന്ദബസാർ പത്രിക, 14-5-1940). രാഷ്ട്രീയത്തിൽ മതം ഇടപെടുന്നതിനെതിരെ നേതാജി പറഞ്ഞു, "മതം പൂർണ്ണമായും രാഷ്ട്രീയത്തിൽ നിന്ന് അകന്നുനിൽക്കണം. അത് ഒരാളുടെ വ്യക്തിപരമായ വിഷയമാണ്. മനുഷ്യനെന്ന നിലയിൽ ഏതൊരാൾക്കും ഏതു മതത്തിലുമുള്ള വിശ്വാസം പ്രകടിപ്പിക്കാൻ പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരിക്കണം. എന്നാൽ രാഷ്ട്രീയം ഏതെങ്കിലും മതത്താലോ അലൗകിക സങ്കല്പങ്ങളാലോ നയിക്കപ്പെടാൻ പാടില്ല. അതിനെ നയിക്കേണ്ടത് സാമ്പത്തിക, രാഷ്ട്രീയ, ശാസ്ത്രീയ യുക്തികളായിരിക്കണം."(ഫോർവേഡ് ബ്ലോക്ക് കോൺഫറൻസ്, ബോംബെ,1939). നേതാജിയുടെ ഐഎൻഎ-യിൽ മതത്തിന് ഒരു സ്ഥാനവുമുണ്ടായിരുന്നില്ല. കമാൻഡർ-ഇൻ-ചീഫ് അടക്കം പല സുപ്രധാന ഉത്തരവാദിത്വങ്ങളും നിർവ്വഹിച്ചിരുന്നത് കഴിവും യോഗ്യതയുമുള്ള മുസ്ലീങ്ങളായിരുന്നു. അപ്പോൾപ്പിന്നെ, ബിജെപിയുടെ മാതൃ സംഘടനയായ ആർഎസ്എസ് നേതാജിയെ പിന്തുണയ്ക്കുന്നതെങ്ങനെ? കോൺഗ്രസ്സിലെ വലതുപക്ഷ നേതൃത്വവും ആർഎസ്എസും അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുമൊക്കെ നേതാജിയോട് സ്വീകരിച്ച നിന്ദ്യമായ നിലപാടുകളെക്കുറിച്ച് ഔദ്യോഗിക ചരിത്രപുസ്തകങ്ങളിൽ ഒരു പരാമർശവുമില്ല എന്നതിനാൽ ജനസാമാന്യത്തിന് ഇക്കാര്യങ്ങൾ അറിയില്ല എന്ന കാര്യവും ഇവിടെ പറയേണ്ടതുണ്ട്

**രാജ്യം നേരിടുന്ന പ്രതിസന്ധി**

രാജ്യത്തിന്റെ ഇന്നത്തെ സ്ഥിതി എന്താണ്? യുദ്ധവെറിയൻ അമേരിക്കയുടെ പ്രസിഡന്റിന് സ്വീകരണം നൽകുന്ന ചടങ്ങിൽ, ഇന്ത്യൻ പ്രസിഡന്റിന്റെ കൊട്ടാരത്തിൽ പ്രധാനമന്ത്രിയും പ്രസിഡന്റും വ്യവസായ പ്രമുഖരുമൊക്കെ വിഭവസമൃദ്ധമായ ഡിന്നർ കഴിച്ചുകൊണ്ടിരിക്കുമ്പോൾ, രാജ്യത്തെ സർക്കാർ മന്ദിരങ്ങളൊക്കെ വർണ്ണാഭമായി അലങ്കരിച്ച് ആഘോഷത്തിന് മോടി കൂട്ടുമ്പോൾ, തെരുവിൽ കഴിയുന്ന കുട്ടികൾ വിശന്ന് വലഞ്ഞ് കുപ്പത്തൊട്ടിയിൽ ഭക്ഷണത്തിനുവേണ്ടി പരതുകയായിരുന്നു. ആഹാരവും വിദ്യാഭ്യാസവും ചികിത്സയും നിഷേധിക്കപ്പെട്ട ലക്ഷക്കണക്കിന് കുട്ടികളാണ് ഒരു കൂരപോലുമില്ലാതെ തെരുവോരത്ത് കഴിയുന്നത്. 120 കോടി വരുന്ന ജനസംഖ്യയിൽ 66 കോടിയും തൊഴിൽരഹിതരാണെന്ന് പ്രസിഡന്റ് തന്നെ സമ്മതിക്കുന്നുണ്ട്. കോടിക്കണക്കിന് തൊഴിലാളികളാണ് തൊഴിൽമേഖലയിൽനിന്ന് പുറന്തള്ളപ്പെടുന്നത്. 77ശതമാനം പേർക്കും ദിവസം 20 രൂപയേ ചെലവഴിക്കാനുള്ള ശേഷിയുള്ളൂ. ആഹാരവും മരുന്നുമില്ലാതെ വർഷം

(ശേഷം 7-ാം പേജിൽ)

# ഐഎൻപിഎ ഇടുക്കി ജില്ലാ സമ്മേളനം

**ഡോ**. എസ്. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് ഉടൻ നടപ്പിലാക്കണമെന്നും വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായി സർക്കാർ ഏറ്റെടുക്കണമെന്നും ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസ്സോസിയേഷൻ (ഐഎൻപിഎ) സംസ്ഥാന സെക്രട്ടറി എസ്. മിനി ആവശ്യപ്പെട്ടു. ഐഎൻപിഎ രണ്ടാമത് ഇടുക്കി ജില്ലാ സമ്മേളനം രാജാക്കാട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. കേന്ദ്ര സർക്കാർ പലിശയിളവിനനുവദിച്ച 2600 കോടി രൂപയുടെ വിനിയോഗത്തെ സംബന്ധിച്ച് സിബിഐയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. പ്രകൃതിക്ഷോഭം മൂലം വമ്പിച്ച കെടുതികൾ അനുഭവിക്കുന്ന ജില്ലയിലെ കർഷകരുടെ എല്ലാത്തരം വായ്പകളും സർക്കാർ ഏറ്റെടുക്കണമെന്ന് സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡന്റ് കെ.ജെ. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എൻ. വിനോദ് കുമാർ, ഐഎൻപിഎ ആലപ്പുഴ ജില്ലാ സെക്രട്ടറി കെ.ജെ.ഷീല, തങ്കച്ചൻ തൈക്കാട്, രാജു കൊന്നാനാൽ, സജി ചന്ദ്രബാബു, എ.വി. സെബാസ്റ്റ്യൻ, ജോൺ വർഗ്ഗീസ് തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് രാജാക്കാട് ടൗണിൽ ഐഎൻപിഎ ജില്ലാക്കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ പ്രകടനവും യൂണിയൻ ബാങ്കിനു മുന്നിൽ പ്രതിഷേധയോഗവും നടത്തി.

ജില്ലാ ഭാരവാഹികളായി കെ.ജെ. ജോസഫ് (പ്രസി), എ.വി. സെബാസ്റ്റ്യൻ, രാജു കൊന്നാനാൽ (വൈ. പ്രസി), എൻ. വിനോദ്കുമാർ (സെക്രട്ടറി), ഓമന ജോസ് (ജോ. സെക്രട്ടറി), സിബി സി. മാത്യു (ഖജാൻജി) എന്നിവരുൾപ്പെടുന്ന 23 അംഗ കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു. ●




ഐഎൻപിഎ ഇടുക്കി ജില്ലാ സമ്മേളനത്തിനുമുന്നോടിയായി രാജാക്കാട് നടന്ന പ്രകടനം

# നേതാജിയോട് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ചത് മാർക്സിസ്റ്റ് വിരുദ്ധ നിലപാട്



(6-ാം പേജിൽ നിന്ന്)

തോറും ലക്ഷക്കണക്കിനാളുകൾ മരിക്കുന്നു. ജീവിതദുരിതങ്ങൾ കാരണം അനേകംപേർ ആത്മഹത്യ ചെയ്യുന്നു. സ്ത്രീകളും കുട്ടികളും വാണിഭത്തിനിരയാകുന്നു. ജീവിക്കാൻ നിവൃത്തിയില്ലാതെ ആയിരക്കണക്കിന് സ്ത്രീകളാണ് വേശ്യാവൃത്തിയിലേയ്ക്ക് എത്തിപ്പെടുന്നത്. ഗ്രാമങ്ങളിലും നഗരങ്ങളിലും, ബലാത്സംഗത്തിനിരയാകുന്ന സ്ത്രീകളുടെ ദീനരോദനം മുഴങ്ങുന്നു. ഇന്ത്യൻ റിപ്പബ്ലിക്കിലെ പൗരന്റെ സ്ഥിതിയാണിത്. മറുവശത്ത്, സ്വദേശ-വിദേശ കുത്തകകളും കരിഞ്ചന്തക്കാരും പൂഴ്ത്തിവയ്പുകാരും കള്ളപ്പണക്കാരും കഷ്ടപ്പെടുന്നവന്റെ ചോരയൂറ്റി അനുനിമിഷം കോടികളുടെ ലാഭം കൊയ്യുന്നു, ബാങ്ക് ബാലൻസ് പെരുപ്പിക്കുന്നു, രാജ്യത്തും പുറത്തും കൊട്ടാരങ്ങൾ പണിതുയർത്തുന്നു, പണം ധൂർത്തടിച്ച് സുഖിക്കുന്നു. ഇത്തരമൊരു സ്വാതന്ത്ര്യത്തിനുവേണ്ടിയാണോ നേതാജിയും മറ്റും സർവ്വവും സമർപ്പിച്ച് പൊരുതിയത്.

### അവിഭക്ത സിപിഐയെക്കുറിച്ചുള്ള നേതാജിയുടെ വിമർശനം

നേതാജിക്ക് മാർക്സിസത്തോട് അളവറ്റ ആദരവുണ്ടായിരുന്നെങ്കിലും അദ്ദേഹം ഒരു മാർക്സിസ്റ്റ് ആയിരുന്നില്ല. അദ്ദേഹം വിപ്ലവദേശീയവാദിയായിരുന്നു. അതുകൊണ്ടുതന്നെ അവിഭക്തകമ്മ്യൂണിസ്റ്റ് പാർട്ടി യഥാർത്ഥ മാർക്സിസ്റ്റുകളെപ്പോലെ പെരുമാറാത്തതെന്തുകൊണ്ടെന്ന് അദ്ദേഹത്തിന് മനസ്സിലാക്കാനായില്ല. രാജ്യത്ത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ശക്തിപ്പെടുത്തിയെടുക്കണമെന്ന് അദ്ദേഹം അത്മാർത്ഥമായി ആഗ്രഹിക്കുകയും അതിനായി എല്ലാ സഹായങ്ങളും ചെയ്യാൻ സന്നദ്ധനാകുകയും ചെയ്തു. ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായ ഡെയ്‌ലിവർക്കറിന് ലണ്ടനിൽ നൽകിയ ഒരു അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞത്, "ഇന്ത്യയിൽ കമ്മ്യൂണിസത്തിനുവേണ്ടി നിലകൊള്ളുന്നു എന്ന് പ്രതീക്ഷിക്കപ്പെടുന്നവർ ദേശവിരുദ്ധരായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്..... മാർക്സ്, ലെനിൻ മുതലായവരുടെ കൃതികളിലും കമ്മ്യൂണിസ്റ്റ് ഇന്റർ നാഷണലിന്റെ നയരേഖകളിലുംനിന്ന് ഞാൻ മനസ്സിലാക്കിയിട്ടുള്ളതും എനിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമായ കാര്യം അത് ദേശീയ സ്വാതന്ത്ര്യസമരത്തെ പൂർണ്ണമായും പിന്തുണയ്ക്കുകയും അതിന്റെ ലോകവീക്ഷണത്തിന്റെ അഭേദ്യഭാഗമായി അതിനെ കാണുകയും ചെയ്യുന്നു എന്നുള്ളതാണെന്നു കൂടി പറഞ്ഞുകൊള്ളട്ടെ," എന്നാണ് (ക്രോസ് റോഡ്സ്). 1939 ൽ ഏറെ വേദനയോടെ അദ്ദേഹം പറഞ്ഞു: "കമ്മ്യൂണിസത്തിന്റെ സാർവ്വലൗകികമായ സ്വീകാര്യതയുടെ പശ്ചാത്തലമുണ്ടായിട്ടും ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾക്ക് കാര്യമായ വളർച്ച നേടാൻ കഴിയാത്തത്, അതിന്റെ നേതൃത്വം ജനങ്ങളെ ആകർഷിക്കുകയും അവരുമായി ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നതിനുപകരം അവരെ ശത്രുക്കളാക്കിത്തീർക്കുന്നതുകൊണ്ടാണ്" (സമാഹൃത കൃതികൾ). ഇതിലപ്പുറം കാര്യങ്ങൾ മനസ്സിലാക്കാൻ, ഒരു മാർക്സിസ്റ്റ് അല്ലായിരുന്നു എന്നതുകൊണ്ടുതന്നെ, അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. 9 വർഷങ്ങൾക്കു ശേഷം മഹാനായ മാർക്സിസ്റ്റ് ചിന്തകൻ സഖാവ് ശിബാദാസ് ഘോഷാണ്, മാർക്സിസത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യത്തിന് ശരിയായ ഉത്തരം നൽകിയത്. എന്തുകൊണ്ട് സിപിഐ-ക്ക് ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയായി വളർന്നുവരാൻ കഴിഞ്ഞില്ല എന്ന് വിലയിരുത്തുകയും യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന നിലയിൽ 1948 ൽ അദ്ദേഹം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിക്ക് രൂപം കൊടുക്കുകയും ചെയ്തു.

### ഇന്ത്യയിലെ ബൂർഷ്വാ പാർട്ടികൾ ജനങ്ങളെ വഞ്ചിക്കുന്നു

'ദാരിദ്ര്യ നിർമ്മാർജ്ജനം' പോലുള്ള വഞ്ചനാപരമായ മുദ്രാവാക്യങ്ങളുമായി കോൺഗ്രസ്സ് നാടിനെ ഇന്നത്തെ പതനത്തിൽ കൊണ്ടെത്തിച്ചു. 'സൽഭരണം', 'അച്ഛേദിൻ' പോലുള്ള പൊള്ളയായ പ്രഖ്യാപനങ്ങളുമായി ബിജെപി അധികാരമേറ്റപ്പോൾ റെയിൽവെ ചാർജ്ജ് ഒറ്റയടിക്ക് കുത്തനെകൂട്ടി, മരുന്നിന്റെ വില ഭീമമായി വർദ്ധിപ്പിച്ചു, ആരോഗ്യ-വിദ്യാഭ്യാസ ബജറ്റുകൾ ഗണ്യമായി വെട്ടിക്കുറച്ചു, ഭക്ഷ്യ-ഡീസൽ-മണ്ണെണ്ണ സബ്സിഡികളിൽ കാര്യമായ കുറവുവരുത്തി, തൊഴിലുറപ്പു പദ്ധതിയുടെ പ്രധാന്യം കുറച്ചു, കർഷകരുടെ അനുമതിയില്ലാതെ ഭൂമി പിടിച്ചെടുത്ത് കുത്തകകൾക്ക് കൈമാറാനുള്ള നീക്കങ്ങൾ നടത്തി, തൊഴിലാളികളെ യഥേഷ്ടം പിരിച്ചുവിടാൻ വ്യവസായികൾക്ക് അധികാരം നൽകി, സമരം ചെയ്യാനുള്ള തൊഴിലാളികളുടെ അവകാശം പിടിച്ചുപറിച്ചു. അവശ്യസാധനങ്ങളുടെ വില കുതിച്ചുയരുകയാണ്. സർക്കാർ ജോലിക്കുള്ള നിയമനങ്ങൾ മരവിപ്പിച്ചിരിക്കുന്നു. മുതലാളിമാരുടെ കോടിക്കണക്കിന് രൂപയ്ക്കുള്ള വായ്പകളും നികുതി കുടിശ്ശികകളും എഴുതിത്തള്ളി. മുതലാളിമാരുടെ നികുതി നിരക്കുകൾ കുറച്ചു. അങ്ങനെ 'അച്ഛേദിൻ' അഥവാ നല്ലനാളുകൾ സമ്പന്നർക്കും ദുരിതത്തിന്റെ നാളുകൾ ജനങ്ങൾക്കും സമ്മാനിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പിലൂടെ ഗവൺമെന്റ് മാറും, പക്ഷേ മുതലാളിത്ത ചൂഷണത്തിന് മാറ്റമൊന്നുമുണ്ടാകില്ല എന്നകാര്യം ജനങ്ങൾ അറിയണം. സമ്പദ്ഘടനയും രാഷ്ട്രീയവും ഭരണവുമെല്ലാം നിയന്ത്രിക്കുന്നത് മുതലാളിവർഗ്ഗമാണ്. ബിജെപി, കോൺഗ്രസ്സ്, പ്രാദേശിക പാർട്ടികൾ, സിപിഐ(എം) തുടങ്ങി ഏത് വ്യവസ്ഥാപിത പാർട്ടി അധികാരത്തിൽ വന്നാലും അവർ ഭരിക്കുന്നത് കുത്തകകളുടെ താല്പര്യാർത്ഥമായിരിക്കും. പണം, കയ്യൂക്ക്, അധികാരം, മാദ്ധ്യമങ്ങൾ എന്നിവ ഉപയോഗിച്ച് തങ്ങൾക്ക് ഇഷ്ടപ്പെട്ടവരെ അവർ അധികാരത്തിലെത്തിക്കുന്നു. അധികാരക്കൈമാറ്റത്തിനുശേഷം കൊടിയ ചൂഷണം അഭംഗുരം തുടരുന്നതിനായി സ്വാതന്ത്ര്യസമര കാലത്തുതന്നെ ഈ മുതലാളിവർഗ്ഗം ഗൂഢാലോചന നടത്തി, നേതാജിയെപ്പോലുള്ള വിപ്ലവകാരികളെ നേതൃത്വത്തിൽ നിന്ന് പുറത്തുചാടിച്ചു.

### ജനസമരങ്ങളെ ഒഴിവാക്കി ഫാസിസത്തെ ശക്തിപ്പെടുത്താൻ ആർഎസ്എസ്-ബിജെപി ഗൂഢാലോചന

മറുവശത്ത്, അടിച്ചമർത്തപ്പെടുന്നവരുടെ അസംതൃപ്തി ജനസമരത്തിന്റെ രൂപമെടുക്കുന്നതും ഒരു പൊട്ടിത്തെറിയിലെത്തുന്നതും ഒഴിവാക്കാൻ ബിജെപി-ആർഎസ്എസ് ശക്തികൾ ഒരു അപകടകരമായ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. റാംമോഹൻ, വിദ്യാസാഗർ, ഫൂലേ, രവീന്ദ്രനാഥ ടാഗോർ, ശരത്ചന്ദ്ര ചാറ്റർജി, പ്രേംചന്ദ്, സുബ്രഹ്മണ്യഭാരതി, നസ്രുൾ തുടങ്ങിയ മഹാന്മാർ ജനങ്ങളിൽ യുക്തിബോധവും ശാസ്ത്രീയമനോഘടനയും വളർത്തിയെടുക്കാൻ നവോത്ഥാനത്തിന്റെ തിരിതെളിച്ച നാടാണിത്. അതിനായി അവർ എല്ലാത്തരം പിന്നാക്കാവസ്ഥകൾക്കും മതഭ്രാന്തിനും അന്ധവിശ്വാസങ്ങൾക്കുമെതിരെ പോരാടിയെങ്കിൽ, ഇന്ന് ഗീതയുടെയും മനുസ്മൃതിയുടെയും രാമായണ-മഹാഭാരതത്തിന്റെയുമൊക്കെ സഹായത്താൽ മതമേധാവിത്വത്തിന്റെ ഇരുട്ടറയിലേയ്ക്ക് സമൂഹത്തെ ചവുട്ടിത്താഴ്ത്താനുള്ള ശ്രമമാണ് നടക്കുന്നത്. ജീവിതത്തിലെ എല്ലാ ദുരിതങ്ങളുടെയും മൂലകാരണമായി മുതലാളിത്ത വ്യവസ്ഥയെ കാണുന്നതിനുപകരം, എല്ലാം 'വിധി'യാണെന്നും 'മുജ്ജന്മ പാപത്തിന്റെ ഫല' മാണെന്നും 'ദൈവകോപ' മാണെന്നുമൊക്കെ വിശ്വസിക്കുന്ന നിസ്സഹായരായ മനുഷ്യരെ സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് അന്ധവിശ്വാസവുംമറ്റും കുത്തിപ്പൊക്കുന്നത്. അപ്പോൾപ്പിന്നെ ജനങ്ങളുടെ ഭാഗത്തുനിന്ന് ഒരു പ്രതിഷേധവും ഉണ്ടാകില്ലല്ലോ. ആധുനിക ശാസ്ത്രവുമായി സമ്പർക്കത്തിലേർപ്പെട്ട് ശാസ്ത്രീയ മനോഭാവം വികസിച്ചുവരുന്നത് തടയാനായി പൗരാണിക ഭാരതത്തിലെ ഹൈന്ദവ പാരമ്പര്യത്തെക്കുറിച്ച് മിഥ്യാഭിമാനം ജനിപ്പിക്കുംവിധം പൊള്ളയായ അവകാശവാദങ്ങൾ അവതരിപ്പിക്കുകയും ഗലീലിയോ, ന്യൂട്ടൻ, ഐൻസ്റ്റീൻ, ഹൈസൻബർഗ്ഗ്, ജഗദീഷ് ചന്ദ്രബോസ് തുടങ്ങിയ മഹാന്മാരായ ശാസ്ത്രജ്ഞൻമാരൊന്നും പുതിയതായി ഒന്നും കണ്ടുപിടിച്ചിട്ടില്ലെന്നും എല്ലാം ഭാരതത്തിൽ ഉണ്ടായിരുന്ന അറിവുകളാണെന്നും പ്രചരിപ്പിക്കുകയും ചെയ്യുന്നു. ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പ് മുനിമാർ എല്ലാം രേഖപ്പെടുത്തി വച്ചിട്ടുണ്ടത്രെ! ഗണപതിയുടെ രൂപം പുരാതന ഭാരതത്തിൽ പ്ലാസ്റ്റിക് സർജറി ഉണ്ടായിരുന്നു എന്നതിന് ഉദാഹരണമായി പ്രധാനമന്ത്രി തന്നെ പറയുന്ന സ്ഥിതിയിലെത്തിയിരിക്കുന്നു. ഇതെല്ലാംതന്നെ, ശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങളും ആത്മീയതയും കൂട്ടിക്കുഴച്ച് ഫാസിസ്റ്റ് മനോഘടന സൃഷ്ടിക്കുക എന്ന ഹീന ലക്ഷ്യം മുൻനിർത്തിയുള്ളതാണ്. ആര്യ രക്തത്തിന്റെ മഹത്വം പറയാനും വംശീയവികാരമിളക്കാനും ഹിറ്റ്ലർ പോലും ഇത്ര തരംതാഴ്ന്നിട്ടില്ല. ഇനി ആധുനിക വ്യവസായങ്ങളും ഭരണഘടനയും നീതിന്യായ സംവിധാനവും പാർലമെന്ററി ജനാധിപത്യവുമെല്ലാം പൗരാണിക ഭാരതത്തിലുണ്ടായിരുന്നു എന്നുപോലും ഇക്കൂട്ടർ പറഞ്ഞേക്കാം. ചരിത്രം വളച്ചൊടിക്കപ്പെടുകയാണ്. ഇത്തരം വെളിപാടുകൾ കുത്തിനിറയ്ക്കാൻ വിദ്യാഭ്യാസത്തിന്റെ സിലബസും മറ്റും തിരുത്തിയെഴുതുകയാണ്. ഉന്നത വ്യക്തിത്വങ്ങളായ റൊമെയ്ൻ റോളണ്ട്, ഐൻസ്റ്റീൻ, ബർണാഡ് ഷാ, രവീന്ദ്രനാഥ്, ശരത്ചന്ദ്രൻ, പ്രേംചന്ദ് തുടങ്ങി ജനാധിപത്യബോധമുള്ള മുഴുവൻ ആളുകളും ജൂതൻമാർക്കുമേൽ ഹിറ്റ്ലർ നടത്തിയ നരനായാട്ടിനെ അപലപിച്ചപ്പോൾ ആർഎസ്എസ്ആചാര്യനായ എം.എസ്.ഗോൾവാൾക്കർ ഹിറ്റ്ലറെ പിന്തുണച്ചുകൊണ്ട് പറഞ്ഞത്,

"വംശശുദ്ധിയും സംസ്കാരവും നിലനിർത്താൻ സെമറ്റിക് വംശജരെയും ജൂതന്മാരെയും രാജ്യത്തുനിന്ന് തുരത്തി ജർമ്മനി ലോകത്തെ ഞെട്ടിച്ചു. വംശാഭിമാനം ഉത്തുംഗശ്രേണിയിൽ പരിലസിക്കുന്നത് ഇവിടെ ദൃശ്യമാണ്. ഇതിൽനിന്ന് പാഠമുൾക്കൊണ്ടുള്ള പ്രവർത്തനമാണ് ഹിന്ദുസ്ഥാനിലും ആവശ്യമായിട്ടുള്ളത്" എന്നാണ് (വി ഓർ ഔർ നേഷൻഹുഡ് ഡിഫൈൻഡ്). സമാനമായ വിധത്തിൽ ഇവിടെ ഹിന്ദുക്കൾക്കിടയിൽ മുസ്ലീങ്ങളോട് വിദ്വേഷം വളർത്തിയെടുക്കാനുള്ള ശ്രമം നടക്കുന്നു. എല്ലാ പ്രതിസന്ധികൾക്കും കാരണം മുതലാളിത്തമല്ല മുസ്ലീങ്ങളാണ് എന്ന് സ്ഥാപിക്കാനാണ് ശ്രമിക്കുന്നത്. ഇതുവഴി ഒരു ഹിന്ദു വോട്ട്ബാങ്കും

(ശേഷം 10-ാം പേജിൽ)

# ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുനേരെ നടന്ന ആക്രമണത്തിൽ പ്രതിഷേധിച്ചു

**ആ**ലപ്പുഴ ജില്ലയിലെ വെളുത്തുള്ളി പാടശേഖരത്തിലെ കൊടിക്കുത്ത് സമരത്തിൽ പങ്കെടുത്തവരുടെ വീട് കയറി ആക്രമിച്ചതിൽ പ്രതിഷേധിച്ച് ചന്തിരൂരിൽ പ്രതിഷേധപ്രകടനവും സമ്മേളനവും നടത്തി. കേരള മത്സ്യബന്ധനതൊഴിലാളി യൂണിയന്റെ നേതൃത്വത്തിലാണ് പരിപാടികൾ നടന്നത്. എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയംഗം എസ്.സീതിലാൽ പ്രതിഷേധസംഗമം ഉദ്ഘാടനം ചെയ്തു. സർക്കാർ നയത്തിനു വിരുദ്ധമായി നെൽകൃഷിയുടെ സമയത്തും ഫിഷറീസ് ലൈസൻസില്ലാതെ ചെമ്മീൻ കൃഷി നടത്തുന്നതിനെതിരെ ജനാധിപത്യപരമായ സമര പ്രവർത്തനങ്ങൾ സംഘടിപ്പിച്ചതിനാണ് സമരനേതാക്കളായ ബൈജു, രതീഷ്, അനുപമ, നിഷ, സരോജിനി എന്നിവരെ വീട് കയറി ആക്രമിച്ചതെന്ന് അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞു. 1973 ൽ കൃഷിക്കു വേണ്ടി കായലിൽ മണ്ണിടിച്ച് നികർത്തി സർക്കാർ പാവങ്ങൾക്ക് നല്കിയ ഭൂമി കൈവശപ്പെടുത്തി ലക്ഷങ്ങളുടെ നേട്ടമുണ്ടാക്കികൊണ്ട് ജനങ്ങളുടെ തൊഴിലും, പരിസ്ഥിതിയും, ശുദ്ധജലസ്രോതസും തകർക്കുന്നതിനെതിരെയാണവർ സംഘടിച്ചത്. അവരെ ഗുണ്ടകളെ വിട്ട് ആക്രമിക്കാൻ നേതൃത്വം കൊടുത്ത കർഷക സംഘവും സിപിഐ(എം)ഉം, നന്ദിഗ്രാമും സിംഗൂരും ഓർക്കുന്നത് നന്നായിരിക്കുമെന്ന് അദ്ദേഹം കൂട്ടി ചേർത്തു. ജനാധിപത്യ സമരങ്ങളോടും പ്രവർത്തനങ്ങളോടും സിപിഐ(എം)കാണിക്കുന്ന ഈ സമീപനം വർഗീയ ഫാസിസ്റ്റ് ശക്തികൾക്ക് കരുത്തു പകരാനുപകരിക്കുമെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ആക്രമികളെ ഉടൻ അറസ്റ്റ് ചെയ്യണമെന്നും അക്രമത്തിനു നേതൃത്വം നല്കിയ വാർഡ് മെമ്പറുടെ അംഗത്വം റദ്ദാക്കണമെന്നും മാതൃകാപരമായി ശിക്ഷിക്കണമെന്നും സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച കെ.പ്രതാപൻ ആവശ്യപ്പെട്ടു. ഗുണ്ടാപ്രവർത്തനത്തിലൂടെ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളെ വളർത്തുവാനാണ് സിപിഐ(എം) നേതാക്കൾ ശ്രമിക്കുന്നതെന്നും വനിതകളെ ആക്രമിച്ചവർക്കെതിരെ സ്ത്രീപീഡനകുറ്റം ചുമത്തി കേസ് ചാർജ് ചെയ്ത് അറസ്റ്റ് ചെയ്യണമെന്നും അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ജില്ലാ സെക്രട്ടറി കെ.ജെ. ഷീല ആവശ്യപ്പെട്ടു. പി.ആർ.സതീശൻ, എൻ.കെ. ശശികുമാർ എന്നിവർ പ്രസംഗിച്ചു. പ്രതിഷേധ പ്രകടനത്തിന് കെ.കെ. വിക്രമൻ, പി.എ. മാനുവൽ, എം.പി. കാർത്തികേയൻ, വി.വി.മണിക്കുട്ടൻ, കെ.പുഷ്പൻ,പി.കൃഷ്ണകുമാർ, അനിത, വിനീത, മിനി, എം.കെ. വിജയൻ, സി.കെ.തിലകൻ എന്നിവർ നേതൃത്വം നൽകി. ●




ചന്തിരൂർ വെളുത്തുള്ളിയിലെ കേരള മത്സ്യബന്ധ തൊഴിലാളി യൂണിയൻ നേതാക്കളുടെ വീടുകയറി ആക്രമിച്ചവർക്കെതിരെ തൊഴിലാളികൾ നടത്തിയ പ്രതിഷേധ റാലി.

# അരുവിക്കര തെരഞ്ഞെടുപ്പുഫലം നൽകുന്ന അപായ സൂചനയെന്ത്?

(1-ാം പേജിൽ നിന്ന്)

അത്ര ചെറുതല്ലാത്ത ഒന്നാണ്. ഇതിനെല്ലാം പുറമെയാണ് അരുവിക്കര മണ്ഡലത്തിന്റെ ദയനീയമായ പിന്നോക്കാവസ്ഥ. അത്യാവശ്യം സൗകര്യങ്ങളുള്ള ഒരു സർക്കാർ ആശുപത്രിയില്ല. കുടിവെള്ളമില്ല. സഞ്ചാരയോഗ്യമായ റോഡുകളില്ല. ബോണക്കാട് ഉൾപ്പടെയുള്ള എസ്റ്റേറ്റ് മേഖലകളിലെ ജനജീവിതത്തിന്റെ ക്ലേശങ്ങൾ എത്രയോ വട്ടം കേരളത്തിന്റെ മനസ്സാക്ഷിക്കുമുമ്പിൽ ഉയർത്തപ്പെട്ടിട്ടുള്ളതാണ്. ആദിവാസി മേഖലകളിലെ ദാരിദ്ര്യവും വറുതിയും ഹൃദയം പിളർത്തുന്ന കാഴ്ചയാണ് ഇന്നും. ദീർഘകാലമായി അരുവിക്കര(മുമ്പ് ആര്യനാട്) മണ്ഡലത്തെ പ്രതിനിധാനം ചെയ്തിരുന്നത് അന്തരിച്ച കോൺഗ്രസ്സ് നേതാവും യുഡിഎഫ് സ്ഥാനാർത്ഥിയുടെ പിതാവുമായിരുന്ന ജി. കാർത്തികേയനാണ്. തകർന്ന് തരിപ്പണമായ റോഡിലൂടെ മുഖ്യമന്ത്രിയുടെ തെരഞ്ഞെടുപ്പ് റോഡ് ഷോ കടന്നുപോകുന്നതിന്റെ ചിത്രം പ്രധാന മാധ്യമങ്ങൾ പ്രസിദ്ധപ്പെടുത്തിയപ്പോൾ, കോൺഗ്രസ്സ് ഭരണം ഈ മേഖലയിലെ ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ല എന്നതിന്റെ സുവ്യക്തമായ തെളിവായി അത് മാറി.

ജനദ്രോഹനയങ്ങളിലൂടെ സൃഷ്ടിക്കപ്പെട്ട ശക്തമായ ഭരണവിരുദ്ധവികാരത്തിനു പുറമെ യുഡിഎഫിലെയും പ്രത്യേകിച്ച് നായകകക്ഷിയായ കോൺഗ്രസ്സിലെയും അനൈക്യവും കുതികാൽവെട്ടും ഭരണമുന്നണിക്ക് പ്രതികൂലമായ ഘടകങ്ങളായിരുന്നു. യുഡിഎഫ് സ്ഥാനാർത്ഥിയുടെ വിജയം ഉമ്മൻ ചാണ്ടിയെയും അദ്ദേഹത്തിന്റെ ഗ്രൂപ്പിനെയും കൂടുതൽ കരുത്തുള്ളതാക്കുമെന്ന ഭയം വിശാല ഐ ഗ്രൂപ്പിനുണ്ടായിരുന്നു. സ്ഥാനാർത്ഥി നിർണ്ണയവേളയിൽത്തന്നെ കോൺഗ്രസ്സിൽ എതിർശബ്ദങ്ങൾ ഉയരുകയുണ്ടായി. ഭരണമുന്നണിയിലെ നിത്യപ്രതിപക്ഷമായി നിലകൊണ്ടിരുന്ന പി. സി.ജോർജ്ജ്, ഒടുവിൽ സ്വന്തമായി ഒരു മുന്നണിയുണ്ടാക്കി അത്ര നിസ്സാരമല്ലാത്ത ചില സാമുദായികശക്തികളുടെ പിന്തുണയോടെ ഒരു സ്ഥാനാർത്ഥിയെ രംഗത്തിറക്കിയിരുന്നു. ഇവയെല്ലാം യുഡിഎഫിന്റെ വോട്ട് ബാങ്കിന് ക്ഷതമുണ്ടാക്കുന്നവയായിരുന്നു.

ഇത്രയുമേറെ ശക്തമായ പ്രതികൂലസാഹചര്യത്തെ മറികടന്നുകൊണ്ട് യുഡിഎഫിന് ഒരു വിജയം എങ്ങിനെ സൃഷ്ടിക്കാൻ കഴിഞ്ഞു? പ്രമുഖ എതിരാളിയായി മൽസരരംഗത്തുണ്ടായിരുന്ന ഇടതുമുന്നണിയുടെ അഭിപ്രായം ഇതുവരെ പുറത്തുവന്നിട്ടില്ലെങ്കിലും മുന്നണിയിലെ നായകകക്ഷിയായ സിപിഐ(എം)ന്റെ വിലയിരുത്തൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സിപിഐ(എം) പൊളിറ്റ്ബ്യൂറോ മെമ്പർ പിണറായി വിജയൻ ദേശാഭിമാനിയിൽ ജൂലൈ 4ന് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു. 'ജി.കാർത്തികേയന്റെ മകനെ സ്ഥാനാർത്ഥിയാക്കി സഹതാപം സൃഷ്ടിക്കാനും സംസ്ഥാനം ഇന്നോളം കണ്ടിട്ടില്ലാത്ത തോതിൽ അധികാരദുർവിനിയോഗം നടത്തി വോട്ട് സമാഹരിക്കാനുമാണ് യു.ഡി.എഫ് ശ്രമിച്ചത്.... വൻതോതിൽ അവിടെ അധികാരദുർവിനിയോഗം നടന്നു. പണം ഒഴുക്കി. വോട്ടുകൾ വിലയ്ക്കെടുക്കപ്പെട്ടു. എല്ലാറ്റിനുമുപരി ജനങ്ങളെ വർഗ്ഗീയ ലക്ഷ്യത്തോടെ തെറ്റിദ്ധരിപ്പിച്ച് വോട്ട് മറിക്കുന്ന അവസ്ഥയും ഉണ്ടായി...' ഈ മട്ടിലുള്ള വാദങ്ങൾ മറിച്ചും തിരിച്ചും ആവർത്തിച്ചിരിക്കുകയാണ് സഖാവ് പിണറായി തന്റെ ദീർഘലേഖനത്തിൽ. തികച്ചും സഹതാപാർഹമായ സ്ഥിതിയാണിത്. ജനാധിപത്യമൂല്യങ്ങളെ കൈവെടിഞ്ഞ് കോൺഗ്രസ്സ് നടത്തിയ തന്ത്രങ്ങളും കളികളുമാണത്രേ ഇടതുചേരിക്ക് പരാജയം സമ്മാനിച്ചത്. ജനാധിപത്യത്തെ പ്രാണനെപ്പോലെ കോൺഗ്രസ്സ് വാരിപ്പുണരുമെന്നാണോ ഇക്കൂട്ടർ പ്രതീക്ഷിച്ചിരുന്നത്. കോൺഗ്രസ്സ് നയിക്കുന്ന മുന്നണി മുകളിൽപ്പറഞ്ഞ കാര്യങ്ങൾ ഒരു ഉളിപ്പും കൂടാതെ ചെയ്യുമെന്നത് ഒട്ടും അപ്രതീക്ഷിതമല്ല. വലതുപക്ഷം അവതരിപ്പിക്കുന്ന ഇപ്രകാരമുള്ള ജീർണ്ണമായ രാഷ്ട്രീയത്തെ ചെറുക്കാൻ ഇടതുമുന്നണി എന്തുചെയ്തു എന്നതാണ് പരമപ്രധാനമായ ചോദ്യം. അഥവാ ഈ നടപടികളെ ചെറുക്കാനെന്ന പേരിൽ ഇടതുമുന്നണി കാട്ടിക്കൂട്ടിയ കാര്യങ്ങൾ യഥാർത്ഥത്തിൽ ഇടതുരാഷ്ട്രീയത്തിന് നിരക്കുന്നവയായിരുന്നോ? കോൺഗ്രസ്സ് നയിക്കുന്ന യുഡിഎഫിന്റെ അഴുകിയ ബൂർഷ്വാരാഷ്ട്രീയത്തിന്റെ കുതന്ത്രങ്ങളല്ല മറിച്ച് പ്രസ്തുത രാഷ്ട്രീയത്തിൽ നിന്നും വിഭിന്നവും ഉയർന്നതുമായ രാഷ്ട്രീയം അവതരിപ്പിക്കാനും സ്ഥാപിക്കാനും ഇടതുമുന്നനണിക്ക് കഴിഞ്ഞില്ല എന്നതാണ് തെരഞ്ഞെടുപ്പ് ഫലത്തെ നിർണ്ണയിച്ചത്.

അധികാരദുർവിനിയോഗം നടത്തി എന്ന് കൊട്ടത്താപ്പിൽ പറയുന്നതല്ലാതെ എവിടെ, എപ്പോൾ, എങ്ങിനെ എന്നു വ്യക്തമാക്കുന്നില്ല. മുഖ്യമന്ത്രി നൂറുകുടുംബയോഗങ്ങളിൽ പങ്കെടുത്തു എന്നു പറഞ്ഞാൽ അത് അധികാരദുർവിനിയോഗമോ തെരഞ്ഞെടുപ്പ് ചട്ടങ്ങളുടെ ലംഘനമോ ആകുന്നില്ലല്ലോ. തലശ്ശേരി, തിരൂരങ്ങാടി ഉപതെരഞ്ഞെടുപ്പുകളിൽ ഇടതുമന്ത്രിമാർ ഇതേ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അത് ചട്ടലംഘനമല്ല. എന്നാൽ കുടുംബയോഗങ്ങളിൽ പങ്കെടുത്ത് വാഗ്ദാനങ്ങളും പ്രലോഭനങ്ങളും നൽകിയാൽ അത് ചട്ടലംഘനമാണുതാനും. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടാകാൻ എല്ലാ സാധ്യതയുമുണ്ട്. എന്നാൽ തെരഞ്ഞെടുപ്പ് പ്രചാരണ സമയത്ത് അവയെ തടയാൻ ഒരു നടപടിയും ഇടതുമുന്നണി സ്വീകരിച്ചില്ല. അത്തരം ചട്ടലംഘനങ്ങൾ ഉണ്ടായതായി തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുമ്പിൽ ഇടതുമുന്നണി ഔദ്യോഗികമായി ഒരു പരാതി പോലും നൽകിയിരുന്നില്ല. തെരഞ്ഞെടുപ്പ് ഫലം എതിരായപ്പോൾ അതിനൊരു ന്യായം പടയ്ക്കുന്നു എന്ന പ്രതീതിയാണ് ഈ വാദം സൃഷ്ടിക്കുന്നത്. അവിടെയും ഇടതുരാഷ്ട്രീയത്തിന്റെ വിശ്വാസ്യതയാണ് ചോദ്യം ചെയ്യപ്പെടുന്നത്.

'....പൊതുവായ ജനവികാരം യുഡിഎഫിന് എതിരാണെന്ന് നേരത്തെതന്നെ ഉമ്മൻ ചാണ്ടി മനസ്സിലാക്കി. അതിന്റെ ഫലമായി ആദ്യപടിയെന്ന നിലയിൽ രാജഗോപാലിനെ അവതരിപ്പിച്ചു. രണ്ടാം ഘട്ടത്തിൽ രാജഗോപാലിന്റെ സ്ഥാനാർത്ഥിത്വത്തെ പൊലിപ്പിച്ചുകാണിച്ച് ബിജെപി വിജയിക്കാൻ പോകുന്നുവെന്ന സന്ദേശം ന്യൂനപക്ഷങ്ങൾക്ക് നൽകി...' ഈ നിരീക്ഷണം പിണറായി വിജയൻ തന്റെ ലേഖനത്തിൽ ഉടനീളം ആവർത്തിക്കുന്നുണ്ട്. ന്യൂനപക്ഷവോട്ടിന്റെ കേന്ദ്രീകരണം വഴിയാണ് യുഡിഎഫ് ജയിച്ചതെന്നുള്ള വാദമാണ് ഇതിലൂടെ സിപിഐ(എം) മുന്നോട്ടുവയ്ക്കുന്നത്. യുഡിഎഫിന് അനുകൂലമായി ന്യൂനപക്ഷ കേന്ദ്രീകരണം ഉണ്ടായി എന്നത് പുതിയ ഒരു പ്രതിഭാസമല്ല. പരമ്പരാഗതമായി ന്യൂനപക്ഷങ്ങളിൽ വലിയൊരു വിഭാഗം യുഡിഎഫിന് വോട്ട് ചെയ്യുന്ന പ്രവണതയാണ് കേരളത്തിൽ നാം കണ്ടുവരുന്നത്. ആ വോട്ടുകൾ തങ്ങളോടൊപ്പം നിൽക്കുമെന്ന് ഉറപ്പാക്കാനുള്ള കുതന്ത്രങ്ങൾ എല്ലാക്കാലത്തും കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഇത്തവണയും അത് ഉണ്ടായി.

ജാതി-മത-സാമുദായിക സങ്കുചിത വികാരങ്ങൾ പ്രീണിപ്പിച്ചും ആളിക്കത്തിച്ചും വോട്ട് നേടുക എന്ന ആപത്കരമായ പ്രവണത കേരളത്തിൽ ഓരോ തെരഞ്ഞെടുപ്പ് കഴിയുമ്പോഴും ശക്തിപ്പെട്ടുവരികയാണ്. ഇത്തരമൊരു സാഹചര്യം രൂപപ്പെടുത്തിയതിൽ യുഡിഎഫിനും എൽഡിഎഫിനും തുല്യ ഉത്തരവാദിത്തമാണുള്ളത്. ഈ അനുകൂല സാഹചര്യത്തെ, കൂടുതൽ ഭ്രാന്തമായ വർഗ്ഗീയത അനുവർത്തിക്കുന്ന പാർട്ടിയെന്ന നിലയിൽ ബിജെപി സമർത്ഥമായി പ്രയോജനപ്പെടുത്തുകയുമാണ്. മുമ്പ് ഇടതുമുന്നണിയിൽ അഖിലേന്ത്യാ മുസ്ലീം ലീഗിനെ ചേർത്തത് സിപിഐ(എം) ആണ്. ഇന്നും ഐ.എൻ.എൽ എൽഡിഎഫിന്റെ കൂടെയുണ്ട്. തരാതാരംപോലെ കേരളാ കോൺഗ്രസ്സിനെയും കൂടെക്കൂട്ടിയിട്ടുണ്ട്. ജാതി അടിസ്ഥാനത്തിൽ സ്ഥാനാർത്ഥി നിർണ്ണയം നടത്തുന്നത് ശരിയാണെന്ന് സമർത്ഥിക്കാൻ സിദ്ധാന്തം പടച്ചിട്ടുള്ള പാർട്ടിയാണ് സിപിഐ(എം). യുഡിഎഫിന് അനുകൂലമായി ഉണ്ടാകാറുള്ള ന്യൂനപക്ഷ കേന്ദ്രീകരണത്തെ തങ്ങൾക്ക് അനുകൂലമാക്കുന്നതിനു വേണ്ടിയാണ് കഴിഞ്ഞ 2 പതിറ്റാണ്ടായി എല്ലാ തെരഞ്ഞെടുപ്പുകളിലും ഇടതുമുന്നണി, ബിജെപി-കോൺഗ്രസ്സ് രഹസ്യധാരണ എന്ന് വലിയ പ്രചാരണം നടത്തുന്നത്. അത് ബിജെപിക്ക് നേടിക്കൊടുത്തിട്ടുള്ള അനർഹമായ പ്രാധാന്യം അത്ര ചെറുതല്ല. ബിജെപിയുമായി ബന്ധമുള്ള പാർട്ടിയാണ് കോൺഗ്രസ്സ് എന്ന് പ്രചരിപ്പിച്ച് ന്യൂനപക്ഷങ്ങളെ ഭീഷണിപ്പെടുത്തി കൂടെ നിർത്തുക എന്ന തന്ത്രമാണ് സിപിഐ(എം) പയറ്റുന്നത്. അതോടൊപ്പം ചില സന്ദർഭങ്ങളിൽ ഭൂരിപക്ഷവർഗ്ഗീയ വികാരത്തെ തങ്ങൾക്ക് അനുകൂലമാക്കുക എന്ന ലക്ഷ്യത്തോടെയും സിപിഐ(എം) നീക്കങ്ങൾ നടത്തിയിട്ടുണ്ട്. ശരിഅത്ത് വിവാദം അങ്ങിനെ സൃഷ്ടിക്കപ്പെട്ടതാണ്. ഇപ്രകാരം ചരിത്രമുള്ള ഒരു മുന്നണിയോ പാർട്ടിയോ യുഡിഎഫ് ന്യൂനപക്ഷ കേന്ദ്രീകരണം നടത്തിയെന്നു പറയുമ്പോൾ ആരാണ് അത് ഗൗരവപൂർവ്വം പരിഗണിക്കുക. അതിലെ ആത്മാർത്ഥത ഇല്ലായ്മ ഏവരും തിരിച്ചറിയുന്നു. ജാതി-മത വികാരത്തെ ഉപയോഗപ്പെടുത്തുന്ന രാഷ്ട്രീയത്തോടുള്ള അവരുടെ തത്വാധിഷ്ഠിതമായ എതിർപ്പായി കേരളത്തിൽ ആരും അതിനെ പരിഗണിക്കുന്നില്ല.

എന്തുകൊണ്ടാണ് കോൺഗ്രസ്സിന് സമർത്ഥമായി ന്യൂനപക്ഷകേന്ദ്രീകരണം നടത്താൻ കഴിഞ്ഞത് എന്നതാണ് നാം ഗൗരവപൂർവ്വം പരിശോധിക്കേണ്ട വസ്തുത. രാഷ്ട്രീയ - സാമൂഹ്യഘടനയിലൊന്നാകെ ജനാധിപത്യഅന്തരീക്ഷത്തിന്റെ സ്വാധീനം നാൾക്കുനാൾ ശോഷിക്കുന്നതിനാലാണ് ജാതി-മത ശക്തികൾക്കും വികാരങ്ങൾക്കും ഇടം വർദ്ധിച്ചുവരുന്നത്. അതിനെ ചെറുക്കാൻ ജനാധിപത്യമൂല്യങ്ങൾ പ്രസരിപ്പിക്കും വിധം പ്രബുദ്ധമായ ജനാധിപത്യപ്രവർത്തനം ഉറപ്പാക്കുകയാണ് ഏക മാർഗ്ഗം. ജനങ്ങളുടെ ജീവൽപ്രധാനങ്ങളായ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടും അവയുടെ പരിഹാരത്തിനായി അവലംബിക്കേണ്ട ഉന്നതമായ ജനാധിപത്യപ്രക്ഷോഭത്തിന്റെ രാഷ്ട്രീയം സ്ഥാപിച്ചുകൊണ്ടുമാണ് ഈ പ്രവർത്തനം മുന്നേറേണ്ടത്. തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ വേളയും ഇതിന്റെ അഭേദ്യമായ ഭാഗമാണ്. അത്തരമൊരു രാഷ്ട്രീയ പോരാട്ടം അരുവിക്കരയിൽ നടന്നതേയില്ല എന്നതാണ് ഈ തെരഞ്ഞെടുപ്പ് ഫലത്തിന്റെ യഥാർത്ഥ കാരണം. ഉന്നതമായ ജനാധിപത്യമൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രചാരണം നടത്താൻ ചരിത്രപരമായി ബാധ്യതപ്പെട്ട ഇടതുശക്തികൾ നടത്തിയത് അങ്ങേയറ്റം അപഹാസ്യമായ, ആഭാസകരമായ തെരഞ്ഞെടുപ്പ് പ്രവർത്തനമാണ്. എൽ.ഡിഎഫിന്റെ ഏറ്റവും പ്രമുഖമായ പ്രചാരണവിഷയം അഴിമതിയായിരുന്നു. പ്രതിപക്ഷനേതാവ് വി.എസ്.അച്യുതാനന്ദന്റെ തരംതാഴ്ന്ന പ്രസംഗത്തിന്റെ അകമ്പടിയോടെ സംഘടിപ്പിക്കപ്പെട്ട പ്രചാരണത്തിൽ അഴിമതിക്കെതിരായ ഗൗരവപൂർവ്വമുള്ള പ്രക്ഷോഭത്തിന്റെ രാഷ്ട്രീയം അവതരിപ്പിക്കപ്പെട്ടതേയില്ല. മറിച്ച് ഇക്കിളിപ്പെടുത്തുന്ന പരാമർശങ്ങളിലൂടെ വിഷയത്തെ പരമാവധി ലളിതവൽക്കരിക്കുകയാണ് ചെയ്തത്. അഴിമതിക്കെതിരെ എന്ന പേരിൽ നടത്തിയ പ്രചാരണപ്രവർത്തനത്തിലെ പ്രധാന സഹപ്രവർത്തകൻ, അഴിമതിക്കേസ്സിൽ ശിക്ഷിക്കപ്പെട്ട കേരളത്തിലെ ഏക രാഷ്ട്രീയ നേതാവായ ആർ.ബാലകൃഷ്ണപിള്ളയായിരുന്നു. കൂടെ മകനും. ജനങ്ങൾ ഈ 'അഴിമതിവിരുദ്ധപ്രചാരണത്തെ' തികഞ്ഞ അവജ്ഞയോടെയാണ് നോക്കിക്കണ്ടത്. അരുവിക്കര മണ്ഡലത്തിലെ നാല് നായർ വോട്ട് സംഘടിപ്പിക്കാൻ കേരളത്തിലെ നാണംകെട്ട അഴിമതി നേതാവിന്റെ കാലുതിരുമാൻ മടിയില്ല എന്നത് ഇക്കൂട്ടരുടെ യഥാർത്ഥ ലക്ഷ്യത്തെ വെളിവാക്കി. അഴിമതിക്കെതിരായ സത്യസന്ധമായ പോരാട്ടത്തിന്റെ നേതൃത്വമായി ജനങ്ങൾ എൽഡിഎഫിനെ പരിഗണിച്ചതേയില്ല എന്നാണ് തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നത്. പിന്നെ പ്രചാരണരംഗത്തെ പ്രധാനവിഷയം വികസനമായിരുന്നു. അതുംചേർന്നപ്പോൾ തെരഞ്ഞെടുപ്പിന്റെ രംഗത്തുനിന്ന് രാഷ്ട്രീയം പൂർണ്ണമായി ഒഴിവാക്കപ്പെട്ടു. ജാതി-മത രാഷ്ട്രീയത്തിന്റെ നെറിവുകേടുകൾ കളം നിറഞ്ഞാടാൻ അങ്ങിനെ വഴിയൊരുങ്ങി.

ഒ. രാജഗോപാലിനെ സ്ഥാനാർത്ഥിയാക്കിയത് ഉമ്മൻ ചാണ്ടിയാണെന്ന് സഖാവ് പിണറായി വിജയൻ പറയുന്നത് സ്ഥാപിക്കാൻ കഴിയുന്ന എന്തെങ്കിലും തെളിവിന്റെ അടിസ്ഥാനത്തിലാണോ? ഒരു അഭ്യൂഹം എന്നതല്ലാതെ ഈ വാദത്തിന് ഒരു നിലനിൽപ്പുമില്ല. ഇപ്രകാരമൊരു അഭ്യൂഹത്തെ അടിസ്ഥാനപ്പെടുത്തിയാണ് സിപിഐ(എം)ന്റെ സമുന്നതനായ നേതാവ് തന്റെ തെരഞ്ഞെടുപ്പ് വിശകലനം മുഴുവൻ കെട്ടിപ്പൊക്കിയിരിക്കുന്നത്. വിശകലനത്തിന്റെ ഈ സമ്പ്രദായം ഇടതുരാഷ്ട്രീയത്തിന് തരിമ്പും യോജിക്കാത്ത ഒന്നാണ്. സാധാരണ താർക്കികമര്യാദകൾക്കുപോലും നിരക്കാത്തതാണ്. ജനങ്ങളെ അഭ്യൂഹങ്ങളുടെ അടിസ്ഥാനത്തിലല്ല വിദ്യാഭ്യാസം ചെയ്യിക്കേണ്ടത്. താൽക്കാലിക കാര്യസാദ്ധ്യങ്ങൾക്കായി വാദങ്ങൾ അവതരിപ്പിക്കരുത്. സത്യത്തിന്റെ ബലത്ത അടിത്തറയിൽ നിന്നുകൊണ്ട് സംശയരഹിതമായി സ്ഥാപിക്കാൻ കഴിയുന്ന വാദങ്ങൾ മുന്നോട്ടുവച്ചുകൊണ്ടാവണം ജനങ്ങൾക്ക് രാഷ്ട്രീയവിദ്യാഭ്യാസം നൽകേണ്ടത്. അല്ലെങ്കിൽ നഷ്ടപ്പെടുക ഇടതുരാഷ്ട്രീയത്തിന്റെ വിശ്വാസ്യതയായിരിക്കും. അത് നഷ്ടപ്പെട്ടുപോയാൽ വലതുപക്ഷരാഷ്ട്രീയത്തിന്റെ മുമ്പിൽ നിരായുധരാകേണ്ടിവരും. അതാണ് യഥാർത്ഥത്തിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. തങ്ങളുടെ എം. എൽ.എ ആയിരുന്ന ശെൽവരാജിനെ പി.സി. ജോർജ്ജ് 5 കോടി രൂപ നൽകി കൂറുമാറ്റി എന്നതായിരുന്നു നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിന്റെ വേളയിൽ സിപിഐ(എം)ന്റെ പ്രധാന പ്രചാരണ വിഷയങ്ങളിലൊന്ന്. അതേ പി.സി.ജോർജ്ജിന്റെ നിലപാട് ചില്ലറ ഉപകാരം ചെയ്തേക്കുമെന്ന് വിലയിരുത്തി ഇപ്പോൾ അദ്ദേഹത്തിന്റെ സെക്കുലർ പാർട്ടിയുടെ സമ്മേളനങ്ങൾ ഉൽഘാടനം ചെയ്യാൻ സിപിഐ(എം) നേതാക്കൾ പോയിത്തുടങ്ങുമ്പോൾ പഴയ ആരോപണം ഒരു കെട്ടുകഥമാത്രമായി സ്ഥാപിക്കപ്പെടുന്നു. താൽക്കാലിക നേട്ടങ്ങൾക്കായി പച്ചനുണ പറയുന്നവരാണ് കമ്മ്യൂണിസ്റ്റുകളെന്ന ഗുരുതരമായ തെറ്റിദ്ധാരണ വേരുറപ്പിക്കാൻ മാത്രമേ ഇത് സഹായിക്കൂ.

തന്റെ ദേശാഭിമാനി ലേഖനത്തിൽ പിണറായി വിജയൻ, ബിജെപി നേടിയത് എൽഡിഎഫിന്റെ വോട്ടല്ല മറിച്ച് യുഡിഎഫിന്റേതാണെന്ന് അഭിപ്രായപ്പെടുന്നുണ്ട്. ഈ നിരീക്ഷണം ശരിയാണെങ്കിൽ യുഡിഎഫിന്റെ വോട്ട് അടർത്തിമാറ്റുന്നതിനായി മുഖ്യമന്ത്രി രാജഗോപാലിനെ മൽസരിപ്പിച്ചതായി നിഗമനം നടത്തേണ്ടിവരും. ഇത്രയും പരസ്പരവിരുദ്ധമായ വിലയിരുത്തലാണ്, ഒരു വസ്തുനിഷ്ഠമായ വിശകലനം അടിയന്തര പ്രാധാന്യമായിരിക്കുന്ന വേളയിൽ സിപിഐ(എം) നടത്തുന്നത്. ഇത് കാര്യങ്ങളെ കൂടുതൽ വഷളാക്കുകയാണെന്ന് പോലും തിരിച്ചറിയാനാകാത്തവിധമായിരിക്കുന്നു അവരുടെ വെപ്രാളവും ആശങ്കകളും.

ഈ ദുർബലമായ നിരീക്ഷണങ്ങളും വിശകലനവും ഇടതുപക്ഷത്തിന്റെ തെരഞ്ഞെടുപ്പ് പരാജയത്തിന്റെ യഥാർത്ഥ കാരണങ്ങൾ വ്യക്തമാക്കുന്നുണ്ടോ? സത്യസന്ധരായ ഇടതുപക്ഷ അണികളോടാണ് ഞങ്ങൾ ഈ ചോദ്യം ഉന്നയിക്കുന്നത്. ഏതൊരു തെരഞ്ഞെടുപ്പ് പരാജയത്തിനും കാരണമായി പതിവായി നിരത്തുന്ന ഈ വാദങ്ങൾ ഗുരുതരമായ സ്വന്തം ദുഷ്ചെയ്തികളെയും പരാധീനതകളെയും കഴിവുകേടുകളെയും മറച്ചുവയ്ക്കാനുള്ള ഒന്നു മാത്രമാണ്. അത് രാഷ്ട്രീ

(ശേഷം 10-ാം പേജിൽ)

## അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം

# മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ജനകീയ താക്കീതായി മാറി



മുളന്തുരുത്തിയിൽ നടന്ന മനുഷ്യശൃംഖല ജസ്റ്റിസ് കെ.സുകുമാരൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ പ്രൊഫ.കെ.അരവിന്ദാക്ഷൻ, പ്രൊഫ.സൂസൻ ജോൺ തുടങ്ങിയവർ

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിൽ നിന്നും കേരളത്തെ മോചിപ്പിക്കുക, കുട്ടികളെ രക്ഷിക്കുക എന്ന മുദ്രാവാക്യം ഉയർത്തി കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമര സമിതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെമ്പാടും ലഹരിവിരുദ്ധ മനുഷ്യശൃംഖല, പ്രകടനങ്ങൾ, തെരുവുനാടകങ്ങൾ, മൈം, ടാബ്ലോ, ഗാനാലാപനം തുടങ്ങി വിവിധങ്ങളായ പരിപാടികൾ ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടു.

എറണാകുളം ജില്ലയിൽ മുളന്തുരുത്തിയിൽ, മേഖലയിലെ എല്ലാ വിദ്യാലയങ്ങളിലെയും വിദ്യാർത്ഥികളും അദ്ധ്യാപകരും സാമൂഹിക പ്രവർത്തകരും നാട്ടുകാരും ശൃംഖലയിൽ അണിചേർന്നു. കരവട്ടെ കുരിശിലെ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ നഗറിൽ നടന്ന യോഗത്തിൽ സമിതി സംസ്ഥാന പ്രസിഡന്റ് പ്രൊഫ.സൂസൻ ജോൺ അദ്ധ്യക്ഷത വഹിച്ചു. ജസ്റ്റിസ് കെ.സുകുമാരൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ. കെ.അരവിന്ദാക്ഷൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എൻ.ആർ.മോഹൻകുമാർ, വി.ഐ.റെജി, ടി.കെ.സുധീർകുമാർ, പ്രൊഫ.ആമ്പല്ലൂർ അപ്പുക്കുട്ടൻ എന്നിവർ പ്രസംഗിച്ചു.

ഗവൺമെന്റ് എച്ച്എസ്എസ് ജംഗ്ഷനിലെ പ്രൊഫ.എം.പി.മന്മഥൻ നഗറിൽ നടന്ന പൊതുസമ്മേളനത്തിൽ സമിതി ജില്ലാ പ്രസിഡന്റ് കെ.കെ.ഗോപിനായർ അദ്ധ്യക്ഷത വഹിച്ചു. എം.ജെ.ജേക്കബ്ബ്(എക്സ് എംഎൽഎ) ഉദ്ഘാടനം ചെയ്തു. മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാജി ചക്രവർത്തി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എം.ആർ.സെനിത്ത്കുമാർ, വേണുഗോപാൽ, കെ.എ.ജോഷി, കെ.കെ. വേലായുധൻ, സി.കെ.റെജി എന്നിവർ പ്രസംഗിച്ചു.

ചോറ്റാനിക്കരയിൽ ഗവ.വിഎച്ച്എസ്എസ് വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്നു നടത്തിയ സമ്മേളനത്തിൽ മദ്യവിരുദ്ധ ജനകീയ സമര സമിതി ജില്ലാ കൺവീനർ എൻ.ആർ. മോഹൻകുമാർ അദ്ധ്യക്ഷത വഹിച്ചു. ഡോ. വിൻസന്റ് മാളിയേക്കൽ(സ്ത്രീ സുരക്ഷാ സമിതി) ഉദ്ഘാടനം ചെയ്തു. ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോൺസൺ തോമസ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ചിത്രകാരനും കവിയുമായ സദ്കലാവിജയൻ സന്ദേശഗാനം അവതരിപ്പിച്ചു.

കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമര സമിതി, സ്ത്രീ സുരക്ഷാ സമിതി, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന, പ്രൈവറ്റ് സ്റ്റുഡന്റ്സ് മൂവ്മെന്റ്, എഐഡിഎസ്ഒ എന്നീ സംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ പത്തനംതിട്ടയിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം ആചരിച്ചു. സെൻട്രൽ ജംഗഷ്നിൽ ഗാന്ധി പ്രതിമക്ക് മുന്നിൽ നിന്നും ആരംഭിച്ച പ്രകടനം പുതിയ പ്രൈവറ്റ് ബസ്റ്റാന്റിൽ എത്തിയപ്പോൾ പ്രൈവറ്റ് സ്റ്റുഡന്റ്സ് മൂവ്മെന്റ് പ്രവർത്തകർ *ലഹരിയുടെ നേർകാഴ്ചകൾ* എന്ന ഹൃദയ സ്പർശിയായ തെരുവ് നാടകം അവതരിപ്പിച്ചു. തുടർന്ന് നടന്ന ലഹരി വിരുദ്ധ സംഗമം മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു.




കോഴിക്കോട് നഗരത്തിൽ വിദ്യാർത്ഥികൾ നടത്തിയ ലഹരിവിരുദ്ധ റാലി



പത്തനംതിട്ടയിൽ നടന്ന ലഹരിവിരുദ്ധ സംഗമത്തിൽ പ്രതിഭാ കോളേജിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച *ലഹരിയുടെ നേർക്കാഴ്ചകൾ* തെരുവുനാടകം

പ്രതിഭ കോളേജ് പ്രിൻസിപ്പൽ എസ്.പി. നായർ മുഖ്യപ്രഭാഷണം നടത്തി. പത്തനംതിട്ട പൗരസമിതി ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ നായർ, മദ്യവിരുദ്ധ ജനകീയ സമര സമിതി ജില്ലാ കൺവീനർ എസ്. രാധാമണി, പാരലൽ സ്റ്റുഡന്റ്സ് മൂവ്മെന്റ് ജില്ലാ വൈസ് പ്രസിഡന്റ് ആരതി രാജ്, സാധുജന വനിതാ വേദി പ്രസിഡന്റ് ശാരദ എന്നിവർ പ്രസംഗിച്ചു. ജോർജ്ജ് മാത്യു കൊടുമൺ അദ്ധ്യക്ഷത വഹിച്ചു. പിഎസ്എം നേതാവ് സന്തോഷ് വി.ഡി.സ്വാഗതവും എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി ആർ.ജതിൻ നന്ദിയും പറഞ്ഞു. കെ.ആർ.അശോക്കുമാർ, കെ.ജി.അനിൽകുമാർ, നീതു, ശരണ്യരാജ്, സനില ജോർജ്ജ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

ആലപ്പുഴ ജില്ലയിൽ, ലഹരിവിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി എഐഎംഎസ്എസിന്റെയും കുട്ടികളുടെ പ്രസ്ഥാനമായ പ്രചോദനയുടെയും കപ്പക്കട യൂണിറ്റുകളുടെ സംയുക്താഭിമുഖ്യത്തിൽ ലഹരിവിരുദ്ധ കൺവൻഷൻ നടത്തി. മദ്യവിരുദ്ധ ജനകീയ സമരസമിതി സംസ്ഥാന കൺവീനർ മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ സെക്രട്ടറി സി.വി.പീതാംബരൻ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി കെ.ജെ.ഷീല, കെ.ജെ.ജൂഡിത (റിട്ട.സിഐ) ആലപ്പി ശ്രീവിജയ, അഡ്വ.എം.എ.ബിന്ദു, ഗായത്രി സ്വാമിനാഥൻ, ആർ.അപർണ എന്നിവർ പ്രസംഗിച്ചു. എസ്എൻഡിപി ഹാളിൽ നടന്ന കൺവൻഷനിൽ ടി.ആർ.രാജിമോൾ അദ്ധ്യക്ഷത വഹിച്ചു. എഐഎംഎസ്എസ് കപ്പക്കട യൂണിറ്റ് പ്രസിഡന്റ് ശ്യാമ രാജേഷ് സ്വാഗതവും പ്രചോദന യൂണിറ്റ് പ്രസിഡന്റ് അപർണ അനിൽ കൃതജ്ഞതയും പറഞ്ഞു.

മദ്യവും ലഹരിവസ്തുക്കളും കർശനമായി തടയണമെന്നും അമ്പലപ്പുഴയുടെ ഹൃദയ ഭാഗത്ത് പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട്ലെറ്റ് ഉടനടി അടച്ചു പൂട്ടണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എഐഎംഎസ്എസിന്റെയും മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെയും എഐഡിഎസ്ഒയുടെയും സംയുക്താഭിമുഖ്യത്തിൽ കച്ചേരിമുക്കിൽ ലഹരിവിരുദ്ധ സംഗമവും നടന്നു.

സംഗമം അമ്പലപ്പുഴ പോലീസ് സബ് ഇൻസ്പെക്ടർ ജെ.നിസാമുദ്ദീൻ ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ സെക്രട്ടറി ശ്രീ.സി.വി.പീതാംബരന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജ് പേഷ്യന്റ്സ് വെൽഫെയർ ഫോറം ചെയർമാൻ അഡ്വ.ബി. സുരേഷ്, 'തണൽ' കോ-ഓർഡിനേറ്റർ സുരേഷ്കുമാർ, റിട്ട.എച്ച്എസ്എ വസന്തകുമാരി, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി കെ.ജെ ഷീല, കേരള മത്സ്യസംസ്കരണ തൊഴിലാളി യൂണിയൻ ജില്ലാ പ്രസിഡന്റ് രേവമ്മ ചന്ദ്രൻ, അമ്പലപ്പുഴ സലാം, എഐഡിവൈഒ ജില്ലാകമ്മിറ്റിയംഗം സി.ഹണി, എഐഡിഎസ്ഒ മേഖലാ പ്രസിഡന്റ് ആർ.അപർണ തുടങ്ങിയവർ പ്രസംഗിച്ചു. വി. ഉഷാകുമാരി സ്വാഗതവും പി.കെ.മീര കൃതജ്ഞതയും പറഞ്ഞു. എഐഡിഎസ്ഒ സംഘടിപ്പിച്ച ലഹരിവിരുദ്ധ വിദ്യാർത്ഥി റാലിക്ക് എസ്.അലീന, ആർ.അപർണ, വി.പി വിദ്യ, നരൻ തുടങ്ങിയവർ നേതൃത്വം നൽകി.




അലപ്പുഴ ജില്ലയിൽ ചമ്പക്കുളത്തു നടന്ന ലഹരിവിരുദ്ധ വിദ്യാർത്ഥി റാലി

എഐഡിഎസ്ഒയുടെ ആഭിമുഖ്യത്തിൽ ചമ്പക്കുളത്ത് ലഹരിവിരുദ്ധ വിദ്യാർത്ഥി സമ്മേളനം നടത്തി. എഴുത്തുകാരനും കവിയുമായ ശ്രീ.രാമങ്കരി രാധാകൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. എഐഡിഎസ്ഒ കുട്ടനാട് മേഖലാ പ്രസിഡന്റ് സ.ആശാദേവിയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് വി.ഡി.സന്തോഷ്, സഖാവ് ആർ.അപർണ, എഐഡിവൈഒ മേഖലാ സെക്രട്ടറി സഖാവ് ബിജു സേവ്യർ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മേഖലാകമ്മിറ്റിയംഗം സഖാവ് ഗണേഷ് ബാബു എന്നിവർ പ്രസംഗിച്ചു. സഖാവ് എസ്. അഖിൽമോൻ സ്വാഗതവും സഖാവ് അഞ്ജന ജയൻ കൃതജ്ഞതയും പറഞ്ഞു. ●




കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതി
വയനാട് ഓടപ്പള്ളം ഗവൺമെന്റ് ഹൈസ്കൂളിൽ നടന്ന ലഹരിവിരുദ്ധ സംഗമം

# ആർഎസ്എസ് സ്വാതന്ത്ര്യസമരത്തിനും നേതാജിക്കും എതിരെ നിലകൊണ്ടു



(7-ാം പേജിൽ നിന്ന്)

വികസിപ്പിച്ചെടുക്കുന്നുണ്ട്. മറുവശത്ത് മുസ്ലീങ്ങൾക്കിടയിൽ ഹിന്ദുക്കളെപ്രതി ഒരു അരക്ഷിതബോധവും ആശങ്കയും വളർന്നുവരുന്നുമുണ്ട്. സ്ഥാപിത താല്പര്യക്കാർ ഈ സാഹചര്യം മുതലെടുത്ത് നിലനിൽപ്പിനായുള്ള 'മുസ്ലീം ഐക്യം' എന്ന പേരിൽ ഒരു മുസ്ലീം വോട്ടുബാങ്കും സൃഷ്ടിച്ചെടുക്കുന്നു. പണിയെടുത്ത് ജീവിക്കുന്നവരുടെ യോജിച്ച സമരങ്ങളെ തകർക്കാനായി വർഗ്ഗീയ സ്പർദ്ധയും കലാപങ്ങളും ആസൂത്രണം ചെയ്യപ്പെടുന്നുമുണ്ട്. 1942 ലെ വമ്പൻ ജനമുന്നേറ്റത്തിന്റെയും ഐഎൻഎയുടെ ചരിത്രപ്രധാനമായ പോരാട്ടങ്ങളുടെയും ബോംബെയിലെ നാവിക കലാപത്തിന്റെയുമൊക്കെ പശ്ചാത്തലത്തിൽ രാജ്യത്ത് ഉയർന്നുവന്ന വിപ്ലവ സാഹചര്യത്തെ മറികടക്കാനായി ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്ത്യൻ മുതലാളിവർഗ്ഗവുമായിച്ചേർന്ന് നടത്തിയ ഗൂഢാലോചനയുടെ ഫലമായിരുന്നു 1946 ലെ വർഗ്ഗീയകലാപങ്ങളും രാജ്യത്തിന്റെ വിഭജനവുമെല്ലാം എന്ന കാര്യം ഓർത്തുനോക്കുക.

**ഹിന്ദു-മുസ്ലീം മതമൗലികവാദികൾ മതാചാര്യൻമാരെപ്പോലും നിഷേധിക്കുന്നു**

ചൈതന്യനെയും രാമകൃഷ്ണ പരമഹംസരെയും വിവേകാനന്ദനെയുംപോലെയുള്ള ആചാര്യൻമാർ എപ്പോഴെങ്കിലും മുസ്ലീങ്ങൾക്കുനേരെ വിഷം ചീറ്റുകയോ ബാബറി മസ്ജിദ് തകർക്കാൻ ആഹ്വാനം നൽകുകയോ ചെയ്തിട്ടുണ്ടോ എന്ന കാര്യം ഹിന്ദുക്കൾ ഓർത്തുനോക്കണം. നേരെമറിച്ച്, ചൈതന്യനെപ്പോലെയുള്ളവർ ഹിന്ദുക്കളെന്നോ മുസ്ലീങ്ങളെന്നോ നോക്കാതെ എല്ലാവർക്കുമിടയിൽ സ്നേഹത്തിന്റെ സന്ദേശം പ്രചരിപ്പിക്കുകയാണ് ചെയ്തത്. വ്യത്യസ്ത പ്രബോധനങ്ങൾ, വ്യത്യസ്ത മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകുന്നത് എന്നാണ് പരമഹംസർ പറഞ്ഞത്. അദ്ദേഹം മുസ്ലീംപള്ളിയിൽ നമസ്കരിക്കാനും ക്രിസ്ത്യൻപള്ളിയിൽ പ്രാർത്ഥിക്കാനും തയ്യാറായി. വേദങ്ങളും ബൈബിളും ഖുറാനും സമന്വയിപ്പിച്ച് മതപരമായ ഐക്യം സ്ഥാപിച്ചെടുക്കാനാണ് വിവേകാനന്ദൻ ആഹ്വാനം ചെയ്തത്. കൃഷ്ണനെയും നബിയെയും അദ്ദേഹം ഒരേപോലെ ആദരിച്ചു. "യാതൊരു അലോസരവുമില്ലാതെ പൂർണ്ണ സ്വാതന്ത്ര്യത്തോടെ എന്റെ മകന് ഒരു ബുദ്ധമത വിശ്വാസിയും എന്റെ ഭാര്യക്ക് ഒരു ക്രിസ്ത്യാനിയും എനിക്ക് ഒരു മുസ്ലീമുമായിരിക്കാൻ സ്വാഭാവികമായിത്തന്നെ കഴിയും" എന്നുപോലും അദ്ദേഹം പറഞ്ഞു........"മുസ്ലീങ്ങൾ ഇന്ത്യ പിടിച്ചടക്കിയതോടെ ഇന്ത്യയിലെ ദരിദ്രർക്ക് മോചനം നേടാൻ കഴിഞ്ഞു..... അതെല്ലാം ആയുധശക്തികൊണ്ടും നശീകരണപ്രവർത്തനങ്ങൾകൊണ്ടും നേടിയതാണ് എന്നുപറയുന്നത് ബുദ്ധിക്ക് തകരാറുള്ളതുകൊണ്ടാണ്. ജന്മിമാരുടെയും പുരോഹിതന്മാരുടെയും പിടിയിൽനിന്ന് സ്വതന്ത്രരാകാൻ ദരിദ്രർ ആഗ്രഹിച്ചിരുന്നു" (സന്ദേശവും കൃതികളും) എന്നും അദ്ദേഹം പറഞ്ഞു. ആരാണ് യഥാർത്ഥ ഹിന്ദുക്കൾ. രാമകൃഷ്ണ പരമഹംസരും വിവേകാനന്ദനുമൊക്കെയാണോ അതോ ആർഎസ്എസ്-ബിജെപി നേതാക്കളോ? മുഹമ്മദ് നബിയും മറ്റൊരു മതത്തിനെതിരെ വിദ്വേഷം വളർത്താൻ ശ്രമിച്ചിട്ടില്ല. എന്നുമാത്രമല്ല, എബ്രഹാം, മോസസ്, യേശു എന്നിവരും തന്നെപ്പോലെ ദൈവം അയച്ച പ്രവാചകരാണെന്നും അവരെ ആദരിക്കണമെന്നുമാണ് അദ്ദേഹം മുസ്ലീങ്ങളോട് ആഹ്വാനം ചെയ്തത്. അദ്ദേഹം സ്ഥാപിച്ച മതമായ ഇസ്ലാമിന്റെ അർത്ഥം സമാധാനം എന്നാണ്. പരസ്പരം പടവെട്ടി നശിച്ച അറേബ്യൻ നാടുകളിൽ സമാധാനം സ്ഥാപിക്കാനാണ് അദ്ദേഹം ആ പേര് സ്വീകരിച്ചത്. വിവിധ മതസ്ഥരുടെ സഹവർത്തിത്വമാണ് അദ്ദേഹം ആഗ്രഹിച്ചത്. "നിങ്ങളുടെ മതം നിങ്ങളുടേതും എന്റെ മതം എന്റേതും" എന്നാണ് അദ്ദേഹം പറഞ്ഞത്. നമ്മൾ കമ്മ്യൂണിസ്റ്റുകൾ, ശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തി ദൈവവിശ്വാസത്തെ നിഷേധിക്കുമ്പോഴും, മതത്തിന്റെ ആവിർഭാവകാലത്ത് പ്രവാചകർ വഹിച്ച മനുഷ്യനന്മയിലൂന്നിയതും ചരിത്രപരവുമായ പങ്കിനെ മാനിക്കുന്നു. ഇന്ന് ഹിന്ദു, മുസ്ലീം മതമൗലികവാദികൾ ഹീനമായ ലക്ഷ്യങ്ങളോടെ മതത്തെ വികൃതമാക്കുന്നു. മതത്തിന്റെ പേരിൽ അവർ കലാപങ്ങളും ഭീകരാക്രമണങ്ങളും ബലാൽസംഗങ്ങളും നടത്തുന്നു. നിരപരാധികളായ സ്ത്രീകളെയും കുഞ്ഞുങ്ങളെയുംവരെ കൊന്നൊടുക്കുന്നു. അവർ ചരിത്രസ്മാരകങ്ങളായ ബാബറിമസ്ജിദും അഫ്ഗാനിസ്ഥാനിലെ ബാമിയാനിലെ ബുദ്ധപ്രതിമയും ഇറാഖിലും സിറിയയിലും മറ്റുമുള്ള പ്രാചീന നാഗരികതയുടെ പ്രതീകങ്ങളും തകർത്തു. മുഹമ്മദ് നബിയും വിവേകാനന്ദനും മറ്റും ജീവിച്ചിരുന്നെങ്കിൽ അവർ ഈ അനീതിക്കും കാടത്തത്തിനുമെതിരെ നിലകൊണ്ടേനെ. സോഷ്യലിസ്റ്റ് ചേരി തകർക്കപ്പെടുകയും ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും സാമ്രാജ്യത്വ-വിരുദ്ധ പ്രസ്ഥാനവും ദുർബ്ബലമാക്കപ്പെടുകയും ചെയ്തതിനാലാണ്, സാമ്രാജ്യത്വ-മുതലാളിത്തം ഗൂഢമായി ഊട്ടിവളർത്തുന്ന മതമൗലികവാദ ശക്തികൾ നാഗരികതയ്ക്കുനേരെ ഭീഷണിയുയർത്തിക്കൊണ്ട് അഴിഞ്ഞാടുന്നത് എന്നകാര്യം നാം ഓർക്കേണ്ടതുണ്ട്.

**നീതിബോധവും സദാചാര സങ്കല്പങ്ങളും തകർക്കാനുള്ള ഗൂഢാലോചന**

അടിച്ചമർത്തലിനോടും വർഗ്ഗീയസ്പർദ്ധ വളർത്തുന്നതിനോടുമൊപ്പം മറ്റൊരു തന്ത്രം കൂടി ഭരണവർഗ്ഗം പയറ്റുന്നുണ്ട്. ഇതേക്കുറിച്ച് 1974-ൽ സഖാവ് ശിബ്ദാസ് ഘോഷ് ഇപ്രകാരം മുന്നറിയിപ്പ് നല്കി, "നാടിന്റെ നൈതികത തകർക്കാൻ രാജ്യത്ത് ഭരണവർഗ്ഗം ഒരു ഗൂഢപദ്ധതി ആവിഷ്കരിച്ചിരിക്കുന്നു..... എത്ര അടിച്ചമർത്തിയാലും എത്രനാൾ പട്ടിണിക്കിട്ടാലും പോലീസിനെയും പട്ടാളത്തെയും ഉപയോഗിച്ച് ദീർഘനാൾ ഒരു ജനതയെ കാൽക്കീഴിലമർത്താനാവില്ല. നൈതികമായ കരുത്ത് നിലനിർത്താനും ശരിയായ വിപ്ലവ പ്രത്യയശാസ്ത്രം കണ്ടെത്താനും കഴിഞ്ഞാൽ ജനങ്ങൾ സ്വന്തം ശക്തി തിരിച്ചറിയുകയും ഉയർത്തെഴുന്നേൽക്കുകയും ചെയ്യും" (തൊഴിലാളിവർഗ്ഗ നൈതികതയും സംസ്കാരവും തൊഴിലാളികളിലെത്തിക്കുക). കഴിഞ്ഞകാലത്തെ മഹാന്മാരുടെ, വിപ്ലവകാരികളുടെ, രക്തസാക്ഷികളുടെ ഓർമ്മകൾ തുടച്ചുനീക്കി അവരെ വിസ്മൃതിയിലാഴ്ത്തുക എന്നതാണ് മുതലാളിവർഗ്ഗത്തിന്റെ പദ്ധതി. മദ്യത്തിന്റെയും ചൂതാട്ടത്തിന്റെയും അശ്ലീലതയുടെയും അഴുക്കുചാലിലേയ്ക്ക് വിദ്യാർത്ഥികളെയും യുവാക്കളെയും തള്ളുക, അങ്ങനെ അവരെ മനുഷ്യരും മൃഗങ്ങളുമല്ലാത്ത, മനുഷ്യശരീരമുള്ള എന്നാൽ മനുഷ്യത്വമില്ലാത്ത ജീവികളാക്കി മാറ്റിത്തീർക്കുക എന്നതാണ് അവർ ലക്ഷ്യം വയ്ക്കുന്നത്. അതുകൊണ്ടുതന്നെ കൊലയും ബലാൽസംഗവും അക്രമവുമെല്ലാം നിത്യ സംഭവങ്ങളാകുന്നു. പെൺകുഞ്ഞുങ്ങളെയും വൃദ്ധമാതാക്കളെയുംപോലും വെറുതെവിടുന്നില്ല. കഠിനമായ ദാരിദ്ര്യവും ദുരിതങ്ങളോടുമൊപ്പം ആക്രമണത്തിന് ഇരയാകുന്നവരുടെ ദീനരോദനങ്ങളും അന്തരീക്ഷത്തിൽ മുഴങ്ങുമ്പോൾ അക്രമികൾ സ്വൈരവിഹാരം നടത്തുകയാണ്. ഇത്രയും അധഃപതിച്ച ഒരു നാട് നമ്മുടെ സ്വാതന്ത്ര്യസമര പോരാളികളുടെ ദുസ്വപ്നങ്ങളിൽപോലും ഇടംപിടിച്ചിട്ടുണ്ടാവില്ല.

**നേതാജിയോടുള്ള യഥാർത്ഥ ആദരവ് നമ്മോടെന്താണ് ആവശ്യപ്പെടുന്നത്**

ഭയാനകവും ദുസ്സഹവുമായ ഇന്നത്തെ സാമൂഹ്യ സാഹചര്യത്തിൽ എങ്ങനെയാണ് നേതാജിയോടുള്ള ആദരവ് പ്രകടമാക്കുക? നേതാജി പറഞ്ഞു "എന്റെ ചെറുപ്പകാലത്ത് ബ്രിട്ടീഷുകാരെ തുരത്തുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യമായി കരുതിയിരുന്നത്. എന്നാൽ, പിന്നീട് ആഴത്തിൽ ചിന്തിച്ചപ്പോൾ, ബ്രിട്ടീഷുകാരെ പുറത്താക്കുന്നതുകൊണ്ടുമാത്രം കടമ തീരുന്നില്ല എന്നെനിക്ക് മനസ്സിലായി. ഇന്ത്യയിൽ ഒരു പുതിയ സാമൂഹ്യവ്യവസ്ഥ സ്ഥാപിക്കാൻ മറ്റൊരു വിപ്ലവംകൂടി ആവശ്യമുണ്ട്" (വാട്ട് ഈസ് റെവലൂഷൻ). ഈ പുതിയ സാമൂഹ്യവ്യവസ്ഥ സ്ഥാപിക്കാൻ മുതലാളിത്ത-വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവം സംഘടിപ്പിക്കേണ്ടതുണ്ട്. അതിന്, ഖുദിറാമിനെയും ഭഗത്സിംഗിനെയും സൂര്യസെന്നിനെയും ചന്ദ്രശേഖർ ആസാദിനെയും അസഫാഖുള്ള ഖാനെയും പ്രീതിലതയെയും പോലെയുള്ള അനേകം വിപ്ലവകാരികളെ നമുക്കാവശ്യമുണ്ട്. ഈ യുഗത്തിലെ മഹോന്നത പ്രത്യയശാസ്ത്രമായ മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തയാൽ പ്രചോദിതരായ ഈ വിപ്ലവകാരികൾ ജനങ്ങൾക്കിടയിലേയ്ക്ക് ചെന്ന് അവരെ പ്രബുദ്ധരും സംഘടിതരും നൈതികമായി സായുധരുമാക്കി വിപ്ലവപ്രസ്ഥാനത്തിന്റെ നീർച്ചുഴിയിലേയ്ക്ക് ആനയിക്കേണ്ടതുണ്ട്. മഹാനായ വിപ്ലവപ്പോരാളി നേതാജിയോട് ആദരവ് പ്രകടിപ്പിക്കുകയെന്നാൽ ഈ കർത്തവ്യത്തിൽ മുഴുകുക എന്നാണർത്ഥം.

നേതാജിയുടെ ജീവിതത്തിൽനിന്നും പോരാട്ടങ്ങളിൽനിന്നും നമ്മുടെ രാജ്യത്തെ ജനങ്ങൾ, വിശേഷിച്ച് യുവാക്കൾ വിലപ്പെട്ട പാഠങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്. ചെറുപ്പകാലത്ത് നേതാജിക്ക് ഭൗതികവാദ തത്വചിന്തയിൽ വിശ്വാസമുണ്ടായിരുന്നില്ല എന്ന കാര്യം പലർക്കുമറിയാം. വേദാന്ത ദർശനത്തിൽ വിശ്വസിച്ചിരുന്ന അദ്ദേഹം പക്ഷേ ഒരു വരട്ടുതത്വവാദി ആയിരുന്നില്ല, യുക്തിസഹവും സത്യാന്വേഷണപരവുമായ ഒരു മനസ്സിന്റെ ഉടമയായിരുന്നു. അതുകൊണ്ടുതന്നെ തുടർന്നുള്ള ജീവിതത്തിൽ അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ അടിസ്ഥാനപരമായ മാറ്റമുണ്ടായി. ഭൗതികവാദ തത്വചിന്തയിലും ശാസ്ത്രീയമായ പ്രയോഗപദ്ധതിയിലും അദ്ദേഹം വിശ്വസിക്കാൻ തുടങ്ങി. വിദ്യാർത്ഥികളോടും യുവാക്കളോടുമുള്ള അവസാന അഭ്യർത്ഥനയിൽ ഈ മാറ്റം പ്രകടമായിക്കാണാം. അദ്ദേഹത്തിന്റെ അഭിപ്രായം ഏറെ പ്രാധാന്യമർഹിക്കുന്നു. 1940 ൽ ജയിലിൽ വച്ച് ചില സുപ്രധാന പ്രശ്നങ്ങൾ ഉന്നയിച്ച് അദ്ദേഹം മരണംവരെ നിരാഹാരസമരം ആരംഭിച്ചു. ഡിമാന്റുകൾ ബ്രിട്ടീഷ് സാമ്രാജ്യത്വം അംഗീകരിക്കില്ലെന്നും വിപ്ലവകാരിയായ ജതിൻദാസിനെപ്പോലെ തനിക്കും രക്തസാക്ഷിത്വം വരിക്കേണ്ടിവരുമെന്നും അദ്ദേഹം വിശ്വസിച്ചു. ഭൗതികവാദത്തെയും ശാസ്ത്രീയ യുക്തിചിന്തയെയും സംബന്ധിച്ച് തെറ്റിദ്ധാരണ വച്ചുപുലർത്തിയതിലൂടെ ചെറുപ്പത്തിൽ താൻ ചെയ്ത തെറ്റ് അടുത്ത തലമുറ ആവർത്തിക്കരുതെന്ന് ആ സന്ദർഭത്തിൽ അദ്ദേഹം ചിന്തിച്ചിരിക്കാം. യുവാക്കളെ ഇക്കാര്യത്തിൽ ജാഗരൂകരാക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. അദ്ദേഹം ഇങ്ങനെ കുറിച്ചു "ഞാൻ മരിച്ചുകഴിഞ്ഞാൽ ജീവിതത്തിന്റെ ഗൗരവാവഹമായ പ്രശ്നങ്ങളിൽ തൽപരരായവരെ ഇക്കാര്യം അറിയിക്കാൻ ആഗ്രഹിക്കുന്നു........പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ സ്വഭാവത്തെ സംബന്ധിച്ച് ശാസ്ത്രം വെളിവാക്കിയതിനോടെല്ലാം ഒരു തുറന്ന സമീപനം സ്വീകരിക്കുന്നത് നന്നായിരിക്കും. ശാസ്ത്രം പുരോഗമിക്കുന്നതിനനുസരിച്ച് കൂടുതൽ കാര്യങ്ങളിലേയ്ക്ക് വെളിച്ചം വീശും. ഇതിനിടയിൽ ഭൗതികവാദത്തെക്കുറിച്ചുള്ള പഴയ ധാരണകളിൽ സമ്പൂർണ്ണമായ പൊളിച്ചെഴുത്ത് ഉണ്ടായിരിക്കുന്നു എന്ന കാര്യവും നമ്മൾ മനസ്സിലാക്കണം. അത് ശാസ്ത്രീയ ഗവേഷണങ്ങളാലും ദാർശനിക യുക്തിയാലും അനുമാനങ്ങളാലും നിരന്തരം ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്" (ക്രോസ് റോഡ്സ്).

മഹാനായ സ്വാതന്ത്ര്യസമര സേനാനി നേതാജിയുടെ ജീവിതത്തിൽനിന്ന് വിദ്യാർത്ഥികളും യുവാക്കളും അമൂല്യമായ പാഠങ്ങൾ ഉൾക്കൊള്ളണം. "കൺമുന്നിൽ നടക്കുന്ന അനീതിയെ എതിർക്കാൻ ശ്രമിക്കാത്തയാൾ, സ്വന്തം മനുഷ്യസത്തയെ മാത്രമല്ല അടിച്ചമർത്തപ്പെടുന്നവരുടെയാകെ മനുഷ്യസത്തയെയാണ് അപമാനിക്കുന്നത്. അനീതിയെ തടയാൻ ശ്രമിച്ചതിന്റെ പേരിൽ ദുരിതങ്ങൾ ഏറ്റുവാങ്ങാനും ജയിലഴികളോ കൊലക്കയറോ സ്വീകരിക്കാനും തയ്യാറാകുന്നവർ ആ ത്യാഗത്തിലൂടെ മനുഷ്യ സത്തയുടെ പ്രതീകമായി മാറുകയും ചെയ്യുന്നു.....അടിച്ചമർത്തലോ അനീതിയോ എവിടെക്കണ്ടാലും, അത് വിദ്യാലയത്തിലോ തെരുവിലോ വീട്ടിലോ എവിടെയുമാകട്ടെ, ധൈര്യപൂർവ്വം ചെറുക്കാൻ ശ്രമിക്കുക. എന്റെ എളിയ ജീവിതത്തിൽ ഞാൻ അല്പമെങ്കിലും കരുത്ത് കാട്ടിയിട്ടുണ്ടെങ്കിൽ അത് ഈ മാർഗ്ഗം അവലംബിച്ചതുകൊണ്ടുമാത്രമാണ്" (തരുണർ സ്വപ്ന). അതോടൊപ്പംതന്നെ, ഈ യുഗത്തിലെ തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റ മാർഗ്ഗദർശിയായ സഖാവ് ശിബ്ദാസ്ഘോഷിന്റെ ആഹ്വാനം കൂടി ഉൾക്കൊള്ളേണ്ടതുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ചു, "തുടക്കത്തിൽ ഒരു ആശയത്തിനോ പ്രത്യയശാസ്ത്രത്തിനോ വേണ്ടി ത്യാഗം ചെയ്യാൻ അധികംപേരുണ്ടാവില്ല. ദീപ്തമനസ്കരായ വിദ്യാർത്ഥികളും യുവാക്കളുമേ കാണൂ. ഏതൊരു രാജ്യത്തും സാമൂഹ്യ വികാസത്തിന്റെ ഏതുഘട്ടത്തിലും വിപ്ലവപ്രത്യയശാസ്ത്രത്താൽ പ്രചോദിതരായി സർവ്വം സമർപ്പിച്ച് പ്രവർത്തിക്കാൻ, ജനങ്ങളെ ഉണർത്തി, സംഘടിപ്പിച്ച്, അവരുടെ രാഷ്ട്രീയാധികാരം സ്ഥാപിച്ചെടുക്കാൻ അവരേ ഉണ്ടാകൂ....ഈ പോരാട്ടം വേദനാകരവും ചിലപ്പോൾ ഏറെ സങ്കീർണ്ണവുമായിരിക്കും. എന്നാൽ, മഹത്വപൂർണ്ണമായ ജീവിതത്തിന്റെ പാതയിതാണ്. ഈ പോരാട്ടത്തിൽ നിങ്ങളുടെ ജീവൻ പൊലിഞ്ഞേക്കാം. പക്ഷേ, തല ഉയർത്തിപ്പിടിച്ച് ആത്മാഭിമാനത്തോടെ ആയിരിക്കും നിങ്ങൾ മരണം വരിക്കുക" (വിദ്യാർത്ഥികളുടെയും യുവാക്കളുടെയും കർത്തവ്യങ്ങൾ).

●

# അരുവിക്കര തെരഞ്ഞെടുപ്പ്

(8-ാം പേജിൽ നിന്ന്)

യസാഹചര്യത്തിന്റെ വസ്തുനിഷ്ഠമായ വിലയിരുത്തലിനെ പ്രതിഫലിപ്പിക്കുന്നില്ല. ജനങ്ങളുടെ അവജ്ഞക്കും അവമതിപ്പിനും ഇത്രമേൽ പാത്രമായ യുഡിഎഫിനെ പരാജയപ്പെടുത്താൻ കഴിയാതെ പോയത് എന്തുകൊണ്ടെന്ന് നിർഭയമായി പരിശോധിക്കാൻ തയ്യാറാവുകയാണ് വേണ്ടത്. അധികാരവും പണവും ഉപയോഗപ്പെടുത്തി വോട്ട് മറിക്കുക എന്ന ഏർപ്പാടിന് ഇന്നും മേൽക്കൈ ലഭിക്കുന്നുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ ഇടതുമുന്നണിക്ക് കഴിയുമോ? ജാതീയവും മതപരവുമായ വികാരങ്ങൾക്ക് ഇന്നും ജനങ്ങൾക്കിടയിൽ ഇടം ലഭിക്കുന്നുവെങ്കിൽ അത്തരമൊരു സാഹചര്യം സൃഷ്ടിച്ചതിൽ കേരളത്തിലെ ഇടതുചേരിക്കും കനപ്പെട്ട ഒരു പങ്കുണ്ടെന്നത് നിഷേധിക്കാനാവില്ല. ജീർണ്ണമായ വലതുപക്ഷ രാഷ്ട്രീയത്തെ ഉന്നതമായ ഇടതുരാഷ്ട്രീയംകൊണ്ട് നിഷ്കാസനം ചെയ്യുക എന്നതാണ് യഥാർത്ഥ ഇടതുരാഷ്ട്രീയത്തിന്റെ ചരിത്രപരമായ കടമ. ഈ കടമ നിറവേറ്റി നിലകൊള്ളുമ്പോൾ വിജയമോ പരാജയമോ ഉണ്ടാകാം. അത് ഒട്ടുമേ പ്രധാനമല്ല. എന്നാൽ കടമ നിറവേറ്റി നിലകൊണ്ടാൽ ക്രമേണ ജനങ്ങൾ അവരുടെ സ്വന്തം പ്രസ്ഥാനത്തെ തിരിച്ചറിയാനും ശക്തിപ്പെടുത്താനും മുന്നോട്ടുവരും. തെരഞ്ഞെടുപ്പ് വിജയത്തിനുമപ്പുറം വിപ്ലവത്തിന്റെ പതാക ഉയർത്താൻ വരെ അത് വഴി തുറന്നുതരും.

●

# സെപ്റ്റംബർ 2 ന്റെ പൊതുപണിമുടക്ക് ചരിത്രവിജയമാക്കുക

**സഖാവ് കൃഷ്ണചക്രവർത്തി**




എഐയുറ്റിയുസി അഖിലേന്ത്യാ പ്രസിഡണ്ട് സഖാവ് കൃഷ്ണചക്രവർത്തി കൺവൻഷനിൽ പ്രസംഗിക്കുന്നു. എഐറ്റിയുസി, സിഐറ്റിയു, ബിഎംഎസ്, എച്ച്എംഎസ്, ഐഎൻറ്റിയുസി, എഐസിസിറ്റിയു, ടിയുസിസി, യുറ്റിയുസി, സേവ, എഎൽപിഎഫ് തുടങ്ങിയ യൂണിയനുകളുടെ അഖിലേന്ത്യാ നേതാക്കൾ വേദിയിൽ.

കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്തവേദി ആഹ്വാനം ചെയ്ത സെപ്റ്റംബർ 2 ന്റെ അഖിലേന്ത്യാ പൊതുപണിമുടക്ക് ചരിത്രവിജയമാക്കിമാറ്റണമെന്ന് എഐയുറ്റിയുസി അഖിലേന്ത്യാ പ്രസിഡണ്ട് സഖാവ് കൃഷ്ണ ചക്രവർത്തി അഭ്യർത്ഥിച്ചു. മെയ് 26ന് ന്യൂ ഡൽഹി മവ്‌ലങ്കർ ഹാളിൽ നടന്ന ദേശീയ തൊഴിലാളി കൺവൻഷനിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കേന്ദ്ര ട്രേഡ് യൂണിയനുകൾ സംയുക്തമായി കേന്ദ്രസർക്കാറിന് സമർപ്പിച്ചിട്ടുള്ള ഡിമാന്റുകൾ ന്യായയുക്തമല്ലെന്ന് പറയാൻ ബിജെപിക്കും കോൺഗ്രസ്സിനുമാവില്ല. എങ്കിൽ എന്തുകൊണ്ടു അവർ നടപ്പാക്കുന്നില്ല? അധികാരത്തിലേറി ഒരു വർഷം തികയുമ്പോൾ മോദി സർക്കാർ, തൊഴിൽനിയമ പരിഷ്ക്കാരത്തിന്റെ പേരിൽ നിലവിലുള്ള തൊഴിൽനിയമങ്ങളെല്ലാം വളച്ചൊടിച്ച് വ്യവസായാന്തരീക്ഷവും തൊഴിൽബന്ധങ്ങളും അങ്ങേയറ്റം വഷളാക്കിയിരിക്കുന്നു.

അതിന്റെ വിശദാംശങ്ങൾ ഏറക്കുറെ നമുക്കേവർക്കും അറിവുള്ളതാണ്. എന്നാൽ, രോഗത്തിന്റെ മൂലകാരണം അറിയില്ലെങ്കിൽ രോഗം ഭേദപ്പെടുത്താൻ കഴിയില്ല. രോഗത്തിന്റെ അടിസ്ഥാനഹേതു വിനാശകരമായ ആഗോളവൽക്കരണനയങ്ങളാണ്. അത് തൊഴിലിന്റെ അടിസ്ഥാന സങ്കൽപ്പങ്ങളെ തന്നെ മാറ്റിമറിച്ചിരിക്കുന്നു. നേരത്തെ നിങ്ങൾക്കൊരു ജോലി കിട്ടിക്കഴിഞ്ഞാൽ, ആദ്യം സ്ഥിരപ്പെടുത്തൽ പിന്നെ, കാലാനുസൃതമായ ഇൻക്രിമെന്റ്, പ്രമോഷൻ അങ്ങനെ പലതുമുണ്ട്. വിരമിക്കുമ്പോൾ പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നു. എന്നാൽ, ഇനി ഇവയൊന്നും ലഭ്യമല്ലാതാകും. ആഗോളവൽക്കരണ നയങ്ങളനുസരിച്ച് എല്ലാ തൊഴിലും കോൺട്രാക്റ്റ് അടിസ്ഥാനത്തിലാകും. മൻമോഹൻസിംഗ് ഈ നയം നടപ്പിലാക്കി. ഇപ്പോൾ മോദിസർക്കാരും അതേ നയം കൂടുതൽ വീറോടെ നടപ്പിലാക്കുന്നു. ഇതനുസരിച്ച് വിദേശമൂലധനം വ്യാപകമായി രാജ്യത്തേക്ക് കടന്നുവരികയും ജനങ്ങളെ ചൂഷണം ചെയ്യുകയും ചെയ്യുന്നു. ബിജെപി, കോൺഗ്രസ് ഗവണ്മെന്റിനെ കടത്തിവെട്ടിക്കൊണ്ട് റെയിൽവേ, പ്രതിരോധം തുടങ്ങിയ തന്ത്രപ്രധാന മേഖലകളിൽവരെ വിദേശ മൂലധനത്തെ ക്ഷണിച്ചുവരുത്തുന്നു. ഐക്യമുന്നണി സർക്കാർ പോലും ഇതേ നയം തുടർന്നിരുന്നു. ഇപ്പോൾ മോദി സർക്കാർ അസാധാരണ വേഗതയോടെയാണ് ഈ നയങ്ങൾ നടപ്പാക്കുന്നത്. അപ്പോൾ ഏതെങ്കിലും പാർട്ടിയുടെതല്ല, ഭരണമുതലാളിവർഗ്ഗത്തിന്റേതാണ്, ടാറ്റ, ബിർള, അംബാനി, ഗോയങ്ക, അദാനിമാരുടേതാണ് ഈ നയങ്ങൾ. ഏതെങ്കിലും സർക്കാർ ഇവരുടെ തീട്ടൂരങ്ങൾ നടപ്പിലാക്കാൻ വിസമ്മതിച്ചാൽ ആ ഗവണ്മെന്റ് ഈ മുതലാളിമാരാൽ അധികാരത്തിൽ നിന്നും പുറത്താക്കപ്പെടും. ഈ യാഥാർത്ഥ്യം മനസ്സിലാക്കാതെ നമുക്ക് ശക്തമായ പ്രക്ഷോഭണം കെട്ടിപ്പടുക്കാൻ കഴിയില്ല. ഒരു പക്ഷേ ഒന്നോ രണ്ടോ ഡിമാന്റുകൾ നേടിയാൽപോലും തൊഴിലാളിവർഗ്ഗത്തിന്റെ പൊതുജീവിത സാഹചര്യത്തിൽ ഒരു പുരോഗതിയും വരുത്തുവാൻ കഴിയില്ല. അതിനാൽ ഈ നയങ്ങൾക്കെതിരെ ശരിയായ ധാരണയുടെ അടിസ്ഥാനത്തിലുള്ള ശക്തമായ തൊഴിലാളിവർഗ്ഗ പ്രക്ഷോഭണമാണ് നമുക്കാവശ്യം. സുദീർഘവും ശക്തവും രണോത്സുകവുമായ ഒരു പ്രക്ഷോഭണം കൊണ്ട് മാത്രമേ നമുക്ക് ഈ ഡിമാന്റുകൾ മുഴുവൻ ഗവണ്മെന്റിനെ കൊണ്ട് അംഗീകരിപ്പിക്കുവാനും അവർ കൊണ്ടുവന്ന ഭേദഗതികൾ പിൻവലിപ്പിക്കുവാനും കഴിയൂ. ഇത്തരമൊരു ചരിത്രപ്രാധാന്യമുള്ള സമരമാണ് ഇന്ന് നമുക്കാവശ്യം- സഖാവ് കൃഷ്ണചക്രവർത്തി ആഹ്വാനം ചെയ്തു.

സെപ്തംബർ 2 ന് നടക്കുന്ന അഖിലേന്ത്യാ പൊതുപണിമുടക്കിന് ആഹ്വാനം നൽകുന്ന പ്രഖ്യാപനം കൺവൻഷൻ ഐകകണ്ഠ്യേന അംഗീകരിക്കുകയുണ്ടായി. പണിമുടക്കിനോടനുബന്ധിച്ച് സംസ്ഥാന-ജില്ലാ കൺവൻഷനുകളും മറ്റ് പ്രചാരണപ്രവർത്തനങ്ങളും നടത്തുന്നതിനുള്ള പ്രവർത്തന രൂപരേഖയും കൺവൻഷൻ അംഗീകരിക്കുകയുണ്ടായി.

# കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ കൊടുങ്ങല്ലൂർ താലൂക്ക് സമ്മേളനം

കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ കൊടുങ്ങല്ലൂർ താലൂക്ക് സമ്മേളനം ശ്രീനാരായണ സമാജം ഹാളിൽ സംസ്ഥാന ജനറൽ സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു. കെട്ടിട നിർമ്മാണ മേഖലയിലെ പ്രതിസന്ധി ഉടൻ പരിഹരിക്കണമെന്നും അതിന് സർക്കാരിന്റെ അടിയന്തരമായ ഇടപെടൽ ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷാ പദ്ധികൾ ഉറപ്പ് വരുത്തണമെന്ന്, ഐഎൽഒ പോലുള്ള അന്തർദേശീയ സംഘടനകളുടെ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടുപോലും ഈ രംഗത്തെ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ അംഗീകരിക്കുവാൻ സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു നടപടികളും ഉണ്ടാകുന്നില്ല. മാറിമാറി അധികാരത്തിൽ വരുന്ന സർക്കാരുകളുടെ സങ്കുചിത രാഷ്ട്രീയ ഇടപെടൽ മൂലം ക്ഷേമനിധി ബോർഡുകളുടെ കാര്യക്ഷമവും നിഷ്പക്ഷവും ജനാധിപത്യപരവുമായ പ്രവർത്തനം നടക്കുന്നില്ല. മാത്രമല്ല, ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനുവേണ്ടി യാതൊരു ഫണ്ടും നൽകാത്ത സർക്കാർ, ക്ഷേമനിധിബോർഡ് സ്വന്തം നിലയിൽ ബാങ്കുകളിൽ നിക്ഷേപിച്ച ഫണ്ടിന് മേൽ ആദായ നികുതി ഏർപ്പെടുത്തുവാനും വകമാറ്റി ചിലവഴിക്കുവാൻ ട്രഷറികളിലേക്ക് മാറ്റുവാനും ആലോചിക്കുകയാണ്. ഇന്നത്തെ അതിരൂക്ഷമായ വിലക്കയറ്റത്തിന്റെയും ചാർജ്ജുവർദ്ധനവുകളുടെയും പശ്ചാത്തലത്തിൽ ഈ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചേ മതിയാകൂ. പെൻഷൻ തുക മിനിമം 2000 രൂപയായെങ്കിലും വർദ്ധിപ്പിച്ചെങ്കിലെ വൃദ്ധരായ തൊഴിലാളികൾക്ക് അല്പമെങ്കിലും ആശ്വാസം ലഭിക്കൂ. വി.കെ.സദാനന്ദൻ തുടർന്നു പറഞ്ഞു.

വർക്കേഴ്സ് യൂണിയൻ ജില്ലാ പ്രസിഡന്റ് സി.കെ.ശിവദാസൻ അദ്ധ്യക്ഷപഹിച്ച സമ്മേളനത്തിൽ എഐയുടിയുസി ജില്ലാ പ്രസിഡന്റ് ഡോ. പി.എസ്.ബാബു മുഖ്യപ്രസംഗം നടത്തി. ജില്ലാ സെക്രട്ടറി ഒ.കെ.വൽസലൻ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയൻ സംസ്ഥാനക്കമ്മിറ്റിയംഗം എ.വി. ബെന്നി, സി.ആർ. ഉണ്ണികൃഷ്ണൻഎന്നിവർ പ്രസംഗിച്ചു.

പി.ഐ.സജീവൻ(പ്രസിഡന്റ്), സി.എസ്. കൃഷ്ണകുമാർ (സെക്രട്ടറി), കെ.വി.രാജീവൻ (ട്രഷർ) എന്നിവരടങ്ങിയ 13 അംഗ മേഖലാ കമ്മിറ്റിക്ക് സമ്മേളനം രൂപം കൊടുത്തു.



സഖാവ് വി.കെ.സദാനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു

# കെഎസ്ആർടിസി പെൻഷൻ ഉടൻ വിതരണം ചെയ്യുക കൊല്ലം ഡിപ്പോയിലേക്ക് മാർച്ച്



കൊല്ലം കെഎസ്ആർടിസി ഡിപ്പോയിൽ പെൻഷനേഴ്സിന്റെ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് നടന്ന യോഗം എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു.

കെഎസ്ആർടിസി പെൻഷൻ കുടിശിക ഉടൻ വിതരണം ചെയ്യണമെന്നും പെൻഷൻ ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(സി) കൊല്ലം ടൗൺ ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കെഎസ്ആർടിസി ഡിപ്പോയിലേക്ക് മാർച്ച് നടത്തി. കെഎസ്ആർടിസി പെൻഷനേഴ്സ് ഓർഗനൈസേഷൻ നടത്തുന്ന അനിശ്ചിതകാല സത്യാഗ്രഹത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടാണ് മാർച്ച് നടത്തിയത്. തുടർന്ന് നടന്ന യോഗം എസ്‌യുസിഐ(സി) കൊല്ലം ജില്ലാ കമ്മിറ്റിയംഗം സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു. എഐയുടിയുസി ജില്ലാ പ്രസിഡന്റ് സഖാവ് എസ്.രാധാകൃഷ്ണൻ, ജില്ലാ സെക്രട്ടറി സഖാവ് ബി.വിനോദ് എന്നിവർ പ്രസംഗിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാകമ്മിറ്റിയംഗങ്ങളായ സഖാക്കൾ എസ്.രാഘവൻ, ബി.രാമചന്ദ്രൻ, വി. ആന്റണി തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം നൽകി.

കരുനാഗപ്പള്ളി കെഎസ്ആർടിസി ഡിപ്പോയിൽ നടന്നുവരുന്ന അനിശ്ചിതകാല സത്യാഗ്രഹം ജൂൺ 30 ന് എഐയുടിയുസി സംസ്ഥാന ജോയിന്റ് സെക്രട്ടറിയും കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റുമായ സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. ഓർഗനൈസേഷൻ യൂണിറ്റ് സെക്രട്ടറി ഗോപിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ധർണ്ണയിൽ എഐയുടിയുസി ജില്ലാ പ്രസിഡന്റ് സഖാവ് എസ്.രാധാകൃഷ്ണൻ, എസ്‌യുസിഐ(സി) കരുനാഗപ്പള്ളി ലോക്കൽ സെക്രട്ടറി സഖാവ് ബി.വിനോദ് എന്നിവരും പ്രസംഗിച്ചു.

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/07/2015
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

# UNITY
MALAYALAM MONTHLY

Vol 42 No.4
Price : Rs 5.00
July 2015

# ദേശീയ ആരോഗ്യനയം 2015 -സെമിനാർ






കോട്ടയം മെഡിക്കൽകോളേജിൽ മെഡിക്കൽ സർവ്വീസ് സെന്ററിന്റെയും കോളേജ്‌യൂണിയന്റെയും സംയുക്താഭിമുഖ്യത്തിൽനടന്ന സെമിനാർ ഡോ.വി.പി.ഗംഗാധരൻ ഉദ്ഘാടനം ചെയ്യുന്നു.

**ആ**രോഗ്യ പരിരക്ഷാ സേവനങ്ങൾ, സ്വകാര്യമേഖലയിൽ നിന്നും വിലയക്ക് വാങ്ങി ജനങ്ങൾക്ക് വിൽക്കുന്ന ഒരു ഇടനിലക്കാരന്റെ പങ്കിലേക്ക് സർക്കാരിനെ മാറ്റുക എന്നതാണ് ദേശീയ ആരോഗ്യ നയം ലക്ഷ്യമിടുന്നതെന്ന് ഡോ. തരുൺ മണ്ഡൽ അഭിപ്രായപ്പെട്ടു. സർക്കാർ ധനസഹായം നൽകി സ്വകാര്യ ചികിൽസാ സംവിധാനത്തെ ശക്തിപ്പെടുത്തണമെന്നും സാർവ്വത്രിക ഇൻഷ്വറൻസ് നടപ്പാക്കണമെന്നും നയം പ്രഖ്യാപിക്കുന്നതിൽ നിന്നും അതാണ് വ്യക്തമാകുന്നത്. ദേശീയ ആരോഗ്യനയം 2015 നെ സംബന്ധിച്ച് മെഡിക്കൽ സർവ്വീസ് സെന്ററും കോട്ടയം മെഡിക്കൽ കോളേജ് വിദ്യാർത്ഥി യൂണിയനും സംയുക്തമായി മെഡിക്കൽ കോളേജിൽ സംഘടിപ്പിച്ച സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു മുൻ എംപിയും ആരോഗ്യകാര്യങ്ങളുടെ പാർമെന്ററിസമിതിയുടെ മുൻ അംഗവുമായിരുന്ന അദ്ദേഹം. രാജ്യത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ ഏറ്റവും കുറഞ്ഞത് 5 ശതമാനമെങ്കിലും ചെലവഴിച്ചാൽ മാത്രമേ നമ്മുടെ ആരോഗ്യമേഖലയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ നേടാൻ കഴിയൂ എന്നിരിക്കേ നയം 2.5 ശതമാനം മാത്രം ചെലവഴിക്കണമെന്നാണ് നിർദ്ദേശിക്കുന്നത്. അദ്ദേഹം കൂട്ടിച്ചേർത്തു. പ്രമുഖ കാൻസർ ചികിത്സാ വിദഗ്ദൻ ഡോ. വി.പി. ഗംഗാധരൻ സെമിനാർ ഉദ്ഘാടനം ചെയ്തു. ആരോഗ്യമേഖലയിലേയ്ക്ക് കടന്നുവന്നത് സാമ്പത്തിക ശേഷിയുള്ളവർ മാത്രമാണെന്ന് പ്രസ്തുത പ്രവണതയെ ശക്തിപ്പെടുത്തുന്ന സമീപനമാണ് സർക്കാരുകളുടെ നയങ്ങളിൽ പ്രകടമാകുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ചികിൽസാ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനെ സംബന്ധിച്ച് യാതൊരു നിർദ്ദേശവും നയം മുന്നോട്ടുവയ്ക്കുന്നില്ല.

തുടർന്നു നടന്ന തുറന്ന ചർച്ചയിൽ ഡോ. എ.വി. ജയകൃഷ്ണൻ, ഡോ. പ്രമീളാ ദേവി, ഡോ. വർഗ്ഗീസ് പുന്നൂസ്, ഡോ. സജിത്കുമാർ, ഡോ. ടോമിച്ചൻ, ഡോ. ബിനു അരീക്കൽ, ഡോ. ജജി.ജി, ഡോ. ജിനേഷ്. പി.എസ്, ഡോ. ഡി.സുരേന്ദ്രനാഥ്, ഡോ. വി.വേണുഗോപാൽ, ഡോ. കെ. ഹരിപ്രസാദ്, മുഹമ്മദ് ജാസിം, പി. അനന്തകൃഷ്ണൻ, ഡോ. കെ.പി. ഗോദകുമാർ, അഡ്വ. ഇ.എൻ.ശാന്തിരാജ്, ജയ്സൺ ജോസഫ് എന്നിവർ സംസാരിച്ചു. ●

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പുറപ്പെടുവിച്ച പ്രസ്താവനകൾ

### റെയിൽവെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തെ തടയാൻ ശക്തമായ സമരം വളർത്തിയെടുക്കുക

**ഭ**രണ മുതലാളിവർഗ്ഗത്തിന്റെ താൽപ്പര്യാർത്ഥം ഇന്ത്യൻ റെയിൽവെ സ്വകാര്യവൽക്കരിക്കാനുള്ള ഊർജ്ജിത നടപടികളുടെ ശുപാർശയുമായി നരേന്ദ്രമോദിക്ക് പ്രിയങ്കരനായ സാമ്പത്തിക ശാസ്ത്രജ്ഞൻ വിവേക് ദേബ്റായ് തലവനായുള്ള കമ്മിറ്റി മുന്നോട്ടുവന്നിരിക്കുന്നത് ഏറെ അപലപനീയമാണ്. ഇതുവരെ, ജനങ്ങളെ അറിയിക്കാതെ പിപിപി മാർഗ്ഗത്തിൽ, വൻതോതിലുള്ള ഔട്ട്സോഴ്സിംഗ് പോലെയുള്ള നടപടികളിലൂടെ, ഗോപ്യമായി, ഘട്ടംഘട്ടമായുള്ള സ്വകാര്യവൽക്കരണം നടന്നുകൊണ്ടിരിക്കുകയായിരുന്നു. എന്നാലിപ്പോൾ റെയിൽവേയുടെ നടത്തിപ്പ് സ്വകാര്യമുതലാളിമാർക്ക് കൈമാറാനുള്ള ബിജെപി സർക്കാരിന്റെ ഹീനപദ്ധതി വെളിച്ചത്തായിരിക്കുകയാണ്. ഇതിന് ഉപകരിക്കുംവിധം ഒരു അനുകൂല റിപ്പോർട്ട് തരപ്പെടുത്തുന്നതിനായി വിധേയന്മാരുടെ ഒരു കമ്മിറ്റി പടച്ചുണ്ടാക്കിയിരിക്കുകയാണ്.

ലോകത്തെതന്നെ ഏറ്റവും വലിയ റെയിൽവെകളിലൊന്നായ ഇന്ത്യൻ റെയിൽവെ ഇന്ത്യയിലെ സാധാരണക്കാരുടെ പ്രയത്നവും ജനങ്ങളുടെ നികുതിപ്പണവും കൊണ്ട് പടുത്തയർത്തപ്പെട്ടതും നാടിന്റെ സ്വത്തുമാണ്. നാടിന്റെ വിലപ്പെട്ട ഈ സമ്പത്ത് സ്വകാര്യമൂലധന ശക്തികൾക്ക് കൈമാറുന്നത് അനുവദിക്കാനും അംഗീകരിക്കാനുമാവില്ല.

രാജ്യവ്യാപകമായ സമരം വികസിപ്പിച്ചെടുത്തുകൊണ്ട് ഈ ഹീനനീക്കത്തിന് അടിയന്തിരമായി തടയിടേണ്ടതുണ്ട്. ഇതിന് സന്നദ്ധരായി മുന്നോട്ടുവരാൻ മുഴുവൻ ജനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. തികച്ചും ജനവിരുദ്ധമായ ഈ തീരുമാനം പിൻവലിപ്പിക്കാനായി ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ ഉതകുംവിധം വീറുറ്റ തൊഴിലാളിപ്രക്ഷോഭം സംഘടിപ്പിക്കാൻ എല്ലാ ട്രേഡ്‌യൂണിയനുകളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ●

### അഴിമതിക്കാരൻ ലളിത് മോദിക്ക് യാത്രാരേഖകൾ ഏർപ്പാടുചെയ്തു കൊടുത്ത സുഷമാ സ്വരാജ് ഉടൻ കേന്ദ്രമന്ത്രിസ്ഥാനം രാജിവയ്ക്കുക

**കേ**ന്ദ്ര അന്വേഷണ ഏജൻസിയായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് പിടികൊടുക്കാതെ വിദേശത്തേയ്ക്ക് കടന്ന അഴിമതി ആരോപണ വിധേയനായ മുൻ ഐപിഎൽ ചെയർമാൻ ലളിത് മോദിക്ക്, ഔദ്യോഗിക സ്ഥാനം ദുരുപയോഗം ചെയ്ത് യാത്രാരേഖകൾ തരപ്പെടുത്തിക്കൊടുക്കാൻ തീർത്തും നിയമവിരുദ്ധമായി ബ്രിട്ടീഷ് ഗവൺമെന്റുമായി ഇടപാടുകൾ നടത്തിയ വിദേശകാര്യമന്ത്രി ശ്രീമതി സുഷമാ സ്വരാജിന്റെ അങ്ങേയറ്റം ഹീനമായ നടപടിയെ ഞങ്ങൾ ശക്തിയായി അപലപിക്കുന്നു. സംശുദ്ധവും അഴിമതി രഹിതവുമായ സമൂഹമെന്ന ആർഎസ്എസ്-ബിജെപി അവകാശവാദം എത്രത്തോളം പൊള്ളയും വഞ്ചനാപരവുമാണെന്ന് ഈ നടപടി ഒരിക്കൽകൂടി വെളിവാക്കുന്നു. ഒരു രാജ്യത്തെ ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ധാർമ്മികത, സദാചാരം തുടങ്ങിയ തത്വങ്ങളെ സുഷമ സ്വരാജിനെപ്പോലുള്ള ബൂർഷ്വാ ഭരണകർത്താക്കൾ എങ്ങനെ ചവുട്ടിത്തേയ്ക്കുന്നു എന്നതും ഇത് വ്യക്തമാക്കുന്നുണ്ട്. അതിനാൽ സുഷമ സ്വരാജ് ഉടനടി മന്ത്രിസ്ഥാനം രാജിവയ്ക്കണമെന്നും ഈ വിഷയത്തിൽ അന്വേഷണം നടത്തി സത്യം പുറത്തുകൊണ്ടുവരുന്നതിനായി ഒരു ഉന്നതതല ജുഡീഷ്യൽ കമ്മിറ്റിക്ക് കേന്ദ്രസർക്കാർ രൂപം നൽകണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. ●

## അഴിമതിക്കാരായ ബിജെപി മന്ത്രിമാരെ പുറത്താക്കണമെന്നാവശ്യപ്പെട്ട്

# വിദ്യാർത്ഥി-യുവജന മാർച്ച്




എഐഡിവൈഒ-എഐഡിഎസ്ഒ സംയുക്താഭിമുഖ്യത്തിൽ ഏജീസ് ഓഫീസ്മാർച്ച്

**അ**ഴിമതിക്കാരും തട്ടിപ്പുകാരുമായ സുഷമാ സ്വരാജ്, സ്മൃതി ഇറാനി, രാജസ്ഥാൻ മുഖ്യമന്ത്രി വസുന്ധരാ രാജെ സിന്ധ്യ എന്നിവരെ മന്ത്രിസ്ഥാനങ്ങളിൽ നിന്നും പുറത്താക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ദേശീയതലത്തിലുള്ള പ്രതിഷേധപരിപാടികളുടെ ഭാഗമായി എഐഡിഎസ്ഒ-എഐഡിവൈഒ സംഘടനകൾ സംയുക്തമായി ഏജീസ് ഓഫീസ് മാർച്ച് നടത്തി.

എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം ജി.എസ്.പത്മകുമാർ മാർച്ച് ഉദ്ഘാടനം ചെയ്തു.'രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾ ലംഘിച്ച് കുറ്റവാളികളായ മന്ത്രിമാരെ സംരക്ഷിക്കുന്ന നിലപാട് ഉടനടി തിരുത്തണമെന്ന് അദ്ദേഹം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു. വ്യാജബിരുദങ്ങൾ സമ്പാദിച്ച് രാജ്യത്തെ വഞ്ചിച്ച മന്ത്രിമാരെ അധികാരത്തിൽ തുടരാൻ അനുവദിക്കുകവഴി രാജ്യത്ത് അരാജകത്വം സൃഷ്ടിക്കുകയാണ് നരേന്ദ്രമോദി ചെയ്യുന്നത്. ഇത് രാജ്യത്ത് ഫാസിസത്തിന്റെ കടന്നുവരവിന് ആക്കം വർദ്ധിപ്പിക്കുമെന്നും അദ്ദേഹം ഉദ്ഘാടനപ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു അദ്ധ്യക്ഷത വഹിച്ചു.

എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി ബിനുബേബി, എഐഡിവൈഒ നേതാക്കളായ പി.പി.പ്രശാന്ത്കുമാർ, ആർ.ബിജു, എഐഡിഎസ്ഒ നേതാക്കളായ കെ.പി. സാൽവിൻ, എസ്.ശ്രീകുമാർ, എ.ഷൈജു എന്നിവർ പ്രസംഗിച്ചു. ഇ.വി.പ്രകാശ്, എം.കെ.ഷെഹസാദ്, ആർ.അപർണ്ണ, രശ്മി രവി, വിദ്യാ ആർ.ശേഖർ എന്നിവർ മാർച്ചിന് നേതൃത്വം നൽകി. ●

## ദേശീയ ആരോഗ്യനയത്തിനെതിരെ പ്രതിഷേധ കൂട്ടായ്മ



**ദേ**ശീയ ആരോഗ്യനയത്തിനെതിരെ എഐഡിവൈഒയുടെയും എഐഎംഎസ്എസിന്റെയും സംയുക്താഭിമുഖ്യത്തിൽ കൊടുങ്ങല്ലൂരിൽ സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി പി.എസ്.ബാബു ഉദ്ഘാടനം ചെയ്തു. സി.കെ. ശിവദാസൻ, എം.പ്രദീപൻ, സുജ ആന്റണി, കെ.വി.രാജീവൻ എന്നിവരും പ്രസംഗിച്ചു. ●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.